YUKTHIREKHA MALAYALAM MONTHLY
നവംബർ 2025

# യുക്തിരേഖ

TO PROMOTE THE FUNDAMENTAL DUTIES OF INDIAN CONSTITUTION



## നെഹ്റുവിന്റെ ഇന്ത്യയും ശാസ്ത്രബോധവും






## വിവാഹിതരായി

കേരള യുക്തിവാദി സംഘം മുകുന്ദപുരം (തൃശൂർ) താലൂക്ക് അംഗങ്ങളായ കൊറ്റാനല്ലൂർ ഇടപ്പള്ളി വീട്ടിൽ അഗസ്റ്റിന്റെയും എമിലിയുടെയും മകൻ ആദർശം അരിപ്പാല നരിക്കുളം വീട്ടിൽ ജോസഫിന്റെയും നൈസിയുടെയും മകൾ ജെസ്നയും തമ്മിൽ മാതാചാരങ്ങളൊന്നുമില്ലാതെ സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം വിവാഹിതരായി.

യുക്തിയേന്തി മനുഷ്യന്റെ
ബുദ്ധിശക്തി ഖനിച്ചതിൽ
ലഭിച്ചതല്ലാതില്ലൊന്നും
ലോകവിജ്ഞാന രാശിയിൽ

# യുക്തിരേഖ

കേരള യുക്തിവാദി സംഘം മുഖമാസിക


437

2025 നവംബർ
● വാല്യം 40 ● ലക്കം 3

എൽത്തുരുത്ത് പി ഒ, തൃശൂർ -680 611
0487-2964320, 9447518170



ഫൗണ്ടർ എഡിറ്റർ
പവനൻ

എഡിറ്റർ
ഇരിങ്ങൽ കൃഷ്ണൻ 9447518170

എഡിറ്റോറിയൽ ബോർഡ്
ഗംഗൻ അഴീക്കോട് 9847188757
അഡ്വ.കെ എൻ അനിൽകുമാർ 9846126080
സി.ചന്ദ്രബാബു 9446389848
കൈനകരി വിക്രമൻ 9447655718
രാജഗോപാൽ വാകത്താനം

മാനേജർ
അഡ്വ.കെ.ഡി.ഉഷ 9846393553

സർക്കുലേഷൻ മാനേജർ
സന്തോഷ് മാനവം 9446909743

മാനേജിങ് കമ്മറ്റി
ടി.കെ ശക്തിധരൻ
കെ.എസ് സുധാകരൻ
എൻ.എൻ.ശിവദാസ്
കെ.വി.വിദ്യാധരൻ
എ.കെ.അശോക് കുമാർ
കെ.ഉണ്ണികൃഷ്ണൻ
ധനുവച്ചപുരം സുകുമാരൻ
മാത്യു വി.ജോൺ
ശൂരനാട് ഗോപൻ
എസ.സുധി

ഉപദേശക സമിതി
ഡോ. ഇക്ബാൽ
ഡോ.ധർമ്മരാജ് അടാട്ട്
ഡോ. അജയ് എസ് ശേഖർ
കുരീപ്പുഴ ശ്രീകുമാർ
സി രാമചന്ദ്രൻ



എഡിറ്റോറിയൽ ഓഫീസ്
മാനവ്
മാപ്പിള്ളി കോളേജ് പി ഒ
കോഴിക്കോട് 673102
yukthirekha1983@gmail.com



*Our Bank*
A/C No.000 7073 000 000 818
SIB,Ayyanthol
IFSC:SIBL000 000 7
9400155489


## ഉള്ളടക്കം



26 നെഹ്റുവിന്റെ ഇന്ത്യയും ശാസ്ത്രബോധവും | ഇരിങ്ങൽ കൃഷ്ണൻ


4 എഡിറ്റോറിയൽ

10 മലൈ കള്ളന്മാർ
വാഴു മല
ശബരിമല
പി ടി രാജീവ്

14 സാംസ്കാരിക
വിമർശനവും
പവനന്റെ ജീവിതവും
ഇ ഡി ഡേവീസ്

19 അന്ധവിശ്വാസ സംരക്ഷണ
യാത്രകൾ
കുരീപ്പുഴ ശ്രീകുമാർ

20 രോഗം അപരനിലോ?
ത്രേസ്യ എൻ ജോൺ

22 മനുഷ്യസ്നേഹിയയായ
ആനന്ദ സ്വാമി തീർത്ഥൻ
ബിജു സുമംഗല

25 മതമദം
രവീന്ദ്രൻ നീലേശ്വരം

26 നെഹ്റുവിന്റെ ഇന്ത്യയും
ശാസ്ത്രബോധവും
ഇരിങ്ങൽ കൃഷ്ണൻ

30 വൈദ്യശാസ്ത്രത്തിനുള്ള
2025 ലെ നൊബേൽ സമ്മാനം
ഡോ.എൻ രാമാനുജൻ

32 കഥ - വിശ്വാസി / അവിശ്വാസി
വി വി ബാലൻ

34 ശുദ്ധമായ മാലിന്യങ്ങളും
അയിത്ത കൽപ്പനകളും
എം ജി എസ്

38 ആരാണ് എന്താണ് ഞാൻ?
രാജു വാടാനപ്പള്ളി

42 നിരീശ്വരവാദികളെ
വളർത്തിക്കൊണ്ടുവരാൻ
ശ്രമിക്കാം
ഡോ.യു നന്ദകുമാർ

44 സനാതനിയുടെ ചെറുപ്പേറും
ജാതിയിൽ ജീവിതം ഹോമിച്ച
പുരൺ കുമാർ ഐ പി എസും
ധനുവച്ചപുരം സുകുമാരൻ

47 കവിത -
ഡോഗ്സ് ഓൺ കൺട്രി
പി വി വിശ്വംഭരൻ മഹിത

48 മുസ്ലീം തട്ടവും ഹിജാബും
നിക്കാബും
ഡോ.റഷീദ് പാനൂർ

54 സംഘടനാ രംഗം




# പി എം ശ്രീയും വീണ്ടു വിചാരവും

കേരള നവോത്ഥാനത്തിന്റെ ചാലക ശക്തിയായിരുന്നു വിദ്യാഭ്യാസം. വരേണ്യ വർഗ്ഗത്തിന്റെ കുത്തകയായിരുന്ന വിദ്യാഭ്യാസത്തെ സാധാരണക്കാരിലേക്ക് കൊണ്ടുവരുവാൻ നാരായണഗുരു, അയ്യങ്കാളി തുടങ്ങിയവരുടെ ശക്തമായ ഇടപെടൽ ഉണ്ടായിരുന്നു. കേരളപ്പിറവിയോടെ പുതിയ വിദ്യാഭ്യാസ നയങ്ങൾ നടപ്പിലാക്കി പിന്നീട് കാലാനുസൃതമായ മാറ്റങ്ങളും ഉണ്ടായി. മുണ്ടശ്ശേരി വിദ്യാഭ്യാസ മന്ത്രി ആയതോടെ സാർത്ഥകമായ മാറ്റങ്ങൾ പിന്നെയും ഉണ്ടായി. കേന്ദ്രത്തിൽ നെഹ്റുവും അബ്ദുൽ കലാം ആസാദും ദീർഘവീക്ഷണത്തോടെ അത് രൂപപ്പെടുത്തിയിരുന്നു. 1968 ൽ ഇന്ദിരാഗാന്ധിയുടെ കാലത്ത് ഒന്നാം ദേശീയ വിദ്യാഭ്യാസ കമ്മീഷൻ രൂപവൽക്കരിച്ചു. അന്നത്തെ വിദ്യാഭ്യാസ മന്ത്രി എം സി ചഗ്ളയുടെയും ഡി.എസ്.കോത്താരിയുടെയും നേതൃത്വത്തിലായിരുന്നു ആ കമ്മീഷൻ നടപ്പിലായത്. മഹാത്മജിയുടെ വാർധാ വിദ്യാഭ്യാസ പദ്ധതി ഡോ. രാധാകൃഷ്ണന്റെ സർവ്വകലാശാലാ പദ്ധതി 1950ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ നയം, 1953 ലെ സെക്കൻഡറി വിദ്യാഭ്യാസ കമ്മീഷൻ തുടങ്ങിയവയെല്ലാം കൂലംകഷമായി പഠിച്ചതിനുശേഷം തയ്യാറാക്കിയതായിരുന്നു ഒന്നാം ദേശീയ വിദ്യാഭ്യാസ കമ്മീഷൻ. പതിനായിരക്കണക്കിനു വിദ്യാർത്ഥികളോടും അധ്യാപകരോടും വിദ്യാഭ്യാസ വിദഗ്ധരോടും കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. 1986 രാജീവ് ഗാന്ധിയുടെ കാലത്ത് ര

ണ്ടാം വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിച്ചപ്പോൾ മനുഷ്യ വിഭവശേഷിയാണ് ലക്ഷ്യമിട്ടത്. അന്ന് സംസ്ഥാനങ്ങളുടെ സ്വതന്ത്ര നിലപാടുകളും അംഗീകരിച്ചിരുന്നു. 2020 വരെ ഈ വിദ്യാഭ്യാസ നയമാണ് ഇന്ത്യ ഒട്ടുക്കും നടപ്പിലാക്കിയത്  എന്നാൽ 2020ൽ ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ച കേന്ദ്രസർക്കാർ പി എം ശ്രീ വിദ്യാഭ്യാസ പദ്ധതി എന്ന പേരിൽ രഹസ്യാത്മകവും ഏകാധിപത്യപരവുമായ രീതിയിൽ പ്രഖ്യാപനം നടത്തി. അതാകട്ടെ പാർലമെൻറിനകത്തോ പുറത്തോ ചർച്ച ചെയ്തിരുന്നില്ല. ഹിന്ദു രാഷ്ട്ര സംസ്ഥാപനം എന്ന ഒറ്റ ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആർ എസ് എസ് ന്റെ പുസ്തകം എഴുതുന്ന ദീനനാഥ് ബദ്ര തയ്യാറാക്കിയ പാഠ്യപദ്ധതി അന്നത്തെ വിദ്യാഭ്യാസ മന്ത്രി സ്മൃതി ഇറാനിക്ക് സമർപ്പിക്കുകയും അവർ അത് ചഇഋഞഠ  ക്ക് കൈമാറുകയും ഹിന്ദുത്വ അജണ്ട നടപ്പാക്കുന്ന രീതിയിൽ സിലബസ് ക്രമീകരിക്കുകയും ചെയ്തു.  അതിന്റെ ഫലമായി ചരിത്രം, ശാസ്ത്രം, ഭരണഘടന എന്നിവയെല്ലാം വികലമാക്കി പാഠപുസ്തകം തയ്യാറാക്കി. പി എം ഫണ്ട് വാങ്ങിയിരുന്നുവെങ്കിൽ ഈ അജണ്ടയ്ക്ക് വഴങ്ങേണ്ടി വരുമായിരുന്നു. 10+2 എന്ന ഇപ്പോഴത്തെ ഘടന മാറ്റി 5 + 3 + 3 +4 എന്ന ഘടനയിലേക്ക് ക്ലാസ് സമ്പ്രദായവും മാറ്റേണ്ടി വരുമായിരുന്നു. അതിന്റെ പിറകിലുള്ള ഗൂഢവും സങ്കീർണവുമായ പ്രശ്നങ്ങൾ നമ്മുടെ വിദ്യാഭ്യാസത്തെയും കുഞ്ഞുങ്ങളെയും വേട്ടയാടുമായിരുന്നു ലോകനിലവാരത്തിലുള്ള നമ്മുടെ വിദ്യാഭ്യാസം പറ്റെ കൂപ്പുകുത്തുമായിരുന്നു. ഒടുവിൽ ആർ എസ് എസ് ന്റെ ചട്ടുകമായി പരിണമിക്കുമായിരുന്നു കേരള സർക്കാർ തന്നെ ഈ പദ്ധതിയുടെ ന്യൂനതകൾ കേരള പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നുവല്ലോ അതുകൊണ്ടായിരുന്നു ഘടകകക്ഷികളോടു പോലും ആലോചിക്കാതെയുള്ള 'ഒപ്പിടിയിൽ' നടപടി കേരളത്തിൽ എതിർപ്പിന്റെ ഭൂകമ്പം ഉണ്ടാക്കിയത് . ഒടുവിൽ സിപിഎം പാർട്ടിക്കുണ്ടായ വീണ്ടുവിചാരം ആ പാർട്ടിയുടെ ജനാധിപത്യ ബോധത്തെ തിളക്കമുള്ളതാക്കുന്നു, ഒപ്പം സിപിഐയുടെ ആദർശ നിഷ്ഠക്കും.

# കത്തുകൾ




പ്രിയപ്പെട്ട പത്രാധിപർ,

## വിദ്യാസമ്പരുടെ അന്ധവിശ്വാസങ്ങൾ

**സി.രാമചന്ദ്രൻ**
**9995820684**

കഴിഞ്ഞലക്കം യുക്തിരേഖ (വാല്യം 40 ലക്കം 2 ഒക്ടോബർ) അതിന്റെ ഉള്ളടക്കം കൊണ്ട്, മൊത്തത്തിൽ സമ്പുഷ്ടമായിരുന്നു. വിദ്യാസമ്പരുടെ അന്ധവിശ്വാസങ്ങൾ എ വിഷയത്തെക്കുറിച്ചുമാത്രം രണ്ടു വാക്ക് എഴുതാമെന്നു കരുതി.

ഐഎസ് ആറോയിലെ ശാസ്ത്രജ്ഞന്മാരുടെ അന്ധവിശ്വാസത്തെക്കുറിച്ച് ധാരാളം എഴുതപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്ഥാപനത്തിൽ അന്ധവിശ്വസമില്ലാതെ ശാസ്ത്രയുക്തിയിൽ ചിന്തിക്കുവരും അനവധിപേരുണ്ട്.വിവാദങ്ങളിൽ ഉൾപ്പെടാതെ അവർ നിശബ്ദരായി കർമ്മനിരതരാകുന്നു എന്നു മാത്രം.

ഒരു റോക്കറ്റ് വിക്ഷേപിക്കുമ്പോൾ ഗണിതം അതിപ്രധാനമാണ്. ഇന്ധനത്തിന്റെ അളവ്, പ്രവർത്തനസമയം, വാഹനത്തിന്റെ ഘടന ലക്ഷ്യത്തിലേയ്ക്കുള്ള ദൂരം, ഭൂമിയുടെ അച്ചുതണ്ടിലുള്ള വേഗത, ഭൂമി സൂര്യനെ വലം വയ്ക്കു വേഗത,ലക്ഷ്യം ചന്ദ്രനാണെങ്കിൽ ഇപ്രകാരമുള്ള ചന്ദ്രന്റെ വേഗതകൾ,ചന്ദ്രനിലേക്കുള്ള ദൂരം-ഇതെല്ലാം കൃത്യമായാലേ ദൗത്യം വിജയിക്കുകയുള്ളു. ഗണിതം കൃത്യമായാൽ വിക്ഷേപണം തീർച്ചയായും വിജയിക്കും. തിരുപ്പതി ഭഗവാൻ കടാക്ഷിക്കണമെില്ല. ഗണിതം തെറ്റിയാൽ തിരുപ്പതി ഭഗവാൻ കടാക്ഷിച്ചതുകൊണ്ടും ഫലമില്ല.സംഗതി കടലിൽ വീഴും.

ഇന്ത്യയിലെ ശാസ്ത്രജ്ഞന്മാരെ മാത്രം വിമർശിക്കേണ്ടതില്ല.അമേരിക്കയിലെ 'നാസയിലെ' പ്രധാനിയും,അപ്പോളോ പദ്ധതിയുടെ സാറ്റേ വി റോക്കറ്റിന്റെ ശില്പിയുമായിരു വെർണർ വോബ്രൗ യുക്തിചിന്തയിൽ നി് എവാഞ്ചലിക്കനായി മാറിയ മഹാനാണ്.

അശാസ്ത്രിയമായ ഇത്തരം ചിന്തകളെ ശാസ്ത്രീയമായി വിലയിരുത്തിയിട്ടുള്ളത് പ്രകാരമാണ്. അനിശ്ചിതത്വം നിലനില്ക്കുന്ന ഏതുരംഗത്തും പ്രവർത്തിക്കുവരുടെ മസ്തിഷ്കത്തിന്റെ പ്രശാന്തതയ്ക്കായിട്ടുള്ള അവലംബമാണ് ദൈവം. ജ്യോതിഷവും ശകുനങ്ങളും അതിന്റെ തുടർ വ്യാപനങ്ങളാണ്. ആദിമ മനുഷ്യന്റെ മസ്തിഷ്കത്തിൽ രൂപപ്പെട്ട ഇത്തരം ശമനോപാധികൾ ഇന്നും കുടലിലെ അപ്പന്റിക്സുപോലെ, ആധുനിക മനുഷ്യമസ്തിഷ്കത്തിലും ആവശ്യമില്ലെങ്കിലും തുടരുന്നു. സിനിമാ നിർമ്മാണമേഖലയിലും, ബിസിനസ് രംഗത്തും മറ്റുമുള്ള ഇത്തരം ആളുകൾ ചിലവേറിയ വഴിപാടുകളും പ്രായശ്ചിത്ത കർമ്മങ്ങളും നടത്തിവരുന്നു എത് നാം നിത്യേന കാണുതാണല്ലോ. മുതൽ മുടക്കുതിരിച്ചു കിട്ടുമോ എന്ന വെപ്രാളമാണതിനു കാരണം.

ശാസ്ത്രത്തേയും ശാസ്ത്രജ്ഞനേയും വേറിട്ടു തന്നെ നാം മനസ്സിലാക്കണം. ശാസ്ത്രത്തിന് വികാരങ്ങളോ വിശ്വാസങ്ങളോ പക്ഷപാതങ്ങളോ ഇല്ല. ചുരുക്കത്തിൽ പറഞ്ഞാൽ ശാസ്ത്രം നർമ്മമാണ്. എന്നാൽ ഒരു മനുഷ്യനായ ശാസ്ത്രജ്ഞന് വികാരങ്ങളും വിചാരങ്ങളും കൂടിക്കുഴയുന്ന ഒരു മസ്തിഷ്കമുണ്ട്. ശാസ്ത്രബോധം എത്, വിചാരങ്ങളേയും വിശ്വാസങ്ങളേയും മറ്റും വസ്തുതകളിൽ നിന്നു വേർതിരിച്ചെടുക്കുന്ന അരിപ്പയാണ്. വലക്കണ്ണികൾ വലുതാകുന്തോറും അരിപ്പയ്ക്ക് പ്രയോജനം കുറയും. ആത്മനിഷ്ഠതയെ കഴിയുന്നത്ര ഒഴിവാക്കുക എന്നതാണ് ശാസ്ത്രബോധത്തിന്റെ അടിസ്ഥാനം. യുക്തി, ബുദ്ധി, തെളിവ് എന്നിവ കൊണ്ടുള്ള വലയാണ് അരിപ്പയുടേത്.

തെളിവുകൾ വസ്തുതയെ വെളിവാക്കും എന്നതത്വത്തിൽ പ്രവർത്തിക്കുന്ന കുറ്റാന്വേഷണ വകുപ്പിന്റെ തലപ്പത്തിരുന്നയാൾ, യാതൊരുതെളിവുകളുടെയും പിൻബലമില്ലാത്ത ജല്പനങ്ങൾ നൽകുന്നതെന്തു കൊണ്ട് എന്നു നാം അത്ഭുതപ്പെടും. രണ്ടു ലക്ഷം വർഷങ്ങളുടെയെങ്കിലും ചരിത്രമുള്ള ഹോമോസാപിയൻ എന്ന നരവംശ പൂർവ്വികരുടെ അനിശ്ചിതത്വം നിറഞ്ഞ ജീവിതത്തിൽ അതിജീവനത്തിനുതകിയിരുന്ന അന്ധവിശ്വസപ്രവണത ഇന്നത്തെ ആധുനിക മനുഷ്യന്റെ മസ്തിഷ്കത്തിലും നിലനില്ക്കുന്നുണ്ട്. സംഘടിത മതങ്ങളെ പതിനായിരത്തിൽ താഴെ വർഷം മുമ്പു മുതലുള്ള അന്ധവിശ്വാസങ്ങളും സ്വാധീനിച്ചിട്ടുണ്ട്. വിശ്വാസങ്ങളും പരിണാമവിധേയമാണ്.

നാം നമ്മുടെ കണ്ണുതുറുന്ന് കാണുന്ന ലോകത്തെ വസ്തുനിഷ്ടമായി നോക്കിക്കാണലും അതിന്റെ നിയമങ്ങളെ നിർദ്ധാരണം ചെയ്യലുമാണ് ശാസ്ത്രം. എന്നാൽ നാം കണ്ണടച്ചാലും നമുക്കുകാണാവുന്ന ഭാവനാലോകത്തിന് നിയമങ്ങളൊന്നും ബാധകമല്ല. ആ ലോകത്തിലാണ് കുതിരകൾ പറക്കുകയും മാലാഖമാർ ചിറകടിക്കുകയും ഗന്ധർവ്വൻമാർ പാടുകയും, ദൈവം നിലനില്ക്കുകയും ചെയ്യുന്നത്. കണ്ണുതുറന്നാൽ കാണുന്ന ലോകത്തിൽ ഇതൊന്നുമില്ല.

കണ്ണുതുറന്നാൽ കാണാവുന്ന ലോകവും നാം കാണുന്നതുപോലെയല്ല എന്നതാണ് വാസ്തവം. ഭൂമിയുടെ അച്ചുതണ്ടിലെ കറക്കവും അതിന്റെ സൂര്യനെ ചുറ്റിയുള്ള സഞ്ചാരവും മറ്റും നമുക്ക് അനുഭവവേദ്യമല്ല.നമ്മെ സംബന്ധിച്ചിടത്തോളം ഭൂമിനിശ്ചലവും അണ്ഡകടാഹം ഭൂമിയെ ചുറ്റുകയുമാണ്. പ്രപഞ്ചത്തിന്റെ ശരിയായ ചിത്രം വരച്ചു കാണിച്ച ആദ്യകാല ശാസ്ത്രജ്ഞന്മാർ വിചാരണകൾക്കു വിധേയരാകുകയും ശിക്ഷിക്കപ്പെടുകയുമായിരുന്നു. സാമി നിശ്ചാലാനന്ദഗിരി നിശ്ചലനല്ല.

പൊതുവേ മനുഷ്യൻ ജനിച്ചു വീഴുന്നത് ഏതെങ്കിലും ഒരുമതത്തിലായിരിക്കും. ബാല്യകാലത്തിലേ ലഭിക്കുന്ന മതക്കഥകൾ തലച്ചോറിൽ ആഴത്തിൽ പതിയും. തലച്ചോറുവികസിച്ചാലും അതുമായുകയില്ല. പുതിയ അറിവുകൾ തലച്ചോറിലേയ്ക്കു വർഷിച്ചാലും പഴയതു പലതും മാഞ്ഞുപോകുകയില്ല. പഴയ വിശ്വാസങ്ങളെ സംരക്ഷിക്കുവാൻ മസ്തിഷ്കം ശ്രമിക്കും.

വസ്തു നിഷ്ഠയാഥാത്ഥ്യർങ്ങളിലേയ്ക്കും യുക്തിയിലേയ്ക്കും മനസ്സിനെ നയിക്കുവാൻ കൂടുതൽ ഊർജ്ജം ഉപയോഗിക്കേണ്ടിവരും. മസ്തിഷ്കത്തിന്റെയും ശരീരത്തിന്റെയും പൊതു താൽപര്യം, കുറവ് ഊർജ്ജം ഉപയോഗിക്കുക എന്നതാണ്. ഭൂരിപക്ഷവും ശാസ്ത്രബോധമില്ലാത്തവരായി കാണുവാൻ കാരണവുമതാണ്.

ഐഎസ്ആറോയുടെ ചെയർമാനായിരുന്ന ഒരു ശാസ്ത്രജ്ഞൻ തന്റെ യാഥാസ്ഥിതിക ചിന്തയെ ന്യായീകരിച്ചതിങ്ങനെയാണ് 'എനിക്ക് കണ്ടുപിടിക്കാൻ കഴിയാത്ത ഒന്ന് നിലനില്ക്കുില്ലെന്ന് സ്വയം ഉറപ്പിച്ച് തർക്കിക്കുന്നില്ലെങ്കിൽ അത് ഒരു പെർഫെക്ട്‌ലിസയന്റിഫിക് നിലപാടാണ് ഇല്ല എന്നതും വിശ്വാസമാണ്, ഉണ്ട് എന്നതും വിശ്വാസമാണ്. രണ്ടു പേരും ശഠിക്കുകയാണ് '. ഇതാണ് നിലപാടെങ്കിൽ ആർക്കും എന്തും പറയാമെന്നതാകും സ്ഥിതി, ഡിങ്കൻ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.ഇല്ല എു നിങ്ങൾ വിശ്വസിക്കുന്നു. അതാണോ ശാസ്ത്രബോധം. ഇനി പ്രപഞ്ചത്തിന് ഒരു സ്വഷ്ടവ് ഉണ്ടെന്ന് വാദത്തിനു സമ്മതിച്ചാൽത്തന്നെ അയാൾ പൂജാവിധികളിൽ ആകൃഷ്ടനാകുന്ന തിരുപ്പതിഭഗവാനോ ,തേങ്ങകൾ കൊണ്ടു തൃപ്തനാകുന്ന ഗണപതിയോ,തുലാഭാരത്തിലൂടെ ശർക്കരയോ പൂവ്വമ്പഴമോ ലഭിക്കുമെന്നു കരുതു ഗുരുവായൂരപ്പനോ ആയേക്കമെന്നു ധരിക്കുത് വങ്കത്തമാണ്. ഒരു ദൈവമുണ്ടെങ്കിൽ അതിനെത്തന്നെ അവഹേളിക്കുന്ന ഓണ്ണെന്ന് കരുതാൻ വേണ്ടും ബോധമില്ലാത്ത അല്പന്മാരാണോ ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ? ഐഎസ് ആറോയുടെ ഒരു മുൻ ചെയർമാൻ പറഞ്ഞത് അദ്ദേഹത്തിന് സ്ഥാനലബ്ധി ലഭിച്ചത് ഗുരുവായൂരപ്പന്റെ അനുഗ്രഹത്താലാണൊണ്.

ലോകത്തിലെ ശാസ്ത്രജ്ഞന്മാരധികവും അജ്ഞേയവാദികളാണ്. ദൈവം ഉണ്ടോ ഇല്ലയോ എന്നത് അവർക്കൊരു വിഷയമല്ല. അവർ അവരുടേതായ വഴികളിൽ ഗവേഷണം ചെയ്യുന്നു. പ്രപഞ്ചത്തിലെ സൂക്ഷമകണികകൾ മുതൽ സ്ഥൂല ഗാലക്സികൾ വരെ പഠനവിഷയമാണ്. നമ്മുടെ അറിവ് പരിമിതമാണ്. അറിവു വിപുലീകരിക്കുക എന്നതാണ് ഗവേഷണ സ്ഥാപനങ്ങളും ഗ്രന്ഥപ്പുരകളും നിർവഹിക്കുന്നത്.

സാമൂഹ്യ വിഷയങ്ങളെ ശാസ്ത്രീയമായി സമീപിക്കുക എന്നത് ആധുനിക രീതി ശാസ്ത്രമാണ്.മസ്തിഷ്കത്തിനു പുറത്തുള്ള പ്രപഞ്ചത്തിന്റെ നിയമങ്ങൾ മനുഷ്യനു പരിഷ്കരിക്കുവാനാവില്ല. എന്നാൽ മനുഷ്യന്റെ മസ്തിഷ്ക സൃഷ്ടിയായ സാമൂഹ്യശാസ്ത്ര വിഷയങ്ങളുടെ നിയമങ്ങൾ പരിഷ്കരിക്കാനാവും, കാരണം അത് സമൂഹ്യ സൃഷ്ടിയാണ് എന്നതു തന്നെ. രാഷ്ട്രീയരംഗവും സാമ്പത്തികരംഗവും കലാ-കായികരംഗവും നിയമപരിഷ്കരണങ്ങൾക്കു വഴങ്ങുന്നവയാണ്. മതത്തെയും ദൈവത്തയും സംബന്ധിച്ച നിയമങ്ങളും പരിഷ്കരണവിധേയമാണ്.അതുകൊണ്ടാണ് അത് മനുഷ്യന്റെ മസ്തിഷ്ക സൃഷ്ടിയാണ് നമുക്ക് തീർത്തും പറയാനാകുന്നത്.

## ആകെ മാറിയിരിക്കുന്നു.

സർ, മാസിക ആകെ മാറിയിരിക്കുന്നു. വളരെ നല്ലത്. നിൻറെ പിന്നിലുള്ള മുഴുവൻ പ്രവർത്തകരെയും അഭിനന്ദിക്കുന്നു. കൂടുതൽ പേജുകൾ വ്യത്യസ്തങ്ങളായ ലേഖനങ്ങൾ എല്ലാം ഗംഭീരം. ഇത് തുടരണം. ചെറുതെങ്കിലും ഡോ. മഹേശ്വരൻ നായരുടെ ലേഖനം നന്നായി. യോഗ ഒരു ആത്മീയ പരിപാടിയായിട്ടാണ് കേട്ടിട്ടുള്ളത് എല്ലാം. ഇങ്ങനെ ഒരു വശം ഉണ്ടെങ്കിൽ അത് പഠിക്കുകയും പ്രചരിപ്പിക്കേണ്ടതും വളരെ അത്യാവശ്യം തന്നെ. ഇങ്ങനെ വേറിട്ട് ചിന്തിക്കുന്നവരുടെ ലേഖനങ്ങൾ എല്ലാ മാസവും വേണം. സംഘടന രംഗത്തിന് കൂടുതൽ സ്ഥലം അനുവദിച്ചിട്ടുണ്ട്. അത് സ്വാഗതാർഹവും അഭിനന്ദനീയവുമാണ്. എന്നാൽ ഇതു പോരാ. എല്ലാ ജില്ലകളിൽ നിന്നും ഉള്ള സംഘടന പ്രവർത്തനങ്ങൾ മാസികയിൽ വരുന്നതിനായി പത്രാധിപ സമിതിയിലെ ആരെങ്കിലും നേരിട്ട് അവ ശേഖരിക്കുന്ന രീതി ഭരണം. അങ്ങനെ ചെയ്താൽ മാത്രമേ സംഘാടകൻ ആവുകയുള്ളൂ.

കെ.പി.രവികുമാർ, മുടവൻമുകൾ

## ഭാരക്കൂടുതൽ

സർ, ഒക്ടോബർ ലക്കം യുക്തിരേഖ കയ്യിൽ കിട്ടിയപ്പോൾ ഒരു ഭാരക്കൂടുതൽ. നോക്കിയപ്പോൾ 16 പേജ് കൂടിയിരിക്കുന്നു. യുക്ത രേഖയുടെ മുഖ ചിത്രത്തിനൊപ്പം വശഴവ ഹശഴവ ചെയ്യാറുള്ളത് എഡിറ്ററുടെ ലേഖനമായിരുന്നു. ഇത്തവണ അതും മാറിയിരിക്കും. മാസികയിലെ ഒരു പ്രധാന ലേഖനം വശഴവ ഹശഴവ ചെയ്തിരിക്കുന്നു. ഇതൊരു വലിയ മാറ്റം ആണ്. ഇതിന് മാസികയുടെ പത്രാധിപ സമിതി പ്രത്യേക പ്രശംസ അർഹിക്കുന്നു. ഭൂരിപക്ഷ മത രാഷ്ട്രീയത്തെപ്പറ്റി എഴുതിയത് കാലോചിതമായി. ഇത് മാസികയിൽ ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. വളരെ വ്യത്യസ്തങ്ങളായ പുസ്തകങ്ങളാണ് ഓരോ ലക്കവും നിരൂപണത്തിനു വേണ്ടി നന്ദകുമാർ തെരഞ്ഞെടുക്കുന്നത്. ഇത്തവണയും പതിവ് തെറ്റിച്ചിട്ടില്ല. ദാർശനിക മാനങ്ങളുള്ള ഒരു ചെറിയ നോവലിനെ പറ്റിയാണ് എഴുതിയിട്ടുള്ളത് അത് വായിച്ച് അവസാനിപ്പിക്കുമ്പോഴേക്കും നിസ്സഹായരായ അഭയാർത്ഥികളുടെ എണ്ണത്തിൽ നമ്മുടെ മനസ്സിനെയും അലട്ടുവാൻ തുടങ്ങും. പഴയ ലേഖകരും തിരികെ വന്നിരിക്കുന്നു. ഗ്രാഫിക്സും ഫോട്ടോകളും ലേഖനങ്ങൾക്ക് ചേർന്നതായിട്ടുണ്ട്. ഫോണ്ട് അല്പം കൂടി വലുതാക്കിയാൽ നന്നായിരുന്നു. പേപ്പർ ക്വാളിറ്റി വർധിപ്പിക്കണം. ചില പതിവ് പംക്തികൾ ചേർക്കാതിരുന്നത് സ്ഥലം തികയാഞ്ഞിട്ടാണോ ? നമ്മുടേത് മാസത്തിൽ ഒരിക്കൽ മാത്രം പ്രസിദ്ധീകരിക്കുന്ന മാസികയാണ്. അതിന് നൂറു പേജ് വെച്ചാൽ അത് കൂടുതൽ ആവുകയില്ല. ഇത്തവണത്തെ വന്ന മാറ്റങ്ങൾക്ക് പിന്നിലുള്ള എഡിറ്റോറിയൽ പ്രവർത്തകരെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

പി.ഡി.രഞ്ജിത്, തോന്നയ്ക്കൽ

## ഒക്ടോബർ ലക്കം യുക്തിരേഖ

നടത്തിപ്പുകാരുടെ നടത്തിപ്പിൽ വന്ന ഗുണകരമായ മാറ്റം ഒക്ടോബർ ലക്കം മസികയിൽ തെളിഞ്ഞു.അതിന്റെ സന്തോഷം ആദ്യം അറിയിക്കുന്നത് .ഗാന്ധിജിയെക്കുറിച്ചു വളരെ ദീർഘമായ ഒരു ലേഖനം എഴുതിയത് വളരെ നന്നായി.പി എം സി ജോസഫിനെ കുറിച്ചു ശശികുമാർ പുറമേരിയുടെ വിദ്യാസമ്പന്നരുടെ അന്ധവിശ്വാസങ്ങൾ ഡോ മഹേശ്വരൻ നായരുടെ നിരീശ്വരയോഗം ഹേഗഗാറിൻ എന്ന കൂരീപ്പുഴയുടെ കുറിപ്പു ടി.ആർ.തിരുവഴാം കുന്നിന്റെ ദാരിദ്ര്യ ദിനം വിശ്വന്റെ കൊല്ലങ്കോണ ശാസാത ജാലകം യു നന്ദകുമാറിന്റെ ഗ്രന്ഥലോകം ഉണ്ണികൃഷ്ണൻ കൊല്ലങ്കോടു എഴുതിയ കാമരാണ്ട് അനുസ്മരണം ,പി ടി രാജീവു എഴുതിയ മുണ്ടശേരിയും വിദ്യാഭ്യാസബില്ലും കൈനകരി വിക്രമൻ എഴുതിയ വയലാർ ചിന്തകളും നന്നായി വിജയൻ തരോത്തിന്റെ രമണന്റെ ഓണചിന്തകളും ശിവയോഗി ചിന്തകളും അഹവം ദവാന്റെ പിത്യദം:ഖം ശ്രദ്ദേയമായി മനസിക നടത്തിപ്പിലെ മാറ്റം ആരുപറഞ്ഞ്റിയിക്കാതെ അനുഭവസുഖമായിമാ

റി .അമൃതാനന്ദമയെ സജി ചെറിയാൻ ഉമ്മ വച്ചത് പ രാമശുന്തൻ എഡിനേറി യിൻ നന്നായി എല്ലാ ലേ ഖനങ്ങളും വായിക്കാൻ താല്പതും ജനിപ്പിക്കുന്നതാ യിരിക്കും തുടർന്നും നന്നാ വട്ടെ

**മാണിപറമ്പേട്ട്**
പാലക്കാട്

## വോട്ടുബാങ്ക്

ശബരിമല അയ്യപ്പനെ വോ ട്ടുബാങ്കാക്കിമാറ്റാനുള്ള സി.പി.എമ്മിന്റെ കുതന്ത്ര ആളെക്കുറിച്ച് ശിവരാമൻ പട്ടഞ്ചേരി എഴുതിയ പിൻ മൊഴി അക്ഷരാർത്ഥത്തിൽ നൂറുശതമാനം ശരിയാ ണ്.(യുക്തിരേഖ-സെപ്തം ബർ) 2026-ലെ നിയമസ ഭാതിരഞ്ഞെടുപ്പിനായുള്ള സി.പി.എം പ്രചരണത്തി ന്റെ അനൗദ്യോഗിക ഉൽ ഘാടനമാണ് പമ്പയിൽ ന ടന്നത്. അതിന് അയ്യപ്പസം ഗമം എന്ന പേർ നൽകി യെന്നേയുള്ളു. കേരളത്തി ലെ ഹൈന്ദവജനതയെ ത ങ്ങൾ പിന്നിൽ അണിനിര ത്തുക എന്ന കൃത്യവും വ്യക്തവുമായ രാഷ്ട്രീയ ഉ ദ്ദേശം തന്നെയാണ് ഇതി നു പിന്നിലുള്ളത്. ന്യൂന പക്ഷവോട്ടുകൾ ലക്ഷ്യം വെച്ചുള്ള കളികൾ സി പി എമ്മിനെ സംബന്ധിച്ചിട ത്തോളം കാര്യമായി പ്ര യോജനം ചെയ്തില്ലെന്ന് പാർട്ടി മനസ്സിലാക്കി കഴി ഞ്ഞു. തങ്ങളോരുഹിന്ദു പാർട്ടിയാണെന്ന് ഉറപ്പിച്ച് പറയേണ്ട സമയം അടു ത്തെത്തിയെന്ന് പിണറാ യി വിജയൻ 80-ാം വയ സ്സിൽ മനസ്സിലാക്കിയിരി ക്കുന്നു. അയ്യപ്പ സംഗമം അതിന്റെ വിളംബരം ആ ണ്. 2026-ൽ ഭരണതുടർച്ച യുണ്ടാക്കാൻ മൃദുഹിന്ദു ത്വം വഴി പ്രയോജനപ്പെടു മെന്ന് സി.പി.എം കരുതു ന്നതായി സമീപകാലനടപ ടികൾ തെളിയിക്കുന്നു. ഈ രാഷ്ട്രീയ അടവുന യത്തിനുള്ള പുറപ്പാടാണ് പിണറായി-വെള്ളാപ്പള്ളി ഭായ് ഭായ് സൗഹൃതം. പ മ്പയിൽ നടന്ന അയ്യപ്പ സം ഗമം ശബരിമലയെ വിക സിപ്പിക്കാനാണ് എന്നൊ ക്കെ പറയുന്നത് ഈ നൂ റ്റാണ്ടിലെ ഏറ്റവും വലിയ ഫലതമാണ്.

പ്രൊഫ.എം.കെ സാനുവിന്റെ സംഭവബ ഹുലമായ ജീവിതത്തെക്കു റിച്ച്.ഇ.ഡി ഡേവിസ് എഴു തിയത് ഹൃദയസ്പർശിയാ യി.(പേജ്-9-11) സാനുമാ സ്റ്റർ പ്രത്യേക ജനുസ്സായി രുന്നു.അദ്ദേഹത്തിന്റെ ജ്ഞാനദീപിതി അനന്തമാ യി ആൾക്കൂട്ട ആൾക്കൂ മേൽ വർഷിച്ചപകൊണ്ടി രിക്കും. കാരണം, അദ്ദേ ഹം ജ്ഞാനസാനുവിലെ കെടാവിളക്കാണ്. സാനു എന്ന പദത്തിന് പർവ്വതശി ഖരം-കൊടുമുടി എന്നർ ത്ഥമുണ്ട്. കേരളത്തിലെ സാഹിത്യ സാംസ്കാരിക പരിസരങ്ങളിൽ സാനുമാ ഷ് ഒരു കൊടുമുടിയായി രുന്നു. ആ, കൊടുമുടിയു ടെ താഴ്വരയിൽ നിന്നുകൊ ണ്ട് നിരക്ഷരകക്ഷിയായി എന്റെ പ്രണാമം.

**ഫാ.ഡാർലി എടപ്പാങ്ങാട്ടിൽ**
മുളന്തുരുത്തി

## എഴുത്തുകാരോടും സംഘം പ്രവർത്തകരോടും

യുക്തി രേഖ മാസത്തിന്റെ ആദ്യദിവസം തന്നെ പ്രസിദ്ധീകരിക്കണം എന്നാണ് മാ സിക പ്രവർത്തകർ ആഗ്രഹിക്കുന്നത്. പ്ര സിദ്ധീകരണം മാറ്ററുകൾ ഓരോ മാസവും ഇരുപതാം തീയതിക്ക് മുമ്പ് ലഭിച്ചാൽ സൗ കര്യം ആയിരിക്കും. അതോടൊപ്പം സം ഘടനാ പ്രവർത്തകരും ചിത്രങ്ങളും yukthirekha News only എന്ന വാട്സാ പ്പിലേക്കോ, 9446967575 എന്ന വാട്സ് ആപ്പ് നമ്പറിലേക്ക് അയക്കുക. ഡിറ്റിപി എടുത്ത് അയക്കുന്ന മാറ്ററുകൾ പേജ് മേ ക്കർ ഫയലിൽ /വേഡ് ഫയലിൽ / yukthirekha1983@gmail.com എന്ന ഇ -മെയിലിൽ അയക്കുക. കത്തുകളും മറ്റു കുറിപ്പുകളും വ്യക്തമായി എഴുതി അയ ക്കുക എന്ന് അപേക്ഷിക്കുന്നു.
പ്രതിമാസ രേഖകൾ, ചോദ്യോത്തരം പംക്തി, പുസ്തക റിവ്യൂ, ആദർശ വിവാഹ ബ്യൂറോ തുടങ്ങിയവ ഉടനെ ആരംഭിക്കുന്നതാണ്.

എഡിറ്റർ
യുക്തി രേഖ
yukthirekha 1983@gmail.com
വാട്സ്ആപ്പ് നമ്പർ 9446967575

## യുക്തിരേഖ സഹായ ഫണ്ട്

മാന്യരേ,
കടുത്ത സാമ്പത്തിക പരാധീനതയിലാണ് യുക്തിരേഖ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നത്. അച്ചടി ചെലവിന്റെ അനിയന്ത്രിത വർദ്ധനവ് താങ്ങാ വുന്നതിനും അപ്പുറമാണ്. എങ്കിലും മതേതര മാനവികതയുടെ ഈ ശബ്ദം നിലച്ചു പോകരുതെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ പ്രതിസന്ധി പരിഹ രിക്കുവാൻ ഒരു ഫണ്ടു സമാഹരിക്കുകയാണ്. താങ്കളുടെ സഹായം എത്ര ചെറുതായാലും ഞങ്ങൾക്ക് താങ്ങാണ്. കഴിയുന്ന സഹായം അക്കൗണ്ടി ലേക്കു നൽകി സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. പേരുവിവരങ്ങൾ മാസി കയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

സ്നേഹാദരങ്ങളോടെ

**ഗംഗൻ അഴീക്കോട്**
പ്രസിഡന്റ്

**ഇരിങ്ങൽ കൃഷ്ണൻ**
എഡിറ്റർ

**ടി. കെ. ശക്തിധരൻ**
ജനറൽ സെക്രട്ടറി

**അഡ്വ:കെ.ടി ഉഷ**
മാനേജർ

NO000 7073 000 000 818. SIB,AYYANTHOL
IFSC:SIBL 0000007, 9400155489

**സംഭാവന**

| | |
|---|---|
| 1 ടി.എ. ജോസഫ് കണ്ണൂർ | 1000 |
| 2 പ്രദീപ് തേൻകുന്നേൽ മേപ്പാടി | 1000 |
| 3 ജെ തൊമ്മച്ചൻ മാനന്തവാടി | 1000 |
| 4 ടോമി അഗസ്റ്റിൻ നടവയൽ വയനാട് | 1500 |
| 5 എ.ടി ചാക്കോമാസ്റ്റർ എടൂർ കണ്ണൂർ | 1000 |



## എ ടി കോവൂരിന്റെ കേസ് ഡയറി

# ആദ്യഭാര്യയുടെ പ്രേതം

**1963** ഡിസംബർ മാസത്തിലെ തണുപ്പുള്ള ഒരു രാത്രി. ഞാൻ മൂടിപ്പുതച്ച് ഉറങ്ങുകയാണു പട്ടിയുടെ നിറുത്താതെയുള്ള കുരകേട്ടാണ് ഉറക്കം തെളിഞ്ഞത്. ഗേററിൽ ആരോ തട്ടിവിളിക്കുന്നതുകേട്ട് ഞാൻ എഴുന്നേറ്റു ചെന്നു 'എന്താണു?'–ഗോര തുറക്കാതെ ഞാൻ വരാന്തയിൽ നിന്നുകൊണ്ടുതന്നെ ചോദിച്ചു.
'ഞങ്ങൾ അങ്ങയെ കാണാൻ വന്നതാണ്'–പുറത്തു നിന്ന് ഒരാൾ പറഞ്ഞു.
"എന്താണ് കാര്യം?'–ഞാൻ തിരക്കി.
"എന്റെ ഭാര്യയെ ഒരു പ്രേതം ബാധിച്ചിരിക്കുന്നു'– അയാൾ ദയനീയമായ ശബ്ദത്തിൽ പറഞ്ഞു 'അങ്ങ് ഞങ്ങളുടെ വീടുവരെ ഒന്നുവരണം.'
അതിന്റെ ഞാൻ ഗേറു തുറന്നു അവരെ വരാന്തയിലേയ്ക്ക് ക്ഷണിച്ചു. അതിന്റെ വിശദാംശങ്ങൾ അവർ പറഞ്ഞു. പ്രേതം ബാധിച്ചിട്ടുള്ള സ്ത്രീ അപ്പോൾ ഏഴു കുട്ടികളുടെ അമ്മയായിരുന്നു. എട്ടാമതൊന്നുകൂടി അവൾ ഗർഭം ധരിച്ചിരിക്കുകയാണ്. ഭർത്താവിന്റെ രണ്ടാംവിവാഹത്തിലുള്ള ഭാര്യയാണത് രണ്ടുകുട്ടികളുള്ളപ്പോൾ ആദ്യഭാര്യ മരിച്ചു. ആ ഭാര്യയുടെ പ്രേതമാണു ഇപ്പോഴത്തെ ഭാര്യയെ ബാധിച്ചിരിക്കുന്നത്.
രാത്രി വളരെയായതുകൊണ്ട് ഇപ്പോൾ രോഗിണിയെ പരിശോധിക്കാൻ സൗകര്യമില്ലെന്നും രാവിലെ അവരെയും കൊണ്ടു വരാനും ഞാൻ നിർദ്ദേശിച്ചു. അതനുസരിച്ചു' രാവിലെ എട്ടരമണിക്ക് അവർ പ്രേതം ബാധിച്ച സ്ത്രീയേയും കൊണ്ട് വന്നു.
രണ്ടുപേർ ആ സ്ത്രീയെ ബലമായി പിടിച്ചിരുന്നു. അവരുടെ പിടിയിൽ നിന്നു കുതറിമാറാൻ ശ്രമിക്കുകയും പിറുപിറുക്കുകയും ചെയ്തുകൊണ്ടിരുന്ന ആ സ്ത്രീ കാഴ്ചക്കാർക്ക് ഒരു കൗതുകമായിരുന്നു. ധാരാളമാളുകൾ ഈ ബഹളം കണ്ടുകൊണ്ട് ഓടിക്കൂടി. ഞാൻ അവരിൽ ഒരുത്തരേയും ഗെയിറ്റിനകത്തു കടക്കാൻ അനുവദിച്ചില്ല.
ഞാൻ കുഞ്ഞമ്മയെ വിളിച്ച് ഒരു മുറി ഒഴിച്ചിടാൻ പറഞ്ഞു. സിഗററ്റുകേസും നീളമുള്ള ഒരു ചരടുംകൂടി കുരുതിക്കൊള്ളണമെന്നു. ഞാൻ നിർദ്ദേശിച്ചു. ഈ സമയമത്രയും രോഗിണിയും ആൾക്കാരും എൻറ വീടിൻറെ വരാന്തയിലായിരുന്നു. രോഗിണി ഉച്ചത്തിൽ ശപിക്കാനും കൂടുതൽ ബഹളം വയ്ക്കാനും ആരംഭിച്ചു. മുറി തയ്യാറാക്കൽ രണ്ടുമൂന്നു മിനിറ്റ് കൊണ്ട് കഴിഞ്ഞു. ഞങ്ങൾ രോഗിണിയെ അകത്തെ മുറിയിലേയ്ക്കുമാറി. അവിടെ ഒരു കട്ടിലിൽ അവരെ ഇരുത്തി. കുഞ്ഞമ്മേ നേരത്തെ കരുതിയിരുന്ന ചരടിന്റെ ഒരറ്റം പ്രേതം ബാധിച്ചിരുന്ന സ്ത്രീയുടെ കൈയിൽ കെട്ടി. മറ്റേ അറ്റം മേശപ്പുറത്തുവച്ചിരുന്ന സിഗററുകേസിനുള്ളിലും ബന്ധിച്ചു.
'ഈ ചരടുവഴി പ്രേതത്തെ ഈ സിഗററുകേസിലേയ്ക്ക് ഞാൻ മാറാൻ പോവുകയാണു ഞാൻ പറഞ്ഞു.
'പിന്നെ ഒരിക്കലും ഈ സ്ത്രീയെ ഉപദ്ര വിക്കാൻ അതിനു കഴിയുകയില്ല.'
'എന്നെങ്കിലും കൂടിനു പുറത്തിറങ്ങുമ്പോൾ ഞാൻ ഇവരെ പിടിക്കും'– പ്രേതം പറഞ്ഞു.
'ഇല്ല, അതു സാധിക്കുകയില്ല. ഈ സിഗരറ്റുകേസിലാക്കി നിന്നെ വളരെ ദൂരെ ഞാൻ മലയായിലേക്ക് അയയ്ക്കും. സിലോൺ ദ്വീപിൽ ഉണ്ടെങ്കിൽ മാത്രമേ ഇവരെ ബാധിക്കാൻ നിനക്കു കഴിയൂ.'
ഇത്രയും പറഞ്ഞുകഴിഞ്ഞതിനുശേഷം ഞാൻ പിശാചിനെ ഒഴിക്കുന്നതിനു ചില മന്ത്രങ്ങൾ ചൊല്ലി. ചെറുപ്പത്തിൽ കേരളത്തിൽവച്ചു പഠിച്ചിട്ടുള്ള ചില മലയാളം പാട്ടുകളായിരുന്നു എന്റെ മന്ത്രങ്ങൾ ഞാൻ കുഞ്ചൻനമ്പ്യാരുടെ തുള്ളൽ പാട്ടുകളും മററും പാടുമ്പോൾ ആ മന്ത്രശക്തി കൊണ്ട് പ്രേതം ബാധിച്ച സ്ത്രീ ഞെളിയുകയും പിരിയുകയും ചെയ്യുകൊണ്ടിരുന്നു. അവരുടെ നെറ്റിയിൽ അമർത്തിപ്പിടിച്ചപ്പോൾ അവർ ശാന്തയായി.
ഈ ചരടുവഴി ആ കൂട്ടിലേക്കു മാറുക'–ഞാൻ പ്രേതത്തോടു പറഞ്ഞു. 'ങ്ങ' ഒരു നിമിഷത്തിനുള്ളിൽ വിട്ടുമാറണം.'
ഞാൻ നിശ്ശബ്ദനായി നിന്നു. രോഗിണി അപ്പോൾ തളർന്നു കിടക്കുകയായിരുന്നു. പെട്ടെന്നു ചരടു വലിച്ചു. അടുത്ത നിമിഷം ആ സ്ത്രീയുടെ മുഖത്ത് ഒരു ശാന്തത കാണപ്പെട്ടു. ഞാൻ കുഞ്ഞമ്മയോട് ഒരു തീപ്പെട്ടി കൊണ്ടുവരാൻ പറഞ്ഞു. അവർ പെട്ടെന്ന് തീപ്പെട്ടിയുമായെത്തി. ഞാൻ തീപ്പെട്ടിക്കോലുരച്ച് സ്ത്രീയുടെ കൈയിൽ കെട്ടിയിരുന്ന ചരടിന്റെ നടുഭാഗം കത്തിച്ചു. മായുള്ള ബന്ധം അറ്റുവീണപ്പോൾ ഞാൻ പറഞ്ഞു:–
'ഈ കൂടിനുള്ളിലുള്ള പ്രേതത്തിനു ഇനിയും അവളുടെ ശരീരത്തിലേക്കു മടങ്ങിവരാൻ നിവൃത്തിയില്ല. ഞാൻ ആ കൂടു മുദ്ര വച്ച് അതിനെ മലയായിലേക്ക് അയയ്ക്കും.'
രോഗിണി ഒന്നും സംഭവിക്കാത്തമട്ടിൽ നാണത്തോടെ എഴുന്നേറ്റു. ദിവസങ്ങളോളം ആഹാരം കഴിക്കാതെ ക്ഷീണിച്ചിരുന്ന അവക്ക് ഞാൻ രണ്ടു മൾട്ടിവൈറ്റമിൻ ഗുളികകൾ കൊടുത്തു. ഇനി ഒരിക്കലും പ്രേതബാധ ഉണ്ടാവുകയില്ലെന്നും ഞാൻ പറഞ്ഞു. ഈ സംഭവം കഴിഞ്ഞിട്ട് ഏതാണ്ട് അഞ്ചു വർഷമായി. പിന്നീട് ആ സ്ത്രീക്ക് ഒരിക്കലും പ്രേതബാധ ഉണ്ടായിട്ടില്ല.



പി ടി രാജീവ്



# മലൈ കള്ളന്മാർ വാഴും മല ശബരിമല

***ശബരിമലയിലും കല്ല് ശക്തീശ്വരത്തിലും കല്ല് ഗുരുവായൂരും തിരുപ്പതി മലയിലും തൃച്ചംബരത്തും കല്ല് കല്ലിനെ തൊഴുന്ന വരെ നിങ്ങൾ കല്പണിക്കാരെ മറക്കരുതേ...***

അതേ ഒരേ ഒരു വയലാറിന്റെ വരികളാണിത്. ശരണമയ്യപ്പാ സ്വാമീ ശരണമയ്യപ്പാ ശബരിഗിരിനാഥാ ശരണമയ്യപ്പാ... ഇതും വയലാറിന്റെ തൂലികയിൽ പിറന്നതാണ്. ആ കല്ല് ഇന്നും കല്ലായി തന്നെ നിശ്ചലമായി അവിടെയിരിക്കുന്നു. കല്ലിനെ തൊഴുന്ന ഭക്ത കോടികൾക്കിടയിലൂടെ ഭക്ത വേഷത്തിൽ സ്വർണ്ണ കൊള്ളക്കാരും അവരുടെ അക്ഷയ ഖനിയായി മാറ്റിയിരിക്കുന്നു ശബരിമല. 1999 ൽ വിജയ് മല്യ എന്ന മദ്യവ്യാപാരിയാണ് 30 കിലോ സ്വർണ്ണത്തിൽ ശ്രീകോവിലും പതിനെട്ടാം പടിയും ദ്വാരപാലക ശില്പങ്ങളും 18 കോടി ചിലവാക്കി സ്വർണ്ണം പൂശിയത്. ഹൈക്കോടതി ദേവസ്വം ബഞ്ചിന്റെ അനുമതി കൂടാതെ ദേവപ്രശ്നവും നടത്തി എല്ലാ വിഘ്നങ്ങളും തീർത്താണ് ഇത് നടത്തിയത്. ഈ സ്വർണ്ണമാണ് പിന്നീട് പലപ്പോഴായി തിരിമറി നടത്തിയതും അടിച്ചു മാറ്റിയതും ഹൈക്കോടതി നിർദ്ദേശിച്ച പ്രത്യേക സംഘത്തിന്റെ അന്വേഷണമാണിപ്പോൾ നടന്നു വരുന്നത്.

മദ്യവ്യാപാരത്തിന് പുറമെ കിംഗ് ഫിഷർ എയർലൈൻസും മല്യയുടെ ഉടമസ്ഥതയിലായിരുന്നു. എസ്.ബി.ഐ അടക്കം ബാങ്കുകളിൽ നിന്നും 9000 കോടി രൂപ വായ്പ എടുത്തത് തിരിച്ചടയ്ക്കാതെ കബളിപ്പിക്കൽ നടത്തി രാ





ജ്യം വിട്ട മല്യ കുറേ നാളായി UK യിൽ കഴിയുകയാണ്. പിടിയിലാകാതെ രക്ഷപെട്ടത് അയ്യപ്പന്റെ കടാക്ഷം കൊണ്ടാണെന്ന് മല്യ പറഞ്ഞാൽ അതും വിശ്വസിക്കാൻ ഭക്തരെ കിട്ടിയേക്കാം. (ബിസ്സിനസ്സിലെ തകർച്ചക്ക് അയ്യപ്പനുമായി ഒരു ബന്ധവും ഇല്ല.) ദ്വാരപാലക വിഗ്രഹത്തിന്റെ സ്വർണ്ണ പൂശലുമായി ബന്ധപ്പെട്ട് നടന്ന സ്വർണ്ണ തിരിമറിയിൽ ആദ്യം പിടിയിലായത് ഉണ്ണികൃഷ്ണൻ പോറ്റിയാണ് ഇയാൾക്ക് ശബരിമലയുമായി എന്ത് ബന്ധം? ഇടനിലക്കാരൻ എന്ന നിലയിൽ മാത്രം പരിഗണിക്കാവുന്ന ഒരാൾ ദേവസ്വം ബോർഡ് അതിലെ ഉന്നത ഉദ്യോഗസ്ഥർ ഇവരൊന്നും അറിയാതെ നടന്നതല്ല ഈ സ്വർണ്ണ കൊള്ള എന്നത് തന്നെയാണ് പ്രാഥമിക അന്വേഷണം നൽകുന്ന സൂചന.

കേരള ഹൈക്കോടതി നിയോഗിച്ച ജില്ലാ ജഡ്ജിയാണ് ശബരിമലയിലെ സ്പെഷ്യൽ കമ്മിഷണർ. ഇദ്ദേഹത്തിന്റെ നിരീക്ഷണത്തിലാണീ

തീർത്ഥാടന കേന്ദ്രം. കോടതിക്ക് റിപ്പോർട്ട് നൽകുന്നതും ഇദ്ദേഹമാണ്. 2016 – 2024 കാലത്ത് ഈ ചുമതലയിൽ ഉണ്ടായിരുന്നത് ജില്ലാ ജഡ്ജി ആയിരുന്ന മനോജ് ആയിരുന്നു. ഇദ്ദേഹം മാറി പകരം ആർ.ജയകൃഷ്ണൻ ജില്ലാ ജഡ്ജി ചുമതല ഏറ്റശേഷമാണ് ഇപ്പോൾ ദ്വാരപാലക വിഗ്രഹത്തിലെ സ്വർണ്ണ പാളി ഇളക്കിക്കൊണ്ട് പോയ വിഷയം ഹൈക്കോടതിക്ക് റിപ്പോർട്ട് ചെയ്യുന്നത്. 2019 ൽ നടന്ന വഴിവിട്ട ഇടപാടുകളും ഇതോടൊപ്പം വെളിപ്പെട്ടു. നേരത്തെ ഇരുന്ന സ്പെഷ്യൽ കമ്മിഷണർ എന്തുകൊണ്ട് ഇതൊന്നും അറിയാതെ പോയി അല്ലെങ്കിൽ കോടതിക്ക് റിപ്പോർട്ട് ചെയ്തില്ല. പുതിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇതും കോടതി അന്വേഷിക്കുമായിരിക്കും വിശദീകരണം തേടുമായിരിക്കും എന്നേ ഇപ്പോൾ പറയാൻ സാധിക്കൂ. ശ്രദ്ധേയമായ മറ്റൊരു കാര്യം ഉണ്ണികൃഷ്ണൻ പോറ്റി ദ്വാരപാലക ശില്പങ്ങളുടെ രണ്ട് പീഠങ്ങൾ കാണാതായതിനെപ്പറ്റി പരാതിപ്പെടുകയും അധികം താമസ്സിയാതെ അന്വേഷണത്തിൽ ഇവ പോറ്റിയുടെ തന്നെ ബന്ധുവിന്റെ വീട്ടിൽ നിന്നും കണ്ടെടുത്തതോടെ ഇയാൾ മാത്രമാണ് കള്ളനെന്നും മറ്റാർക്കും ഇതിൽ ഉത്തരവാദിത്വം ഇല്ലെന്നും മുഖ്യമന്ത്രിയും ദേവസ്വം മന്ത്രിയും നിയമസഭയിൽ പ്രസ്താവന നടത്തി വിഷയത്തെ ലഘൂകരിക്കുന്നതും തുടക്കത്തിൽ കണ്ടെങ്കിലും ഹൈക്കോടതി ദേവസ്വം ബഞ്ചിന്റെ അനുമതി വാങ്ങാതെ ദ്വാരപാലക ശില്പങ്ങളുടെ സ്വർണ്ണ പാളി ഇളക്കിക്കൊണ്ട് പോയതിൽ ഉണ്ടായ രണ്ട് അംഗ ഹൈക്കോടതി ദേവസ്വം ബഞ്ചിന്റെ ശക്തമായ ഇടപെടലാണ് ഇപ്പോൾ നടക്കുന്ന അന്വേഷണത്തിന് വഴി തുറന്നത്. ആരൊക്കെ പിടിയിലാകും രക്ഷപെടും എന്നൊന്നും ഇപ്പോൾ പറയാൻ കഴിയില്ല. അന്വേഷണം അതിന്റെ വഴിക്ക് നടക്കട്ടെ.

മകരവിളക്ക് കൊളുത്തുന്ന പൊന്നമ്പലമേട്ടിൽ തമിഴ്നാട്ടിൽ നിന്നും ഭക്തരെ കൊണ്ടു വന്ന് പ്രത്യേക പൂജ നടത്തി ലക്ഷങ്ങൾ സമ്പാദിക്കുന്ന ഗൂഢ സംഘത്തെപ്പ



റ്റി 2023 മെയ്മാസത്തിൽ മാധ്യമവാർത്ത പുറത്തു വന്നു. നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ സംഘമായിരുന്നു ഇതിന് പിന്നിൽ. കുറെ ദിവസം ടി.വി ചാനലുകളിൽ വലിയ വാർത്താ കോലാഹലം നടന്നതൊഴിച്ചാൽ പെരിയാർ ടൈഗർ റിസർവ്വിൽപ്പെട്ട സംരക്ഷിത വന പ്രദേശത്ത് അനധികൃതമായി പ്രവേശിച്ചതിനും വന്യജീവി സംരക്ഷണ നിയമങ്ങൾ ലംഘിച്ചതിനും വനം വകുപ്പ് ചാർജ്ജ് ചെയ്ത കേസിൽ പിടികിട്ടാ പുള്ളിയായി പ്രഖ്യാപിച്ചിട്ടും നാരായണൻ നമ്പൂതിരി ഇതുവരെ അറസ്റ്റിലായിട്ടില്ല. മാധ്യമങ്ങളും പിന്നീടിതേപ്പറ്റി ശബ്ദിച്ചിട്ടില്ല.

2004 മുതൽ 2012 വരെ കേരള ഹൈക്കോടതിയിൽ ജഡ്ജിയായിരുന്ന ദേവസ്വം ബഞ്ചിന്റെ ചുമതല വഹിച്ചിരുന്ന തോട്ടത്തിൽ ബി രാധാകൃഷ്ണൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചീഫ് വിജിലൻസ് ഓഫീസറായി നിയമിച്ച ഗോപാൽ കൃഷ്ണൻ ഐ.പി.എസ്സ് ശബരിമലയിൽ നടക്കുന്ന വൻ അഴിമതിയെപ്പറ്റി success Kerala എന്ന മലയാളം You Tube ചാനലിൽ അടുത്തിടെ നടത്തിയ ഒരു മണിക്കൂർ നീണ്ട ഒരഭിമുഖത്തിൽ ഞെട്ടിക്കുന്ന വെളിപ്പെടുത്തലാണ് നടത്തിയിരിക്കുന്നത്. ഇന്ത്യയിലെ സി.ബി.ഐ ഉൾപ്പെടെ പ്രധാനപ്പെട്ട എല്ലാ അഴിമതി നിരോധന ഏജൻസികളിലും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം അവിടെയെങ്ങും കാണാൻ കഴിയാത്ത വിധത്തിലുള്ള കൊള്ളയും അഴിമതിയുമാണിവിടെ നടക്കുന്നതെന്ന് അക്കമിട്ട് പറയുന്നു. ധനലക്ഷ്മി ബാങ്ക് വഴി ഭക്തരുടെ കാണിക്കയിൽ നിന്നും മോഷ്ടിക്കുന്ന കോടിക്കണക്കിന് രൂപ ഉന്നത ഉദ്യോഗസ്ഥർ തട്ടിയെടുക്കുന്നതിനെപ്പറ്റിയും പരാമർശിക്കുന്നുണ്ട്.

ശബരിമലയിലെ ശരാശരി നടവരവ് ഒരു സീസണിൽ 400 കോടി കവിഞ്ഞിരിക്കുന്നു. കാണിക്കയായി ലഭിക്കുന്ന കിലോകണക്കിന് സ്വർണ്ണത്തിന് പുറമെയാണിത്.

ഈ സ്വർണ്ണ തട്ടിപ്പ് വാർത്ത പുറത്തുവന്നതിനു ശേഷം ഒക്ടോബർ മദ്ധ്യത്തിൽ മാസ പൂജക്ക് നട തുറന്നപ്പോൾ 33000 ഭക്തരാണ് വെർച്ചൽ ക്യൂ ബുക്ക് ചെയ്ത് മലകയറി കനത്ത മഴ നനഞ്ഞ് അയ്യനെ കണ്ട് അനുഗ്രഹം വാങ്ങാൻ ക്യൂ നിന്നത്. ഭക്തിയെയും വിശ്വാസത്തെയും ഒന്നും ഇതൊന്നും ബാധിക്കുന്നതേയില്ല. അന്ധവിശ്വാസത്തിന്റെ കൂരിരുട്ട് അത്ര ഭയാനകമാണ്. ഭക്തർ ഉദ്ദിഷ്ട കാര്യസാധ്യത്തിനായി നടത്തുന്ന വഴിപാടുകൾ, കാണിക്കയിടുന്ന പണം സ്വർണ്ണം ഇവയിൽ നല്ലൊരു പങ്ക് കൊള്ളയടിക്കപ്പെടുകയാണ് അയ്യപ്പന് ഇതിന്റെയൊന്നും ആവശ്യമില്ല എന്ന സാമാന്യ ബോധത്തിലേക്ക് പോലും ഭക്തർ വരുന്നില്ല.

പണ്ടത്തെ പോലെ 41 ദിവസം വൃതം നോറ്റില്ലെങ്കിൽ പുലി പിടിക്കുമെന്ന പേടിയൊന്നും ഇപ്പോൾ ഭക്തർക്കില്ല. രാവിലെ മാലയിട്ട് അന്ന് തന്നെ പതിനെട്ടാം പടി കയറുന്ന ഭക്തർ ധാരാളം. ഇന്ത്യൻ പ്രസിഡന്റ് പ്രത്യേക വാഹനത്തിൽ പമ്പയിൽ നിന്നും ശബരിമലയിലെത്തി ദർശനം നടത്തിയത് ആദ്യ സംഭവമാണ് . കൂടെ വന്ന ഒരു വി.വി. ഐ.പി. ഭക്തൻ കോട്ടും സൂട്ടും പാന്റ്സും ധരിച്ച് ടൈയും കെട്ടി പതിനെട്ടാംപടി കയറി അയ്യപ്പന്റെ മുമ്പിൽ നിൽക്കുന്നതും കണ്ടു. അതോടെ ഉള്ള ആചാരം കൂടി ചാരമായി. ആർക്കും പരാതിയില്ല. ദേവപ്രശ്നം വേണ്ട. പരിഹാര ക്രിയകളും വേണ്ട. അപ്പോഴും ശബരിമലയിലും കല്ല് അവിടെ തന്നെ ഒരനക്കവുമില്ലാതെ...

വർഷത്തിൽ ഏതാനും ദിവസം മാത്രം പൂജ നടന്നിരുന്ന അയ്യപ്പക്ഷേത്രത്തിന്റെ തുടക്കത്തിൽ ഓല മേഞ്ഞ മേൽപ്പുര (ശ്രീകോവിൽ) തീപിടുത്തത്തിൽ നശിക്കുകയും മേൽശാന്തി വിഗ്രഹവും എടുത്തു കൊണ്ട് ഓടി രക്ഷപെട്ടതും ചരിത്രം. 1950ൽ ക്ഷേത്രം അയ്യപ്പ വിഗ്രഹമടക്കം പൂർണ്ണമായും തകർക്കപ്പെട്ടു. അതിന്റെ അന്വേഷണ റിപ്പോർട്ട് ഇതുവരെ പുറത്തു വിട്ടിട്ടില്ല. ഭക്തർ





**കഴിഞ്ഞ സീസണിൽ 48 ഭക്തർക്കാണ് ശരണ വഴിയിൽ ജീവൻ നഷ്ടമായത്.ഇങ്ങനെ മരണപ്പെടുന്നവരുടെ കുടുംബത്തിന് 5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതി ദേവസ്വം ബോർഡ് നടപ്പാക്കിയിട്ടുണ്ട്. വെർച്ചൽ ക്യൂ ബുക്ക് ചെയ്യുന്ന ഭക്തർ ഇതിന്റെ പ്രീമിയം നൽകുകയും വേണം. അത്രമാത്രം ഉറപ്പില്ലാത്തതാണ് അനുഗ്രഹം വാങ്ങുന്നവരുടെ ജീവനെന്ന് ദേവസ്വം ബോർഡ് പ്രഖ്യാപിക്കുമ്പോൾ അയ്യപ്പവിശ്വാസത്തിന് തെല്ലും മങ്ങലേൽക്കുന്നില്ല.**

ഭക്തി ഗാനങ്ങളിലൂടെയും ശരണം വിളികളിലൂടെയും പുകഴ്ത്തുന്ന ഒരു കഴിവുമില്ലാത്ത വെറുമൊരു കൽ വിഗ്രഹത്തിന്റെ പെരുമ വർദ്ധിപ്പിക്കാൻ എല്ലാ കൊല്ലവും പൊന്നമ്പലമേട്ടിൽ മകരജ്യോതി എന്ന ദിവ്യാത്ഭുതം നടത്തിവന്നിരുന്നത് 1978 മുതൽ യുക്തിവാദികൾ അവിടെയെത്തി പൊളിച്ചടുക്കി. കർപ്പൂരം കത്തിക്കുന്നവരെ കയ്യോടെ പിടികൂടി 1982 ൽ ധനുവച്ചപുരം സുകുമാരന്റെ നേതൃത്വത്തിൽ മകരവിളക്ക് ദിവസം പൊന്നമ്പലമേട്ടിൽ എത്തിയ സത്യാന്വേഷകരായ കേരള യുക്തിവാദിസംഘം പ്രവർത്തകരെ പോലീസ് തല്ലിച്ചതച്ചതും അയ്യപ്പന്റെ ദിവ്യത്വം സംരക്ഷിക്കാനായിരുന്നു. ഇപ്പോൾ ഒരാഴ്ച്ച യാത്രാ നിരോധനം ഏർപ്പെടുത്തിയാണ് കൊച്ചുപമ്പ പൊന്നമ്പലമേട് മേഖലയിലേക്ക് ആരും കടക്കാതെ സായുധ പോലീസ് വലയത്തിലാക്കിയാണ് എല്ലാ കൊല്ലവും ദേവസ്വം ബോർഡ് കർപ്പൂരജ്യോതി കൊളുത്തുന്നത്. തുടക്കത്തിൽ ഇലക്ട്രിസിറ്റി ബോർഡിനും ഇതിൽ പങ്കാളിത്തമുണ്ടായിരുന്നെങ്കിലും 1984 മുതൽ അതില്ല. നമ്മുടെ ടി.വി. ചാനലുകൾ എങ്ങനെ ഭക്തിയും അന്ധവിശ്വാസവും വർദ്ധിപ്പിച്ച് വരുമാനം നേടാമെന്ന മത്സരത്തിലായതിനാൽ അവർക്ക് പരസ്യവരുമാനത്തിന്റെ ചാകരയാണ് ശബരിമല സീസൺ, അതു കൊണ്ടു തന്നെ ഇപ്പോഴും നിർബ്ബാധം തുടരുന്ന മകരജ്യോതി തട്ടിപ്പിനെപ്പറ്റി ക്യാമറ കണ്ണെത്താത്ത ദൂരെ ശബരിമലയിൽ നിന്ന് വായ്ത്താരി സംപ്രേക്ഷണം നടത്തി ഭക്തരെ . നിർവൃതിയിൽ ആറാടിക്കുന്നു. ചാനലുകൾക്ക് ഒന്നിനും പൊന്നമ്പലമേട്ടിൽ മകരവിളക്ക് കൊളുത്തുന്നത് ലൈവ് ആയി കാണിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

2011 ൽ മകരാ ജ്യോതി കണ്ടിറങ്ങിയ തിരക്കിൽ പെട്ട് 103 അയ്യപ്പഭക്തർ മരിച്ചു വീണ ശബരിമല പുല്ലുമേട് ദുരന്തം പോലും തടയാൻ അയ്യപ്പ ശക്തിക്ക് കഴിഞ്ഞില്ല എന്നുള്ളത് ഭക്തരുടെ ചിന്താവിഷയമേയല്ല. അല്ലെങ്കിൽ തന്നെ CCTV നിരീക്ഷണത്തിലും പതിനെട്ടാം പടിക്ക് മുകളിലെ പ്രത്യേക സായുധ സേനുടെ കാവലിലും സംരക്ഷണയിലുമാണല്ലോ അയ്യപ്പന്റെ സുരക്ഷ.

കഴിഞ്ഞ സീസണിൽ 48 ഭക്തർക്കാണ് ശരണ വഴിയിൽ ജീവൻ നഷ്ടമായത്. ഇങ്ങനെ മരണപ്പെടുന്നവരുടെ കുടുംബത്തിന് 5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പദ്ധതി ദേവസ്വം ബോർഡ് നടപ്പാക്കിയിട്ടുണ്ട്. വെർച്ചൽ ക്യൂ ബുക്ക് ചെയ്യുന്ന ഭക്തർ ഇതിന്റെ പ്രീമിയം നൽകുകയും വേണം. അത്രമാത്രം ഉറപ്പില്ലാത്തതാണ് അനുഗ്രഹം വാങ്ങുന്നവരുടെ ജീവനെന്ന് ദേവസ്വം ബോർഡ് പ്രഖ്യാപിക്കുമ്പോൾ അയ്യപ്പവിശ്വാസത്തിന് തെല്ലും മങ്ങലേൽക്കുന്നില്ല. വിശ്വാസമല്ലേ എല്ലാമെന്ന് പറയുന്നത് വെറുതെയാണോ.

വിശ്വാസത്തിന്റെ യുക്തിയും അയുക്തിയും വെളിവാക്കുന്ന ഹാസ്യസാഹിത്യകാരൻ ചെമ്മനം ചാക്കോയുടെ 'ഏഴ് തേങ്ങ' എന്നചെറുകഥയുടെ ചുരുക്കം ഇങ്ങനെയാണ്. വീടിന്റെ കോൺക്രീറ്റ് നടക്കുന്ന ദിവസം രാവിലെ സ്കൂളിൽ പോകാനിറങ്ങിയ അധ്യാപകൻ മകന്റെ കൈവശം സഞ്ചിയിലാക്കി 7 തേങ്ങ കൊടുത്തു വിടുന്നു. അടുത്ത ഗണപതി ക്ഷേത്രനടയിൽ അടിക്കാനാണ്. മഴ പെയ്യാതിരിക്കാൻ പ്രാർത്ഥിക്കുകയും വേണം. വൈകിട്ട് അധ്യാപകൻ മടങ്ങിവന്നു. പരിശോധിച്ചപ്പോൾ തേങ്ങ രാവിലെ വെച്ച സ്ഥാനത്ത് തന്നെ ഇരിക്കുന്നു, മകനോട് തെല്ല് ഗൗരവത്തോടെ പിതാവ് കാരണം തിരക്കി. തേങ്ങയടിക്കാൻ ഒരുങ്ങുമ്പോഴാണ് മറ്റൊരാൾ 101 തേങ്ങ തുരുതുരാ നടയിൽ അടിക്കുന്നു. ഇന്ന് മഴ പെയ്യണേ എന്നയാൾ പറഞ്ഞു കൊണ്ടിരുന്നു. കൂടുതൽ തേങ്ങ അടിച്ച ഭക്തന്റെ കൂടെയെല്ലേ ദൈവം നിൽക്കൂ പിന്നെ അരക്കാനുള്ള തേങ്ങ വെറുതെ എന്തിനാണ് ഞാൻ പാഴാക്കി കളയുന്നത് എന്ന മറുപടി കേട്ട അന്ധവിശ്വാസിയായ പിതാവിന്റെ തലയിൽ ആയിരം വാട്ട്സിന്റെ പ്രകാശം മിന്നി മറഞ്ഞു.



യുക്തി ഭാഷ

ഇ.ഡി. ഡേവീസ്



'യുക്തിയേന്തി മനുഷ്യന്റെ
ബുദ്ധിശക്തി ഖനിച്ചതിൽ
ലഭിച്ചതല്ലാതില്ലൊന്നും
ലോകവിജ്ഞാന രാശിയിൽ'
(സഹോദരൻ അയ്യപ്പൻ)

# സാംസ്കാരിക വിമർശനവും പവനന്റെ ജീവിതവും

പത്രപ്രവർത്തകനും, സാംസ്കാരിക – സാഹിത്യവിമർശകനും യുക്തിചിന്തകനുമായി ജീവിച്ച പവനന്റെ മനസ്സിൽ എപ്പോഴും ഓളം തള്ളിയിരുന്ന മഹാവാക്യമാണിത്. പവനൻ എന്ന വയലളത്ത് പുത്തൻവീട്ടിൽ നാരായണൻനായരുടെ ജന്മശതാബ്ദി ആഘോഷവേളയാണിത്. കേരള യുക്തിവാദി സംഘം വളരെ ഗൗരവമായി തന്നെ അത് ആഘോഷിക്കുന്നുണ്ട്. എന്നാൽ അവർ മാത്രം ചെയ്യേണ്ട ഒരു സാംസ്കാരിക ദൗത്യമല്ലിത്. എന്തുകൊണ്ട് മറ്റു സാംസ്കാരികസംഘങ്ങൾ ഗൗരവമേറിയ ഒരജണ്ടയായി

പവനന്റെ സാംസ്കാരിക ജീവിതദൗത്യങ്ങളെ കാണുന്നില്ല എന്നത് ഉയരേണ്ട ചോദ്യം തന്നെയാണ്. ഇടതുപക്ഷത്തെ ജാതി-മത പ്രീണന രാഷ്ട്രീയത്തെ പവനൻ പരസ്യമായി വിമർശിച്ചതാണോ പ്രശ്നം? അതോ യുക്തിവാദികളുടെ ആചാര്യനെപ്പറ്റി സംസാരിക്കുന്നതുകൊണ്ട് രാഷ്ട്രീ

യമായ മൈലേജ് ലഭിക്കില്ല എന്നതാണോ പ്രശ്നം? പവനനിൽ ഉണ്ടായിരുന്ന മാർക്സിസ്റ്റ് ചിന്തയാണോ നവനാസ്തികരുടെ വിപ്രതിപത്തിക്ക് ഉള്ള കാരണം? ഉത്തരം കാണാൻ ബുദ്ധിമുട്ടുള്ള ചോദ്യങ്ങളല്ലിത്.

ജാതി-മതസമുദായ പ്രീണനരാഷ്ട്രീയം പവനന്റെ കാലത്തേക്കാൾ ഇന്ന് എത്രയോ വർദ്ധിച്ചിരിക്കുന്നു. ദേശീയപ്രസ്ഥാനത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്ന കോൺഗ്രസ് വെറും അവസരവാദപരമായ രാഷ്ട്രീയത്തെ പിൻപറ്റുന്ന വിശ്വാസസംരക്ഷണമുന്നണിയായി മാറിയിരിക്കുന്നു. 1958-ലെ കുപ്രസിദ്ധമായ വിമോചനസമരകാലത്തെപോലെ അവർ ആത്മവഞ്ചകരായി പെരുമാറുന്നു. സ്വന്തം രാഷ്ട്രീയകാര്യ പരിപാടി ഉപേക്ഷിച്ച് സമുദായപ്രമാണിമാരുടെ കൈയിലെ ചട്ടുകമായതു പോലുള്ള അവസ്ഥ. ദേശീയപ്രസ്ഥാന പാരമ്പര്യം ഒട്ടും അവകാശപ്പെടാനില്ലാത്ത അവസ്ഥയിൽ അവർ എത്തിയിരിക്കുന്നു. ഭക്തി, വ്യവസായമായി മാറുമ്പോൾ ആചാരസംരക്ഷകരെ സൃഷ്ടിക്കുക എന്നത് നിക്ഷിപ്തതാത്പര്യക്കാരുടെ ലക്ഷ്യമായിത്തീരും. അതിന് ചൂട്ടുപിടിച്ചാൽ അധികാരത്തിൽ എളുപ്പത്തിൽ എത്തിച്ചേരാം എന്ന തന്ത്രമാണ് ഇവരെല്ലാം പയറ്റുന്നത്.

സംഘി പ്രത്യയശാസ്ത്രത്തിന്റെ ഹീനതയും വിഷലിപ്തതയും ഇവിടെ ഏറിവരികയാണ്. സാമ്പ്രദായിക ഇടതുപക്ഷത്തും ആശാസ്യകരമല്ലാത്ത ചില കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. അധികാരരാഷ്ട്രീയ പ്രലോഭനങ്ങൾ അതിന്റെ സാംസ്കാരിക രാഷ്ട്രീയദൗത്യങ്ങളെയും തളർത്തിയിട്ടുണ്ട്. ഇത് കാണിക്കുന്നത് നവകേരളനിർമ്മിതിയെ സംബന്ധിച്ച സങ്കല്പങ്ങളിൽ ഉള്ള സാംസ്കാരികരാഷ്ട്രീയ പാപ്പരത്തമാണ്. മാർക്സിസത്തിന്റെ സമീപനം ഉർത്തിപ്പിടിക്കാനുള്ള ഇച്ഛാശക്തിയില്ലായ്മ ഇവിടെ ദൃശ്യമാണ്.

ജനാധിപത്യപരമായ ഭാഷാസാംസ്കാരിക വ്യവഹാരങ്ങളിൽനിന്ന് കേരളീയസമൂഹം പിറകോട്ടു പോകുന്നതിന്റെ ശക്തമായ നടപടികൾ കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടായിരിക്കുന്നു. 2020-ലെ കേന്ദ്രവിദ്യാഭ്യാസ നയത്തിൽ സെക്കുലർ ഡെമോക്രസി എന്ന പദം പോലും ഇല്ലല്ലോ. ആധുനികമായ ഏത് ആശയവും അവർക്ക് നിഷിദ്ധമാണ്. സെക്കുലറിസം പാശ്ചാത്യ ആശയമാണത്രേ. സെക്കുലറിസത്തെപ്പറ്റിയുള്ള ഇന്ത്യൻ വിഭാവനങ്ങളൊന്നും അവർ കണ്ടതായി നടിക്കുന്നില്ല. ജനാധിപത്യ സംവിധാനത്തിലേക്കുള്ള ആദ്യചുവടുകൾ വച്ച രാജ്യത്ത് സെക്കുലറിസം അതിന്റെ മുന്നുപാധിയായി ഉടലെടുക്കുക സ്വാഭാവികമാണ്. ജനാധിപത്യസംസ്കാരത്തോട് അലർജിയുള്ള ഹിന്ദുത്വപ്രത്യയശാസ്ത്ര വിശാരദൻമാർക്ക് സെക്കുലറിസം വഴങ്ങുന്നതെങ്ങിനെ? സവർക്കറിയൻ ഹിന്ദുത്വ പദ്ധതിയുടെ വ്യവഹാരങ്ങളിലേക്ക് മോദിസർക്കാർ നാടിനെ പടിപടിയായി നയിക്കുന്നു. മിക്ക സ്കൂളുകളിലും പാദപൂജ ചെയ്യിപ്പിച്ചാണ് കുട്ടികളെ ഇപ്പോൾ സംസ്കാരം പഠിപ്പിക്കുന്നത് എന്നത് ഓർക്കുക.



എന്താണ് ജനാധിപത്യ സംസ്കാരികരീതി? നൈതികവും രാഷ്ട്രീയവും സാമൂഹികവും ആയ ബഹുസ്വരചിന്തകളുടെയും വൈവിധ്യപൂർണമായ വ്യവഹാരങ്ങളുടെയും കൊടുക്കൽ വാങ്ങൽ പ്രക്രിയയാണത്. പക്ഷേ, വിമർശനങ്ങളെ ശത്രുതാപരമായി സ്വീകരിക്കുന്നതോ അപ്രകാരം പ്രതികരിക്കുകയോ ചെയ്യുന്നത് അതിന്റെ ശൈലിയല്ല. നമ്മുടെ നിയമസഭാംഗങ്ങളും പാർലമെന്റ് അംഗങ്ങളും പിന്തുടരുന്ന വ്യവഹാരശൈലി എത്രത്തോളം ജനാധിപത്യസംസ്കാരത്തെ പ്രതിനിധീകരിക്കുന്നതാണ്? ഭരണ-പ്രതിപക്ഷ രാഷ്ട്രീയ സങ്കുചിതത്വത്തിന്റെ ആദാനപ്രദാനങ്ങളല്ലേ മിക്കപ്പോഴും നടക്കുന്നത്? പ്രതിപക്ഷ ബഹുമാനത്തിന്റെ അടിത്തറ പരസ്പര ബഹുമാനമാണ്. വിയോജിക്കാനുള്ള സ്വാതന്ത്ര്യത്തെ സ്വാംശീകരിക്കലാണ്. വസ്തുതകളെ വസ്തുതകളായി കാണാനുള്ള പരിശീലനമാണ്. പൗരന്മാരോടു പുലർത്തേണ്ട നീതിയുടെ പ്രത്യക്ഷീകരണം ഉണ്ടതിൽ. സുതാര്യതയുടെ സാംസ്കാരിക രാഷ്ട്രീയ മാനങ്ങളുണ്ടതിൽ.

നിയമത്തിന്റെ മുന്നിൽ എല്ലാ പൗരന്മാരും തുല്യരാണ്. ഈ വസ്തുത അംഗീകരിച്ച് പ്രവൃത്തിക്കാൻ സമൂഹികരാഷ്ട്രീയ നേതൃത്വം ഇച്ഛാശക്തി നേടണം.

ഭാഷയിൽ പുലർത്തേണ്ട സാമൂഹ്യമര്യാദകൾ ഏതൊരു പൗരനും അർഹപ്പെട്ടതാണ്. വേഷത്തിന്റെയും ധനാഢ്യത്വത്തിന്റെയും അടിസ്ഥാനത്തിൽ കാര്യങ്ങളെ നിശ്ചയിക്കാൻ മുതിർന്നാൽ അതു ജനാധിപത്യ വിരുദ്ധമാണ്. തുല്യത എന്ന ആശയം സമത്വം എന്ന ആശയം ആണ് ഏതു സാമൂഹ്യസന്ദർഭത്തിലും പൗരൻമാരെ നയിക്കേണ്ടത്. പ്രത്യേകിച്ച് ജനപ്രതിനിധികളെ നയിക്കേണ്ടത്.



ജാതി -മതസമുദായനേതാക്കളെയും ആൾ ദൈവങ്ങളെയും പുരോഹിതന്മാരെയും കാണുമ്പോൾ ഔചിത്യവും പദവിയുടെ മാന്യതയും കളഞ്ഞ്, കുനിഞ്ഞു കൊടുക്കുന്നതല്ല ജനാധിപത്യസംസ്കാരം. പരസ്പര ബഹുമാനത്തിന്റെ തലത്തിൽനിന്ന് ഇടപഴകുന്ന രീതിയാണ് ജനാധിപത്യത്തിന്റേത്. അത് മേലുദ്യോഗസ്ഥ-കീഴുദ്യോഗസ്ഥ ബന്ധമാക്കി മാറ്റരുത്, മുതലാളി -തൊഴിലാളി ബന്ധവുമല്ല. ഒരു തരത്തിലുള്ള ഉച്ചനീചത്വ ബന്ധങ്ങളിലും അത് അധിഷ്ഠിതമല്ല എന്ന ഓർമ്മ നമ്മുടെ ജനപ്രതിനിധികൾക്ക് ഉണ്ടാകണം. വിധേയത്വം എന്ന ഫ്യൂഡൽ സാംസ്കാരികപ്രവണത യാതൊരു കാരണവശാലും ഭാഷയിലും വ്യവഹാരത്തിലും ഇവിടെ സൃഷ്ടിക്കപ്പെടരുത്. പുരോഹിതന്മാരുടെ ഭാഷകളെല്ലാം ഫ്യൂഡൽ മൂല്യങ്ങളിലും വ്യവഹാരങ്ങളിലുമാണ് ഇന്നും അധിഷ്ഠിതമായിരിക്കുന്നത്. അതുകൊണ്ടു കൂടിയാണ് ആചാര സംരക്ഷണവാദത്തെയും വിശ്വാസ സംരക്ഷണവാദത്തെയും എതിർക്കേണ്ടി വരുന്നത്. അത് നിരീശ്വരവാദികളുടെ ഏർപ്പാടാക്കി വ്യാഖ്യാനിക്കുന്നതിന് മാധ്യമ രാജാക്കൾ മുതിരുന്നത് കളങ്കിതമായ പ്രവൃത്തിയാണ്. വസ്തുനിഷ് യാഥാർത്ഥ്യത്തിന് നിരക്കാത്തതാണ്.

പൗരതുല്യത എല്ലാ വ്യവഹാരങ്ങളിലും ഉയർത്തിപ്പിടിക്കുന്ന ആധുനിക മനുഷ്യരുടെ ധാർമ്മികമൂല്യങ്ങളായിരിക്കണം പൗരസ്വത്വത്തിന്റെ അടിത്തറ. ബഹുസ്വരസംസ്കാരവും സ്വതന്ത്രജീവിതവിചിന്തനങ്ങളും സ്വാശ്രയനൈപുണികളും ലളിത ഉപഭോഗരീതികളും ആർജിക്കലാണ് ജനാധിപത്യപരമായ ജീവിതത്തിന്ന് ആവശ്യമായിട്ടുള്ളത്. വിയോജിക്കാനുള്ള സ്വാതന്ത്ര്യമാണ് ജനാധിപത്യ സംസ്കാരത്തിന്റെ ജീവവായു എന്നു ആവർത്തിക്കട്ടെ. ഡോ. ആർ.വി.ജി. മേനോൻ, 'ജനാധിപത്യം: ശൈലിയും സംസ്കാരവും' എന്ന പ്രബന്ധത്തിൽ വ്യക്തമാക്കിയത് ശ്രദ്ധിക്കുക: "ബഹുസ്വരത ഒരർത്ഥത്തിൽ ജനാധിപത്യത്തിന്റെ ജീവവായുവാണ്. പലതരത്തിലുള്ള കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും കൊണ്ടും കൊടുത്തും പുലരുന്ന അന്തരീക്ഷത്തിൽ മാത്രമേ ആരോഗ്യകരമായ പുതുനാമ്പുകൾ പൊട്ടി വിടരുകയുള്ളൂ. ജൈവവൈവിധ്യം അതിജീവനത്തിന് എങ്ങനെ

**ജാതി -മതസമുദായനേതാക്കളെയും ആൾ ദൈവങ്ങളെയും പുരോഹിതന്മാരെയും കാണുമ്പോൾ ഔചിത്യവും പദവിയുടെ മാന്യതയും കളഞ്ഞ്, കുനിഞ്ഞു കൊടുക്കുന്നതല്ല ജനാധിപത്യസംസ്കാരം. പരസ്പര ബഹുമാനത്തിന്റെ തലത്തിൽ നിന്ന് ഇടപഴകുന്ന രീതിയാണ് ജനാധിപത്യത്തിന്റേത്. അത് മേലുദ്യോഗസ്ഥ-കീഴുദ്യോഗസ്ഥ ബന്ധമാക്കി മാറ്റരുത്, മുതലാളി - തൊഴിലാളി ബന്ധവുമല്ല. ഒരു തരത്തിലുള്ള ഉച്ചനീചത്വ ബന്ധങ്ങളിലും അത് അധിഷ്ഠിതമല്ല എന്ന ഓർമ്മ നമ്മുടെ ജനപ്രതിനിധികൾക്ക് ഉണ്ടാകണം.**



ഉതകുന്നുവോ അതുപോലെ തന്നെയാണ് അഭിപ്രായവൈവിധ്യവും പുരോഗമനത്തിന്റെ ചാലകശക്തിയാകുന്നത്. അതുകൊണ്ട് ബഹുസ്വരതയെ സഹിക്കുക എന്നതിനു പകരം, സ്വാഗതം ചെയ്യുക എന്ന നിലയിലേക്ക് നാം വളരേണ്ടിയിരിക്കുന്നു. ഇത് സഹിഷ്ണുതയേക്കാൾ ഒരു പടി കൂടി ഉയർന്ന തലമാണ്. അത്രയും സാധിച്ചില്ലെങ്കിലും സഹിഷ്ണുതയെങ്കിലും ഇല്ലാതെ ജനാധിപത്യം പ്രാവർത്തികമാക്കാൻ കഴിയില്ല എന്നുറപ്പാണ്. ഒരു പക്ഷേ, ഇന്നു കേരളത്തിൽ ഏറ്റവും അപൂർവമായിക്കൊണ്ടിരിക്കുന്ന ജനാധിപത്യ സ്വഭാവസവിശേഷതയും സഹിഷ്ണുതയാണെന്ന് തോന്നുന്നു. വിമർശനത്തോടുള്ള അസഹിഷ്ണുത, തങ്ങളിൽനിന്ന് വിഭിന്നരായ പാർട്ടിക്കാരോടും, മതക്കാരോടും സമുദായങ്ങളോടുമുള്ള അസഹിഷ്ണുത .... ഇതൊക്കെ കൂടിക്കൂടി വരികയാണ്. ഇതിനൊരു കാരണം താൻ കേട്ടുപരിചയിച്ച അഭിപ്രായങ്ങളും കണ്ടുവളർന്ന ചര്യകളും, ചെയ്തു പഴകിയ കാര്യങ്ങളും മാത്രമാണ് ശരി, ബാക്കിയെല്ലാം തെറ്റ് അല്ലെങ്കിൽ രണ്ടാംതരം എന്ന മുൻവിധിയാണ്.''

ഉദ്ധരണി അല്പം നീണ്ടതാണെങ്കിലും വളരെ കാലികപ്രസക്തമാണ് ഇതിന്റെ ഉള്ളടക്കം എന്ന് കൂടുതൽ പറയേണ്ടതില്ലല്ലോ. അദ്ദേഹം കാൽനൂറ്റാണ്ട് മുമ്പ് എഴുതിയതാണ് ഈ പ്രബന്ധം. സുപ്രിംകോടതി വ്യവഹാരത്തിനിടയിൽ ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിക്കു നേരെ ഷൂ ഊരി എറിഞ്ഞത് ഇപ്പോഴത്തെ നമ്മുടെ കേന്ദ്ര ഭരണാധികാരികളുടെ വക്താവാണ്. അദ്ദേഹം പറഞ്ഞത് 'സനാതൻ ധർമ്മകാ അപ്മാൻ നഹി സഹേഗ ഹിന്ദുസ്ഥാൻ' എന്നാണ്. അതായത് സനാതനധർമ്മത്തെ അപമാനിക്കുന്നത് ഇന്ത്യ സഹിക്കില്ല എന്നാണ്. സുപ്രീം കോടതിയിലെ സീനിയർ വക്കീലാണ് ഇത് ചെയ്തതെന്ന് ഓർക്കണം. തനിക്കതിൽ ഒരു കുറ്റബോധവും ഇല്ല എന്നും താൻ ലഹരി ഉപയോഗിച്ചതുകൊണ്ടൊന്നുമല്ല അതു ചെയ്തത് എന്നും ഇപ്പോഴും അദ്ദേഹം അഭിമാനത്തോടെ പറയുന്നു. എവിടെയെത്തിയിരിക്കുന്നു നമ്മുടെ ജനാധിപത്യ സംസ്കാരം? ഇതാണോ സനാതന സംസ്കാരം? ഇതാണോ സാംസ്കാരികദേശീയതയുടെ കർമ്മപദ്ധതി? ചീഫ് ജസ്റ്റീസിനു നേരെ ഷൂ എറിഞ്ഞിട്ട് ആ ഹീനകർമ്മത്തെ അതിന്റെ ഗൗരവത്തിൽ അഭിഭാഷകർ കണ്ടുവോ? മാധ്യമ പ്രതിനിധികൾ? ഭരണഘടനാ വിദഗ്ദ്ധർ? ഈ സാംസ്കാരിക രാഷ്ട്രീയ മരവിപ്പ് ഭീകരരൂപം പ്രാപിക്കുന്നത് നമ്മൾ കാണാതിരുന്നു കൂടാ.

സാമൂഹിക സാംസ്കാരികരംഗത്ത് ഉണ്ടാകുന്ന ഇത്തരം പ്രതികൂലപ്രവണതകളോട് പവനൻ എന്നും കലഹിച്ചിരുന്നു. ആനുകാലികങ്ങളിലൂടെയും പ്രത്യക്ഷസമരങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും പവനന്റെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ എന്ന പുസ്തകത്തിന് പി.ഗോവിന്ദപ്പിള്ള എഴുതിയ അവതാരികയിൽ പ്രസ്താവിക്കുന്നത് ശ്രദ്ധിക്കുക: "നമ്മുടെ സാംസ്കാരികരംഗം വ്യാപാരതാൽപര്യവും ജീർണ്ണപ്രവണതയും യുക്തിവിരോധവും നിരർത്ഥകമായ യുക്തിവൈചിത്ര്യങ്ങളും കൊണ്ട് മലീമസമായിരിക്കുന്ന ഈ ദശാസന്ധിയിൽ പ്രത്യേകിച്ചും പവനന്റെ പ്രബന്ധങ്ങളെ പ്രകാശത്തിന്റെയും ശാസ്ത്രത്തിന്റെയും പുരോഗതിയുടെയും ക്താക്കൾ സ്വാഗതം ചെയ്യും." പവനന്റെ വേർപാടിന് രണ്ടു ദശകങ്ങൾ പിന്നീടുമ്പോഴും സ്ഥിതിഗതിയിൽ മാറ്റമില്ല.

രണ്ടു മേഖലകളിൽ പവനൻ നടത്തിയ വിമർശനാപഗ്രഥനങ്ങൾ വളരെ ശ്രദ്ധേയമാണ്. ഒന്ന് – മാധ്യമരംഗം വ്യവസായവൽക്കരിക്കുന്നതിനും അന്ധവിശ്വാസജടിലമാക്കുന്നതിനും എതിരെ അദ്ദേഹം നടത്തിയ പ്രതികരണങ്ങളും പ്രത്യാഖ്യാനങ്ങളും. കേരളം ഇന്ന് ജാതിയമായ തിരിച്ചുപോക്കിന്റെ പാതയിലാണല്ലോ. അക്കാര്യത്തിൽ മുഖ്യധാരാ മാധ്യമങ്ങൾ ചെയ്ത ദ്രോഹം ഒ



ട്ടും ചെറുതല്ല. രാഷ്ട്രീയവും വ്യവസായികവും ആയ പ്രതികൂല പ്രവണതകളും വിസ്മരിച്ചല്ല ഇതു പറയുന്നത്. 'കമ്പോള സംസ്കാരത്തിന്റെ കടന്നുകയറ്റം' എന്ന ലേഖനത്തിൽ അദ്ദേഹം മൂന്നു ദശകം മുമ്പേ പറയുന്നതു ശ്രദ്ധിക്കുക. ''പത്രങ്ങൾ കോപ്പി വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നത് ആളുകൾ വായിച്ചു നന്നാകണമെന്ന ഉദ്ദേശ്യത്തോടെയല്ല. മദ്യശാല നടത്തുന്നത് ആളുകളുടെ ആരോഗ്യം സംരക്ഷിക്കുവാനാണോ? പത്രവായന ഒരു ലഹരിയാകണം. അതിനു വേണ്ട ഒരു ഭാഷ ഒരുക്കിവെച്ചിട്ടുണ്ട്. ഏതു വിഷയവും കൈകാര്യം ചെയ്യുമ്പോഴും അവർ ഭാഷയുടെ കാര്യത്തിൽ ശ്രദ്ധിക്കും... വായനക്കാർക്ക് ഹരം പകരുകയാണ് പത്രലേഖകന്റെ ലക്ഷ്യം. ഒരിക്കൽ അതു നേടിക്കഴിഞ്ഞാൽ വായനക്കാരൻ ഭാര്യയെ വിവാഹമോചനം ചെയ്താലും പത്രവുമായുള്ള പാണിഗ്രഹണത്തിനു ഭംഗം വരുത്തുകയില്ല." മാധ്യമരംഗത്തെ ദുഷ്ചെയ്തികൾ ഇന്നെത്രയോ വർദ്ധിച്ചിരിക്കുന്നു. മൂല

ധനതാത്പര്യങ്ങളുടെയും വിപണി ത ന്ത്രങ്ങളുടെയും നീരാളിപ്പിടുത്തത്തി ലാണ് പൊതുവിൽ മാധ്യമരംഗം,

മറ്റൊന്ന്, അദ്ദേഹം യുക്തിചിന്തയു ടെ വെളിച്ചത്തിൽ സാഹിത്യരംഗത്തു നടത്തിയ ഇടപെടലുകളാണ്. സോ ഷ്യലിസ്റ്റു റിയലിസത്തിന്റെ അടി സ്ഥാനത്തിൽ നടത്തിയ സാഹിത്യാ പഗ്രഥനങ്ങൾ. ആധുനിക സാഹിത്യ ത്തിന്റെ മുഖമുദ്ര സോഷ്യലിസ്റ്റ് വി രോധമായി നിലനിന്നിരുന്ന കാലമാ യിരുന്നു 1960കളും 70കളും. അക്കാ ലത്ത് ജോസഫ് മുണ്ടശ്ശേരിയും ഗു പ്തൻനായരുമെല്ലാം സോഷ്യലിസ്റ്റ് റി യലിസത്തിനെതിരായി രംഗത്തു വ ന്നിരുന്നു. ഒ വി വിജയനും മുകു ന്ദനും അത്യന്താധുനികതയുടെ പക്ഷത്തുനിന്ന് സോഷ്യലിസ്റ്റ് റി യലിസത്തിന്റെ രചനാശൈലി യെ ഭർത്സിച്ചിരുന്നു. ഈ വാദഗ തികളെല്ലാം പവനൻ സൂക്ഷ്മമാ



യ അപഗ്രഥനത്തിന് വിധേയമാ ക്കി യുക്തമായിത്തന്നെ പ്രതിക രിച്ചിട്ടുണ്ട്.

സോഷ്യലിസത്തിൽ വിശ്വസിച്ച തു കൊണ്ട് സാഹിത്യകാരൻമാർ ക്ക് ഹൃദയച്ചുരുക്കം ഉണ്ടാകുമെ ന്ന വാദം പൂർണ്ണമായും നിരർത്ഥ കമാണെന്ന് പവനൻ പ്രഭാഷണത്തി ലൂടെയും എഴുത്തിലൂടെയും സ്ഥാപി ച്ചെടുത്തു, മനുഷ്യന് സ്വന്തം ഭാവി രൂപപ്പെടുത്താൻ കഴിയുമെന്നും ചരി ത്രത്തിന്റെ ഗതി മാറ്റാൻ കഴിയുമെന്നും തെളിയിച്ച 20 -ാം നൂറ്റാണ്ടിന്റെ സന്ത തിയാണ് സോഷ്യലിസ്റ്റ് റിയലി ലിസം. മാനവികമായ ഇച്ഛാശ ക്തിയുടെ മുന്നേറ്റത്തിന്റെ പ്രതി ഫലനമായി രൂപപ്പെട്ടതാണ് സോഷ്യലിസ്റ്റ് റിയലിസമെന്ന് ഉ ദാഹരണങ്ങളിലൂടെ പവനൻ വി വരിച്ചിരുന്നു. തന്റെ നിലപാട് മു ഖത്തു നോക്കി പറയാനും, ഏ തു പ്രതികൂല സന്ദർഭത്തിലും പ്രതികരിക്കാനും ഉള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. പ ക്ഷേ, അത്തരം സന്ദർഭങ്ങളി ലും, തുടർന്നും വിമർശകരോട് കാലുഷ്യമില്ലാതെ പെരുമാറാ നും അവരുമായി വ്യക്തിബന്ധ ങ്ങൾ കാത്തുസൂക്ഷിക്കാനും ക ഴിഞ്ഞിരുന്നത് അദ്ദേഹത്തിലെ നൈതികവും സുതാര്യവുമായ ജീവിതത്തിന്റെ നിദർശനമാണ്. ജനാധിപത്യസംസ്കാരത്തിന്റെ ഉജ്ജ്വലമായ വ്യക്തിത്വമായിരു ന്നു പവനന്റേത്.

കൂടാതെ, സമൂഹത്തിൽ വ്യാപി ച്ച ഉപഭോഗഭ്രാന്തിനെതിരെയും അദ്ദേഹം ശബ്ദിച്ചു. അതും യു ക്തിഹീനവും ശാസ്ത്രവിരുദ്ധ വും സാമൂഹികവിരുദ്ധവുമായ ഒരു ഏർപ്പാടാണല്ലോ. ഗുരുവാ യൂർ ശ്രീകൃഷ്ണക്ഷേത്രത്തിൽ സ്വർണം പൂശുന്നതിനെതിരെ ന ടത്തിയ സമരത്തിന് പവനൻ നേതൃത്വം നൽകി. ശക്തമായ മർദ്ദനം ഏറ്റു. തൃശൂരിൽ തന്നെ എത്രയോ സാംസ്ക്കാരിക സാ മൂഹികസമരങ്ങളിൽ പവനൻ പ ങ്കാളിയായി. അതിലൊന്നാണ് ചൂ താട്ട വിരുദ്ധ സമരം, കാബറേ വി രുദ്ധ സമരം എന്നിവ.

യുക്തിരേഖയുടെ മുഖ്യ പത്രാധി പർ എന്ന നിലയിൽ ഒന്നരദശക ക്കാലം അദ്ദേഹം ചെയ്ത സാംസ് കാരിക വിമർശനങ്ങൾ എത്ര ശ ക്തിമത്തായിരുന്നു. ശാസ്ത്രീയസ മീപനം ഉയർത്തിപ്പിടിച്ച് എന്നും പൊരുതുകയായിരുന്നു അദ്ദേഹം.

പവനന്റെ ഏറ്റവും വലിയ ഗുണ ങ്ങളിൽ ഒന്ന് ഏതു പ്രശ്നത്തിലും സ്വന്തമായ നിലപാട് ഉയർത്തിപ്പി ടിച്ച് പൊരുതുമ്പോഴും വിയോജി പ്പ് പുലർത്തുന്ന എല്ലാവരുമായും സ്നേഹബന്ധങ്ങൾ കാത്തു സൂ ക്ഷിക്കാനുള്ള കഴിവായിരുന്നു. പ വനന്റെ തൂലികയ്ക്ക് വിശ്രമമുണ്ടാ യിരുന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ



അന്ത്യം വരെ അത് പൊരുതുന്ന തൂലിക തന്നെയായിരുന്നു. 1958ലെ കുപ്രസിദ്ധമാ യ വിമോചനസമരവും അതു രാഷ്ട്രീയരം ഗത്തുണ്ടാക്കിയ ധാർമ്മിക പതനവും ക ണ്ട ഒരു പത്രപ്രവർത്തകനായിരുന്ന അദ്ദേ ഹം.

യുക്തിചിന്ത പ്രചരിപ്പിക്കാനും യുക്തിവാ ദി സംഘത്തിന്റെ നേതാവായി പ്രവർത്തി ക്കാനും ജീവിതത്തിന്റെ മുക്കാൽ പങ്കും മാറ്റി വെച്ചു. സാംസ്കാരിക രംഗത്ത് ധിഷണാശാലിയുടെ ഔന്നത്യത്തോടെ, പോരാളിയുടെ വീറോടെ അരനൂറ്റാണ്ടിലേ റെക്കാലം അദ്ദേഹം പൊരുതി എന്നത് വ ലിയ കാര്യം തന്നെയാണ്. കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ വലിയ അധ്യാ യം തന്നെയായി അതു രേഖപ്പെടുത്തേണ്ട തുണ്ട്. പവനന്റെ സാംസ്കാരികവിമർശന മാതൃക മഹാനായ കുറ്റിപ്പുഴ കൃഷ്ണപ്പി ള്ളയുടെ തുടർച്ചയായി കാണേണ്ടതാണ്. കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ 125-ാം ജൻ മവാർഷിക വേളയാണിത്. സാഹിത്യനി രൂപണനൈപുണ്യം, സാംസ്കാരിക രാഷ് ട്രീയ ജാഗ്രത, കൃത്യമായ നിരീക്ഷണപാട വം, അപഗ്രഥന ശേഷി, ദാർശനികമായ ഔന്നത്യം, ക്ലാസിക് സാഹിത്യകൃതികളി ലുള്ള വലിയ പരിചയം, ലളിതവും സുശ ക്തവുമായ പൊരുതുന്ന ഭാഷാശൈലി എ ല്ലാം കുറ്റിപ്പുഴയെ കേരളധീഷണാമണ് ഡലത്തിൽ ആചാര്യനാക്കി മാറ്റിയി രുന്നു. ഏതാണ്ട് ഈ സൽഗുണങ്ങ ളെല്ലാം പവനനിലും ദൃശ്യമാണ്.





# അന്ധവിശ്വാസ സംരക്ഷണ യാത്രകൾ

കുരീപ്പുഴശ്രീകുമാർ

പ്രാകൃത കേരളത്തെക്കുറിച്ച് സിനിമയെടുക്കാൻ ആരെങ്കിലും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പണച്ചെലവില്ലാതെ അത് സാധിക്കാൻ കഴിയുന്നത് ഇപ്പോഴാണ്. അന്ധവിശ്വാസ സംരക്ഷണജാഥകൾ അരങ്ങുതകർക്കുന്ന കേരളം. ക്യാമറ തെരുവിലേക്ക് തിരിച്ചുവച്ചാൽ മാത്രം മതി. പ്രാകൃതകേരളം ചിത്രീകരിക്കാൻ കഴിയും. സതി നിരോധിക്കാൻ പാടില്ല, ഞങ്ങൾക്ക് ചിതയിൽ ചാടി മരിക്കണം എന്നാക്രോശിച്ചുകൊണ്ട് പണ്ട് ഉത്തരേന്ത്യയിലും മറ്റും നടത്തപ്പെട്ട സ്ത്രീകളുടെ അന്ധവിശ്വാസസംരക്ഷണ ജാഥകളെ ഓർമിപ്പിക്കുന്നതാണ് ഇപ്പോൾ കാണുന്ന ഈ ജാഥകൾ. ഞങ്ങളെ ശബരിമലയിൽ പ്രവേശിപ്പിക്കരുതെന്ന് പറഞ്ഞുകൊണ്ട് സമീപകാലത്ത് നടത്തപ്പെട്ട ജാഥകളെയും ഇത് ഓർമ്മിപ്പിക്കുന്നുണ്ട്. സ്ത്രീകളുടെ കയ്യിൽ നിന്നും ചട്ടുകം പിടിച്ചുവാങ്ങി വലിച്ചെറിഞ്ഞിട്ട്, അവരെത്തന്നെ ചട്ടുകമാക്കുന്ന പുരുഷതന്ത്രമാണ് ഇതിന്റെയൊക്കെ പിന്നിൽ പ്രവർത്തിക്കുന്നത്. ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായപ്പോൾ ഞങ്ങളെ ക്ഷേത്രത്തിൽ കയറ്റരുതേയെന്നുപറഞ്ഞ് കേരളത്തിലെ ദളിതരാരും തെരുവിലിറങ്ങിയില്ല. അക്കാലത്തെ സാമൂഹ്യബോധത്തിൽ നിന്നും കേരളം വളരെ പിന്നിലേക്ക് പോയെന്നാണ് ഇപ്പോഴത്തെ ജാഥകൾ തെളിയിക്കുന്നത്. കേഴുക മമ നാടേയെന്ന് ആയിരം വട്ടം പറയേണ്ടിയിരിക്കുന്നു.

ശബരിമലയിൽ സംഭവിച്ച സ്വർണ്ണക്കൊള്ള സംബന്ധിച്ച അന്വേഷണങ്ങൾ അതിനു ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ നടത്തും. പ്രശ്നം കോടതിയിലെത്തുകയും വിസ്തരിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും. അത് നിയമത്തിന്റെ വഴി. എന്നാൽ ഈ സമയത്ത് ചിന്തിക്കേണ്ടുന്ന മറ്റൊരു കാര്യമുണ്ട്. അത് ഈ സ്വർണ്ണക്കൊള്ള നടന്നപ്പോൾ എല്ലാം അറിയുന്ന ശബരിമല ശ്രീ ധർമ്മശാസ്താവ് എന്തുചെയ്യുകയായിരുന്നു എന്ന ചോദ്യമാണ്. മഹാനായ അയ്യങ്കാളി, അന്ധവിശ്വാസ സംരക്ഷണകേന്ദ്രങ്ങളായ ക്ഷേത്രങ്ങളൊന്നും സ്ഥാപിക്കാത്ത നവോത്ഥാന നായകനാണ്. അദ്ദേഹം സ്വന്തം ജനങ്ങളോട് ഒരിക്കൽ ചോദിച്ചത്, നിനക്ക് വിശക്കുമ്പോൾ നിന്നെ സഹായിക്കാത്ത ദൈവത്തിന് നീയെന്തിനാണ് പണം കൊടുക്കുന്നത് എന്നാണ്. ആ പണം കൊണ്ട് നിന്റെ കുഞ്ഞിന്റെ വിശപ്പടക്കാൻ എന്തെങ്കിലും വാങ്ങിക്കൊടുത്തുകൂടെ എന്നാണ് അദ്ദേഹം ചോദിച്ചത്. മലയാളിയുടെ ചിന്തയിലേക്ക് തൊടുത്തുവിട്ട ഈ ചോദ്യം ഇപ്പോഴും പ്രസക്തമാണെന്ന് ക്ഷേത്രങ്ങളിലെ പണക്കൂമ്പാരങ്ങൾ വിളിച്ചുപറയുന്നുണ്ട്.

കാട്ടിൽ നിന്നും ഈറ്റപ്പുലിയെ മെരുക്കി, അതിന്റെ പുറത്തുകയറി, സ്ക്കൂട്ടറോടിക്കുന്ന ലാഘവത്തോടെ സഞ്ചരിച്ച് പന്തളം വരെയെത്തിയ ദൈവത്തിനു ഈ സ്വർണ്ണക്കൊള്ള കാണാൻ കഴിയാഞ്ഞതെന്തുകൊണ്ട്? ഈ ചോദ്യം ഉന്നയിക്കുമ്പോൾ, വിശ്വാസികളെല്ലാം യുക്തിവാദികൾ ആകുന്നതുകാണാം. ദൈവം ഒരു സങ്കൽപ്പമല്ലേ, ദൈവത്തിനു അതൊന്നും കഴിയില്ല, മനുഷ്യരാണ് അതുചെയ്യേണ്ടതെന്ന യുക്തിയിലേക്ക് അവർ സഞ്ചരിക്കുകയും മനുഷ്യരുടെ അധികാര സ്ഥാനങ്ങളിലേക്ക് അന്ധവിശ്വാസ സംരക്ഷണ യാത്രനടത്തുകയും ചെയ്യും.

മകരവിളക്ക് എന്ന ഭൂലോകതട്ടിപ്പിനെ തുറന്നുകാട്ടിയപ്പോഴും ഇതായിരുന്നു സ്ഥിതി. ചിലപ്രകാശകണികകൾ അന്നുമാത്രം സംയോജിച്ച് മകരജ്യോതിയാവുകയാണെന്ന് വാചകമടിച്ച സന്യാസിമാർ പോലും അന്നുണ്ടായിരുന്നു. ഒടുവിൽ മനുഷ്യർ പൊന്നമ്പലമേട്ടിൽ പോയി, മകരവിളക്ക് കത്തിച്ച സമയത്ത് അമിട്ടും പടക്കവും പൊട്ടിച്ചും, കോടതിയുടെ മുന്നിൽ ഈ വിഷയം എത്തിച്ചുമൊക്കെയാണ് ആ തട്ടിപ്പ് തുറന്നുകാട്ടപ്പെട്ടത്. ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയമുതലെടുപ്പ് നടത്താൻ ശ്രമിക്കുന്ന പാർട്ടികൾ സമൂഹത്തോട് ചെയ്യുന്നത് ഏറ്റവും വലിയ കുറ്റകൃത്യമാണ്. കേരളത്തിൽ കഴിഞ്ഞനൂറ്റാണ്ടിൽ നടന്ന അവിശ്വസനീയമായ നവോത്ഥാന മുന്നേറ്റങ്ങളെയാണ് അവർ പരിഹസിക്കുന്നത്.

മലയരയ സമൂഹത്തിന്റെ വളരെക്കാലമായുള്ള ആവശ്യമാണ്, ശബരിമലയിൽ പൂജാകർമ്മങ്ങൾ ചെയ്യുവാനുള്ള അവകാശം വിട്ടുകിട്ടണമെന്നുള്ളത്. ഇപ്പോൾ പോലും അതാരും ചെവിക്കൊണ്ടിട്ടില്ല. പ്രാകൃത സനാതന ധർമ്മമനുസരിച്ച് ബ്രാഹ്മണർ തന്നെയാണ് ഇപ്പോഴും പൂജകൾ ചെയ്യുന്നത്. പുരോഗമന ഭരണകൂടങ്ങൾക്കുപോലും ഈ വിഷയത്തിൽ ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. ദേവസ്വംബോർഡാകട്ടെ സവർണ്ണ ഭൂരിപക്ഷത്തിന്റെ നിയന്ത്രണത്തിലുമാണ്. ഈ വ്യവസ്ഥിതി നിലനിൽക്കുന്നിടത്തോളം കാലം പോറ്റിമാരുടെ മോഷണം തുടരുക തന്നെ ചെയ്യും. ശ്രീകോവിലിൽ പ്രവേശനമുള്ള ബ്രാഹ്മണർക്ക് ധർമ്മശാസ്താവ് ഒരു പഞ്ചലോഹവിഗ്രഹം മാത്രമാണെന്നും, സ്വർണ്ണപ്പാളിയോ വാതിലോ ഇനി വിഗ്രഹം തന്നെയോ എടുത്തുമാറ്റിയാൽ ദൈവീകനടപടികൾ ഉണ്ടാവുകയില്ലെന്നും നന്നായറിയാം. ഇത്തരം സന്ദർഭങ്ങളിലാണ് അത് നീതന്നെയാണ് തുടങ്ങിയ കഞ്ചാവുന്യായങ്ങൾ പുറത്തുവരുന്നത്. നവീനകേരളം ഇത് തിരിച്ചറിയേണ്ടതുണ്ട്.

എല്ലാം കാണുകയും അറിയുകയും ചെയ്യുന്ന സർവ്വശക്തനാണ് ശബരിമല അയ്യപ്പനെന്ന അന്ധവിശ്വാസം അനുസരിച്ചാണെങ്കിൽ ഈ കവർച്ച അദ്ദേഹത്തിന്റെ അറിവോടെ നടന്നതായിരിക്കുമല്ലോ. അപ്പോൾപിന്നെ അന്വേഷിച്ചിട്ടും അന്ധവിശ്വാസ സംരക്ഷണ ജാഥ നടത്തിയിട്ടും ഒരുകാര്യവുമില്ല. എല്ലാം അയ്യപ്പനിശ്ചയം എന്നു സമാധാനിക്കാവുന്നതേയുള്ളൂ. കാര്യങ്ങൾ അങ്ങനെയൊന്നുമല്ലെന്ന തിരിച്ചറിവുള്ളതുകൊണ്ടാണ് കള്ളനെ പിടിക്കണമെന്ന് എല്ലാ മലയാളികളും ആഗ്രഹിക്കുന്നത്.

ത്രേസ്യ എൻ ജോൺ, (M):8547243223



# രോഗം അപരനിലോ?

(ANOSOGNOSIA)



വിദേശത്ത് പലയിടത്തും ബിസിനസ്സ് സ്ഥാപനങ്ങളുണ്ടായ ആൾക്ക്. പങ്കാളി സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടറാണ്. മൂത്തകുട്ടി എം.ബി.എ വിദ്യാർത്ഥിനിയാണ്. ഇളയ മകൾ ഏഴാം ക്ലാസ്സിൽ പഠിക്കുന്നു. ഭാര്യയ്ക്ക് സ്കിസോഫ്രനിയ ആണ്. കൗൺസലിംഗ് വേണം. ശരിയാക്കിയെടുക്കാനാകുമോ എന്ന് സെഷന് ശേഷം പറയണം എന്നാണ് അയാളുടെ ആവശ്യം.

ശാമിലിയുടെ കുട്ടിക്കാലം സുന്ദരമായിരുന്നു. വളരെയധികം സ്നേഹവും കരുതലുമുള്ള മാതാപിതാക്കളായിരുന്നു. പഠിക്കാൻ മിടുക്കിയായിരുന്ന അവളെ സർക്കാരുദ്യോഗസ്ഥരായ മാതാപിതാക്കൾ എല്ലാവിധത്തിലും പ്രോത്സാഹിപ്പിച്ചു. നാട്ടിലെ ഏറ്റവും നല്ല മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ് പാസ്സായ അവൾ സ്പെഷ്യാലിറ്റിയും സൂപ്പർ സ്പെഷ്യാലിറ്റിയും നേടി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഒരു സീനിയർ പോസ്റ്റിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

കൃത്യസമയത്ത് തന്നെ ക്ലിനിക്കിലെത്തിയ ശാമിലിയോട്, ഭർത്താവ് വിളിച്ചിരുന്നു, എന്താണ് വിഷയം, എന്തുകൊണ്ടാണ് ശാമിലിയ്ക്ക് കൗൺസലിംഗ് ആവശ്യമാണെന്ന് പറയുന്നത് എന്നെല്ലാമുള്ള എന്റെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ അവർ നന്നെ ബുദ്ധിമുട്ടി. തന്റെ ഔദ്യോഗിക ജീവിതത്തിൽ വന്നുപെടുന്ന പല തരത്തിലുള്ള പ്രശ്നങ്ങളെയും അഭിമുഖീകരിക്കാൻ പ്രാപ്തയായ അവർ ഒരു കുഞ്ഞിനെപ്പോലെ കരച്ചിലടക്കാൻ പ്രയാസപ്പെട്ടു. കുറെയേറെ കാലമായി മനസ്സിൽ സൂക്ഷിച്ചിരുന്ന വിഷമങ്ങളുടെ അണക്കെട്ടു പെട്ടിയൊഴുകുകയായിരുന്നു. കുറച്ച് മനസ്സ് ശാന്തമായപ്പോൾ അവർ സംസാരിച്ചുതുടങ്ങി. കുടുംബത്തെക്കുറിച്ച് നെഗറ്റീവായി സംസാരിക്കേണ്ടിവരുന്നത് ഇഷ്ടമുള്ള കാര്യമല്ല. പക്ഷെ യാഥാർത്ഥ്യം പറയാതെയിരിക്കാനുമാകില്ലല്ലോ. അങ്ങനെ പറയുമ്പോൾ എന്നെ മോശം ആളായി കാണാതെയിരിക്കണെ, കുടുംബം എനിക്ക് ഏറ്റവും പ്രിയപ്പെട്ടതാണെന്നത് മനസ്സിലാക്കണം എന്ന അഭ്യർത്ഥനയോടെയാണവർ സംസാരിക്കാനാരംഭിച്ചത്.

പത്തൊമ്പത് വർഷമായി ശാമിലിയെ രാജ് വിവാഹം കഴിച്ചിട്ട്. രാജിന് ദുബായിലായിരുന്നു ജോലി. വിവാഹശേഷം ജോലി രാജി വെച്ച് റിയൽ എസ്റ്റേറ്റ് ബിസിനസ്സ് തുടങ്ങി. നല്ല രീതിയിൽ ബിസിനസ്സ് വളർന്നു വന്നു. ഇടയ്ക്ക് നാട്ടിലെത്തുമ്പോഴെല്ലാം രാജ് അവരുടെ രണ്ടു കുട്ടികളുമായി നന്നായി ഇടപഴകും. മൂത്തയാൾ 10-ാം ക്ലാസ്സിലെത്തിയപ്പോൾ നമ്മുടെ നാട്ടിലെ അമ്മമാർക്ക് പിടികൂടുന്നപോലെ ശാമിലിയ്ക്ക് ആധിയായി. തന്റെ കുട്ടി വേണ്ടത്ര പഠിക്കുന്നില്ല എന്ന തോന്നലിൽ രാജിനോട് നിരന്തരം പരാതിപറച്ചിൽ പതിവായി. അവധിയ്ക്ക് നാട്ടിലെത്തിയ രാജിന് ശാമിലി കുഞ്ഞുങ്ങളെ വല്ലാതെ നിയന്ത്രിക്കുന്നതായി തോന്നി. കുട്ടികളുടെ കുരുത്തക്കേടുകൾക്ക് യാതൊരു തരത്തിലുമുള്ള നിയന്ത്രണങ്ങളും രാജിന് സ്വീകാര്യമല്ലായിരുന്നു. അവരോട് പഠിക്കാൻ പറയുന്നതൊ, മൊബൈൽ ഉപയോഗം നിന്ത്രിക്കുന്നതൊ ഒക്കെ കുട്ടികളെ അനാവശ്യമായി നിയന്ത്രിക്കുന്നതാണെന്ന് അയാൾ കണ്ടെത്തി. നന്നായി പഠിച്ചത് കൊണ്ടുമാത്രം സ്വന്തം ജീവിതം കെട്ടിപടുത്ത ശാമിലിയ്ക്ക് കുഞ്ഞുങ്ങൾ പഠനത്തിൽ പിന്നോട്ട് പോകുന്നത് ഗൗരവമുള്ള കാര്യം തന്നെയാണ്. പത്താം ക്ലാസ്സ് കഴിഞ്ഞതെ മുത്ത മകളെ ഹോസ്റ്റലിലാക്കി. ഇനിയും അവൾക്ക് പാഠം പറഞ്ഞുകൊടുക്കാൻ ശാമിലിക്ക് ബുദ്ധിമുട്ടാകും അതുകൊണ്ട് ഹോസ്റ്റലിലാക്കാം എന്നാണ് രാജ് ശാമിലിയോട് പറഞ്ഞത്. ഇപ്പോൾ രണ്ടാമത്തെ മകളേയും ഹോസ്റ്റലിൽ ആക്കാം എന്ന് നിർബന്ധം പിടിക്കുകയാണ്. അവൾ

ക്ക് 10 വയസ്സേ ആയിട്ടുള്ളൂ. ഹോസ്റ്റൽ എന്ന് കേട്ടപ്പോൾ ഏതോ ടൂർ പ്രോഗ്രാമിന് പോകുന്ന ഉത്സാഹത്തിലാണ് ആ കുഞ്ഞ്. ശാമിലിയോടൊപ്പം ജീവിച്ചാൽ കുഞ്ഞുങ്ങൾ അനാവശ്യമായി നിയന്ത്രിക്കപ്പെടും എന്നാണ് രാജിന്റെ കണ്ടുപിടുത്തം.

യഥാർത്ഥ മാനസീകപ്രശ്നം രാജിനാണെന്ന് മനസ്സിലായി. പക്ഷെ ശാമിലി അകപ്പെട്ടിരിക്കുന്ന കുരുക്കിൽ കുട്ടികളും അവരറിയാതെ തന്നെ ഇരയാക്കപ്പെടുന്നു എന്ന് വ്യക്തം. കാര്യങ്ങളുടെ പോക്ക് ഡോ. ശ്യാമിലിയ്ക്ക് മനസ്സിലാകുന്നുണ്ട്. വിവാഹശേഷം രാജിന്റെ അമ്മ വളരെ വിചിത്രമായ രീതിയിലാണ് ശ്യാമിലിയോട് ഇടപെട്ടത്. പലപ്പോഴും തള്ളിയിടാൻ നോക്കിയിട്ട് ശ്യാമിലിയാണ് അവരെ തള്ളിയിടാൻ ശ്രമിച്ചതെന്ന് പറയുക, കറികളിൽ ഉപ്പ് കൂടുതലിടുക, തന്റെ വസ്ത്രം മാത്രം കീറി വെക്കുക. ശ്യാമിലി പറഞ്ഞു എന്നവണ്ണം മറ്റുള്ളവരെ തെറ്റിധരിപ്പിക്കുക, അങ്ങനെ നിരവധിയായ പ്രശ്നങ്ങൾ അവർ അഭിമുഖീകരിക്കേണ്ടിവന്നു. ആദ്യമൊക്കെ അവരൊരു ചീത്ത സ്ത്രീയാണെന്നാണ് കരുതിയത്. വിവാഹശേഷം രണ്ടാഴ്ച കഴിഞ്ഞാണ് രാജ് അമ്മയ്ക്ക് സ്കിസോഫ്രനീയ ആണെന്നും മരുന്ന് കഴിക്കുന്നുണ്ടെന്നും ശ്യാമിലിയോട് പറഞ്ഞത്. വിവാഹം ചെയ്തുപോയി എന്നത് കൊണ്ട് മാത്രം മുന്നോട്ട് ജീവിക്കുകയെ അവർക്ക് വഴിയുണ്ടായിരുന്നുള്ളൂ. താമസിക്കാതെ അവർ വെറൊരു വീട് വാങ്ങി അങ്ങോട്ട് താമസം മാറുകയും ചെയ്തു. ചെറിയ രീതിയിൽ ശാമിലിയെ പലപ്പോഴും കുറ്റപ്പെടുത്തുമായിരുന്നു രാജ്. ഇപ്പോൾ നാട്ടിലെത്തിയാൽ രാജ് ഉറങ്ങുന്നത് വേറെ റൂമിലാണ്. കൂടെ കിടന്നാൽ ശ്യാമിലി രാജിനെ മുറിവേൽപ്പിക്കുന്നു. വസ്തുക്കൾ നശിപ്പിക്കുന്നു, മൊബൈൽ പൊട്ടിക്കുന്നു തുടങ്ങി നിരവധിയായ കാരണങ്ങളാണ് കണ്ടുപിടിക്കുന്നത്.

ആദ്യ സെഷനുശേഷം രാജിനോട് ശാമിലിയ്ക്ക് മാനസീകരോഗമൊന്നും ഉള്ളതായി കണ്ടെത്താനായില്ലെന്ന് പറഞ്ഞപ്പോൾ ശാമിലി മാഡത്തിനേയും സ്വാധീനിച്ചുവോ എന്നാണ് പ്രതികരിച്ചത്. വിവാഹശേഷം വീട്ടിലെത്തിയപ്പോൾ തന്നെ അപായപ്പെടുത്തുമെന്ന കഠിനമായ ചിന്തകൾ അമ്മായിഅമ്മയ്ക്കുള്ളതിനാൽ ശാമിലിയ്ക്ക് ഭർത്തൃഹൃഹത്തിൽ താമസിക്കാൻ പറ്റുമായിരുന്നില്ല. ജനിതകപരമായ കാരണങ്ങൾ ഉള്ളത്കൊണ്ടുതന്നെയാകാം രാജിന് ഇപ്പോൾ അത്തരം ലക്ഷണങ്ങൾ ഉരുവെടുത്തതെന്ന് വേണം കരുതാൻ.

ഇടയ്ക്ക് പാരനോയിഡ് ആണ് എന്ന് സ്വയം സംശയം തോന്നാറുണ്ടെങ്കിലും അടുത്ത നിമിഷം തന്നെ തന്റെ ഭാര്യയ്ക്ക് അസുഖമുണ്ട് തന്നെ അപായപെടുത്തിയേക്കാം എന്നാണ് അയാളുടെ തലച്ചോർ പറയുക. ഇംഗ്ലീഷിൽ Anosognosia എന്നാൽ രോഗി രോഗമാണെന്ന് മനസ്സിലാക്കാതെയിരിക്കുകയൊ സമ്മതിക്കാതെയിരിക്കുകയൊ ചെയ്യുന്ന അവസ്ഥയാണ്. രാജിന്റേത് ആ അവസ്ഥയാണെന്ന് വേണം കരുതാൻ.



അടുത്ത സെഷന് ശാമിലി മകളുമായാണെത്തിയത്. പിതാവിന്റെ നിരന്തരമായ മസ്തിഷ്ക്ക പ്രക്ഷാളനം മൂലം അവളും അമ്മയ്ക്ക് അസുഖമുണ്ടെന്ന് തന്നെയാണ് കരുതിയിരുന്നത്. സ്കിസോഫ്രേനിയയുടെ ലക്ഷണങ്ങൾ അവളെ പറഞ്ഞു മനസ്സിലാക്കാൻ നന്നേ കഷ്ടപ്പെടേണ്ടിവന്നു. ആദ്യമൊക്കെ ഞാൻ പറയുന്നത് വളരെ അവഗണനാഭാവത്തോടെ കേട്ട അവൾ പിന്നീട് ശ്രദ്ധിച്ചു കേട്ടു. ആ കുടുംബത്തിൽ അമ്മയുടെ വിഷമങ്ങൾ മനസ്സിലാക്കാനും അച്ഛന്റെ രോഗാവസ്ഥയ്ക്കനുസരിച്ച് പെരുമാറാനും കൊച്ചനുജത്തിയെ വേണ്ടവിധം സപ്പോർട്ട് ചെയ്യാനും തയ്യാറാണെന്ന ഉറപ്പിലാണ് അവരെ പറഞ്ഞയച്ചത്. സ്വയം രോഗാവസ്ഥയിലാണെന്നറിയാതെ അപരനിൽ രോഗം കണ്ടെത്തുന്ന അവസ്ഥ കൈകാര്യം ചെയ്യുന്നത് ശ്രമകരമാണ്. രോഗാവസ്ഥമൂലമാണ് ഇങ്ങനൊയൊക്കെ പ്രവർത്തിക്കുന്നതെന്ന തിരിച്ചറിവ് മാത്രമെ അവരെ രോഗിയുടെ മാറ്റങ്ങൾക്കനുസരിച്ച് ജീവിക്കാൻ പ്രാപ്തരാക്കൂ. ഇത്തരം കേസ്സുകളിൽ രോഗി ആരാണോ അവർ അത് തിരിച്ചറിയുകയുമില്ല അപരനെ കുറ്റപ്പെടുത്തുകയും ചെയ്യും. വളരെ നിഗൂഢമായ കാര്യങ്ങൾ അപരൻ ചെയ്യുന്നുവെന്ന് കണ്ടെത്തിക്കൊണ്ടിരിക്കുന്ന ഇവർക്ക് അപരൻ അപായപ്പെടുത്തുമെന്ന ഭീതി സദാ പിന്തുടരുകയും ചെയ്യും. രോഗിയോടൊപ്പം ജീവിക്കുന്നവരെ ബോധവത്ക്കരിക്കലാണ് പ്രധാനപ്പെട്ടത്. രോഗിയെ ചികിത്സയ്ക്ക് വിധേയമാക്കേണ്ടതും അനിവാര്യമാണ്. ശാമിലി ഒരു ഡോക്ടറാണെങ്കിലും തന്റെ ഭർത്താവ് വളരെ ഗൗരവമുള്ള ഒരു മാനസീകരോഗം തന്നിൽ ആരോപിക്കുന്നത് നേരിടാനുള്ള മാനസീകാവസ്ഥയുണ്ടായിരുന്നില്ല. വരും നാളുകളിൽ രോഗാവസ്ഥ മൂർച്ചിക്കാനിടയുണ്ട് എന്നത് കൊണ്ട് തന്നെ വൈകാരികമായല്ല ഈ സാഹചര്യത്തോട് പ്രതികരിക്കേണ്ടതെന്ന ബോധം അവരിലുണ്ടാക്കാനുതകും വിധം തെറാപ്പികൾ ചെയ്യേണ്ടി വന്നു.



ബിജു സുമംഗല

# മനുഷ്യസ്നേഹിയായ ആനന്ദ സ്വാമി തീർത്ഥൻ



ജാതിവിവേചനത്തിനെതിരെ മരണം വരെ പോരാടിയ ശ്രീ നാരായണ ഗുരുവിന്റെ അവസാനത്തെ ശിഷ്യൻ ആയിരുന്നു ആനന്ദതീർഥൻ. ആർക്കും സന്യാസദീക്ഷ നൽകാതെ ഹരിജനോദ്ധാരണത്തിലൂടെ സാമൂഹിക പരിഷ്കരണത്തിന് മാത്രം ശ്രദ്ധനൽകിയ മനുഷ്യനായിരുന്നു അദ്ദേഹം. തലശ്ശേരിയിലെ ഗൗഡ സാരസ്വത ബ്രാഹ്മണ സമുദായത്തിൽപ്പെട്ട ഒരു യാഥാസ്ഥിതിക കുടുംബത്തിലെ രാമചന്ദ്ര റാവുവിന്റെയും ദേവുഭായിയുടെയും അഞ്ചാമത്തെ പുത്രനായി ജനിച്ച കണ്ണൂർ കാരനാണ് അനന്ത ഷേണായിയെന്ന ആനന്ദതീർഥൻ. ശ്രീനാരായണ ഗുരുവിൽ നിന്നാണ് ആനന്ദതീർഥൻ സന്യാസദീക്ഷ സ്വീകരിച്ചത്. മദ്രാസ് പ്രസിഡൻസി കോളെജിൽ നിന്ന് ഫിസിക്സിൽ ഓണേഴ്സ് ബിരുദ കാലത്തുതന്നെ അനന്തഷേണായിയെ ജാതിയെന്ന ദുരാചാരം അതിശക്തമായി വേട്ടയാടിയിരുന്നു. ഗുരുവായൂരിലെ ഒരു കടയിൽ നിന്ന് ശർക്കര വാങ്ങാൻ പോയപ്പോഴും അമ്പലക്കുളത്തിൽ കുളിക്കാൻ ചെന്നപ്പോഴും ജാതി ചോദിച്ചത് അനന്തന്റെ മനസിനെ അസ്വസ്ഥതപ്പെടുത്തിയിരുന്നു. ഇത് മനുഷ്യത്വ രഹിതമായ അനുഭവമായിരുന്നു, ഇനി മുതൽ ജാതി വെളിപ്പെടുത്താൻ കഴിയില്ലെന്ന ഉറച്ച തീരുമാനത്തിലേക്കാണ് അനന്തൻ എത്തുന്നത്. അനന്തന്റെ ഈ തീരുമാനം ഒടുവിൽ ജാതിക്കോമരങ്ങൾ അദ്ദേഹത്തെ മർദ്ദിക്കുന്നിടം വരെ എത്തിയിരുന്നു. അതേസമയം അനന്തൻ എന്ന ധീരനായ യുവാവിന്റെ മനസ് ചെന്നെത്തിയത്, ജാതി നിർമ്മാർജനം എന്ന ഉറച്ച മാനവിക നിലപാടിലേക്കായിരുന്നു.

കോളെജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ അനന്ത ഷേണായി ചെന്നെത്തിയത് സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിലേക്കായിരുന്നു. ഗാന്ധിജിയായിരുന്നു ആദ്യം ആകൃഷ്ടനായ സ്വാതന്ത്ര്യ സമര ദേശീയ നേതാവ്. തന്റെ 23-ാം വയസിൽ കാൽനടയായി സബർ മതി സന്ദർശിച്ചു കൊണ്ടായിരുന്നു സാമൂഹ്യ പ്രവർത്തനത്തിന് തുടക്കമിടുന്നത്. 1930 ൽ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കവേ തമിഴ്നാട്ടിലെ വേദാരണ്യത്തി



**പൊതു സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ട ദളിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ, വിദ്യാഭ്യാസമാണ് നൽകണ്ടേതെന്ന ഉറച്ചബോധ്യമായിരുന്നു ആനന്ദതീർഥൻ പയ്യന്നൂരിൽ സ്ഥാപിച്ച ശ്രീ നാരായണ വിദ്യാലയം. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട വിദ്യാർഥികൾക്ക് വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ നൽകുക, അവരിൽ ശുചിത്വബോധവും സ്വാശ്രയത്വവും വളർത്തുക എന്നതായിരുന്നു ശ്രീ നാരായണ വിദ്യാലയത്തിന്റെ ലക്ഷ്യം.**

ലേക്ക് പോകവേ ഷേണായി എന്ന സമരനേതാവ് അറസ്റ്റ് ചെയ്യപ്പെടുന്നു. വെല്ലൂരിലെ ജയിൽ വാസം, ഏ.കെ.ജിയെയും കെ.പി.ആർ ഗോപാലനെയും ജി.രാമചന്ദ്രനെയും പരിചയപ്പെടാനും ആശയവിനയം നടത്താനും ഷേണായിക്ക് സാധിച്ചു. തമിഴ്നാട്ടിലെ ദളിതർ അനുഭവിച്ച മനുഷ്യത്വവിരുദ്ധമായ ദുരിതങ്ങളാണ് അനന്ത ഷേണായിയെ ഏറെ ദുഃഖിപ്പിച്ചത്. അത്തരം ദുരിത ജീവിതാനുഭവങ്ങൾ, ജാതിവ്യവസ്ഥ ഉന്മൂലനം ചെയ്യാൻ തന്റെ ജീവിതം വരെ ഉഴിഞ്ഞു വയ്ക്കാൻ ഷേണായിയെ പ്രേരിപ്പിച്ചു. ദളിതർക്ക് വിദ്യാഭ്യാസം നൽകിക്കൊണ്ട് മാത്രമേ ഇത് സാധ്യമാകൂ എന്ന് സ്വാതന്ത്ര്യ സമരസേനാനി കൂടിയായ ഷേണായി തീരുമാനമെടുക്കുന്നതും ഈ സന്ദർഭത്തിലാണ്. ഈ തീരുമാനത്തിലൂടെ ഷേണായി എന്ന വിപ്ലവകാരിയെ കൊണ്ടുചെന്നെത്തിച്ചത് ശ്രീ നാരായണ ഗുരുവിന്റെ അടുക്കലേക്കാണ്. 1928 ൽ ഗുരുവിൽ നിന്ന് സന്യാസദീക്ഷ സ്വീകരിച്ച അനന്ത ഷേണായി അതോടെ സ്വാമി ആനന്ദതീർഥനായി.

പൊതു സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ട ദളിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ, വിദ്യാഭ്യാസമാണ് നൽകണ്ടേതെന്ന ഉറച്ചബോധ്യമായിരുന്നു. ആനന്ദതീർഥൻ പയ്യന്നൂരിൽ സ്ഥാപിച്ച ശ്രീ നാരായണ വിദ്യാലയം. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട വിദ്യാർഥികൾക്ക് വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ നൽകുക, അവരിൽ ശുചിത്വബോധവും സ്വാശ്രയത്വവും വളർത്തുക എന്നതായിരുന്നു ശ്രീ നാരായണ വിദ്യാലയത്തിന്റെ ലക്ഷ്യം.

ഗുരുവായൂർ സത്യാഗ്രഹത്തിലും ഉത്തരകേരളത്തിലെ അവർണ - സവർണ ക്ഷേത്രങ്ങളിൽ പ്രവേശനം ഇല്ലാതിരുന്ന ദളിതരെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കുന്നതിനും ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം നേടിക്കൊടുക്കുവാനുള്ള നിരവധി പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയത് ആനന്ദതീർഥനാണ്. പറശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം, മാടായിക്കാവ്, പയ്യന്നൂർ സുബ്രഹ്മണ്യ ക്ഷേത്രം, രാമുവില്യം കഴകം തുടങ്ങിയ ക്ഷേത്രങ്ങളിലെ ദളിത് ആരാധനാ സ്വാതന്ത്ര്യത്തിനായുള്ള ആനന്ദതീർഥരുടെ ധീരമായ ഇടപെടൽ കേരളത്തിന്റെ എക്കാലത്തെയും നിരവധി ക്ഷേത്രപ്രവേശന സമരചരിത്രത്തിന്റെയും കൂടി ഭാഗമായുള്ളപോരാട്ടമാണ്. കുഞ്ഞിമംഗലം, അണീക്കര , ഒദയമ്മാടം, ചെറുകുന്ന്, കല്യാശേരി പാപ്പിനിശേരി തുടങ്ങിയ സ്ഥലങ്ങളിൽ സ്കൂളുകളിൽ നടന്നിരുന്ന ജാതിവിലക്കുകളും എതിർപ്പുകളെയും മറികടന്ന് ദളിത് കുട്ടികൾക്ക് പ്രവേശനം നേടിക്കൊടുക്കുന്നതിൽ ആനന്ദ തീർഥർ വഹിച്ച പങ്ക് ഒരിക്കലും കേരളത്തിലെ പൊതു സമൂഹത്തിന് വിസ്മരിക്കാവുന്നതല്ല. 1931 നവംബർ 21 നാണ് രാജാജിയുടെ നിർദ്ദേശാനുസരണം ആനന്ദതീർഥ ശ്രീ നാരായണ വിദ്യാലയം എന്ന സ്ഥാപനം ആരംഭിച്ചത്. അക്കാലത്തൊന്നും ഹരിജന ബാലന്മാർക്ക് പൊതുവിദ്യാലയങ്ങളിൽ പ്രവേശനമുണ്ടായിരുന്നില്ല. അന്ന് മിഷൻ സ്കൂളിൽ സ്കൂളിൽ പ്രവേശനം നിഷേധിക്കപ്പെട്ട ഒരു വിദ്യാർഥിയായിരുന്നു പിന്നീട് മികച്ച അധ്യാപക സേവനത്തിനുള്ള ദേശീയ അവാർഡ് നേടി പ്രസിദ്ധനായ പ്രഭാകരശർമ. ശർമ, മാരാർ, നമ്പ്യാർ എന്നീ പേരുകൾകുട്ടികൾക്ക് ആനന്ദതീർഥർ ബോധപൂർവ്വം ഇടുമായിരുന്നു. കുഞ്ഞിമംഗലം, അണീക്കര , പൂമാല ഭഗവതിക്കാവിൽ പ്രവേശിക്കാനെത്തിയ ദളിതരോടൊപ്പം ഉണ്ടായിരുന്ന ആനന്ദതീർഥർക്കും മർദ്ദനമേറ്റു .കുളം, കിണർ, പൊതുവഴി, ചായക്കട, ബാർബർ ഷോപ്പ് എന്നിവിടങ്ങളിലെല്ലാം ജാതിവെറിയെ മാറ്റാനുള്ള പരിശ്രമമാണ് തീർഥർ നടത്തിയത്. ഗുരുവായൂർ ഊട്ടുപുരയിൽ ബ്രാഹ്മണർക്ക് മാത്രമായി നൽകി വന്നിരുന്ന സദ്യ എല്ലാ ഹിന്ദുക്കൾക്കും ലഭിക്കുന്നതിനുള്ള സത്യാഗ്രഹം ഇന്നും പ്രസക്തമാണ്. ഒട്ടേറെ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ച കേരളത്തിൽ ഇന്നും നിരവധി അംഗീകാരത്തോടെ പ്രൗഢിയിൽ വിളങ്ങുന്ന ഗാനഗന്ധർവ്വൻ യേശുദാസിന് ഇന്നും ഗുരുവായൂർ ക്ഷേത്രം അന്യം എന്നും ഈ യവസരത്തിൽ ഓർക്കേണ്ടതാണ്.

ആനന്ദതീർഥർക്ക് ഒറ്റ ല



ക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. ജാതിമത പരിഗണനകൾ വച്ചു കൊണ്ടുള്ള ഉച്ച നീചത്വങ്ങൾ അവസാനിപ്പിക്കണം. ഹരിജനങ്ങൾ മറ്റുള്ളവർക്ക് തുല്യരായി പരിഗണിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥ ഉണ്ടാകണം. ഒരു ജാതി, ഒരു മതം, ഒരു ദൈവം,മനുഷ്യന് എന്ന് ഉദ്ഘോഷിച്ച ശ്രീനാരായണ ഗുരുവിന്റെ പ്രവർത്തനങ്ങൾ അക്ഷരാർഥത്തിൽ ഏറ്റെടുക്കുകയായിരുന്നു ആനന്ദതീർഥർ ചെയ്തത്. ഗുരുവിന്റെ ജാതിരഹിത സമൂഹത്തിന് ഊന്നൽ നൽകിയ ആനന്ദതീർഥർ, ആരെതിർത്താലും കല്ലെറിഞ്ഞാലും ആക്രമിച്ചാലും അണുകിടഭയമില്ലാതെ ഒറ്റയാനായി നടന്നുകൊണ്ട് തനിക്ക് പറയാനുള്ളത്, പഠിപ്പിക്കാനുള്ളത് ധീരമായി പറഞ്ഞു കൊണ്ടേയിരുന്നു.

തുടർന്നങ്ങോട്ട് നാടെങ്ങും നടന്നുകൊണ്ടിരുന്ന ഹരിജന മർദ്ദനത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്കാണ് ആനന്ദതീർഥർ നേതൃത്വം നൽകിയത്. പട്ടുവം കടവിൽ ഒരു ഹരിജൻ മുട്ടോളം വെള്ളത്തിൽ മുങ്ങി മരിച്ച സംഭവം, കോഴിക്കോട് ജില്ലയിലെ ഹരിജനങ്ങളെ കുഴിയൊഴിപ്പിക്കൽ, 1941-ലെ കൊച്ചിരാജ്യത്തെ പാല്യം രാജാവിന്റെ ക്ഷേത്രത്തിലെ ഹരിജന പ്രവേശനം, തിരുവിതാംകൂറിലെ ഹരിജന സേവാ സംഘം നടത്തിയ ക്ഷേത്രപ്രവേശന പ്രക്ഷോഭം തമിഴ്നാട്ടിൽ ഹരിജൻ സേവാ സംഘം മേലൂർ കേന്ദ്രമാക്കി നടത്തിയ അയിത്തോച്ചാടന പ്രവർത്തനം, ശാസ്തമംഗലത്തെ ഹരിജൻകുട്ടിക്ക് ബാർബർ ഷോപ്പിൽ കടക്കാൻ പറ്റാത്ത സംഭവം, 1971 - ലെ അഗൽപ്പാടിയിലെ ദുർഗാ പരമേശ്വരിക്ഷേത്രപ്രവേശനം, - ഇവിടെയെല്ലാം സ്വാമി ആനന്ദതീർഥർ അനുഭവിച്ച കൊടിയ, കഠിനമർദ്ദനങ്ങൾ, പോലീസ് കേസുകൾ കൊല്ലാനുള്ള ശ്രമങ്ങൾ, നിരന്തരമായമാനസിക പീഡനങ്ങൾ ഒരിക്കലും കേരളീയ പൊതു സമൂഹത്തിന് മറക്കാവുന്നതല്ല.

ഇത്തരം മാനവികതാ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഒരു സംഘടനാ സംവിധാനവും രൂപപ്പെടുത്താതെയുള്ള ആനന്ദതീർഥരുടെ ധീരമായ ഇടപടലുകൾ ആധുനിക കേരളഎക്കാലത്തും സ്മരിക്കപ്പെടണം എന്നാണ് സൂചിപ്പിക്കാനുള്ളത്. ഇന്ത്യയിൽ ഒട്ടേറെനവോത്ഥാന പ്രസ്ഥാനങ്ങൾ രൂപ കൊണ്ടെങ്കിലും കേരളത്തിൽ നടന്നിട്ടുള്ള മാനവമുന്നേറ്റങ്ങളെ അട്ടിമറിക്കാനുള്ള ജാതിഹിന്ദുക്കളുടെ പരിശ്രമങ്ങൾ രാജ്യത്തിന്റെയും വിശേഷിച്ച് കേരളത്തിന്റെയും വിവിധ കോണുകളിൽ വിവിധ രൂപത്തിൽ, ഭാവത്തിൽ വീണ്ടും വീണ്ടും ഇടപെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സ്വാമി ആനന്ദതീർഥരെപ്പോലുള്ള മനുഷ്യസ്നേഹികളെയും അവരുടെ പ്രവർത്തനങ്ങളെയും എക്കാലത്തും മുന്നോട്ട് കൊണ്ടുപോകുന്നതിനായി നാം ജാഗ്രത കാട്ടേണ്ടിയിരിക്കുന്നു.



രവീന്ദ്രൻ നീലേശ്വരം

# മത മദം



നാണം മറക്കുവാനുള്ള തുണികൊണ്ട്,
നാടിനെ, നാട്ടാരെ,
കീറിമുറിക്കുവാൻ
നാണമില്ലേ മതക്കോലങ്ങളേ?

കിത്താബിലുള്ളതപ്പടി തിന്നവർ
മഞ്ഞിലും മഴയത്തും
പൊരിയുന്ന വെയിലത്തും
മേലാകെ കരിന്തുണി മൂടി നടക്കുന്നു.

തൂവെള്ളളോഹയിൽ കൂടി നടപ്പുണ്ട്
ഇടയക്കുറിപ്പുമായ്
വെള്ളിക്കുരിശുമായ്
നാട്ടിലും മേട്ടിലും മതം നട്ട കൂട്ടരും

മേൽജാതി കീഴ്ജാതി ചേർന്നുകളിക്കുന്നോർ
മാലിന്യനദിയിൽ മുങ്ങിക്കുളിച്ച്
ചാണകചാരം നെറ്റിയിൽ തൊട്ട്
കാവിത്തുണിയുമായ് തറാവാട് തേടുന്നു

തുണി കൊണ്ട് തലയിൽ
കിരീടം മെടഞ്ഞവർ
ദിക്കുകൾ തുണിയായ്
ധരിക്കുന്ന ദേഹികൾ
മതമദക്കോലങ്ങൾ പെരുകുന്നുണ്ടനുദിനം

ഇഷ്ടവർണ്ണവസ്ത്രം ധരിക്കവേ ,
അപരവിദ്വേഷം വളർത്താതിരിക്കനാം
മതപുസ്തകത്തിലെ ഉപചാരങ്ങൾക്കപ്പുറം
പ്രകൃതി നിയമങ്ങൾ പാലിച്ചു പോകനാം
പാരിൽ മതാതീതരായി ജീവിക്കാനാകണം
മാനവ സ്നേഹത്തിൻ കാവലാളാകണം

ചോദ്യങ്ങളുന്നയിക്കാതിരിക്കില്ലിനി
വളരുന്ന തലമുറ അന്ധരല്ല.
ശാസ്ത്രപുരോഗതിക്കായി ബുദ്ധിനിർമ്മിക്കുന്നവർ
വിശ്വാസമാശ്വാസമാണെന്ന് ചിന്തിച്ച്
വഞ്ചിതരാകാനിടതരില്ല

കാക്കയ്ക്കും പൂച്ചക്കും
പാമ്പിനും തവളയ്ക്കും
ഇല്ലാത്ത മതബോധം
മാനവർക്കെന്തിന് ചിന്തിക്കകൂട്ടരേ.

ഞാനെന്നും നീയെന്നും
അവരെന്നും പറയുന്ന
ജാതിമതചിന്തകൾ
ഇനിവേണ്ട ഭൂമിയിൽ.

ഇരിങ്ങൽ കൃഷ്ണൻ

# നെഹ്റുവിന്റെ ഇന്ത്യയും ശാസ്ത്രബോധവും



സ്വാതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയും നമ്മുടെ രാജ്യത്തിന്റെ ഖ്യാദി ലോകാന്തരങ്ങളിൽ എത്തിച്ച രാഷ്ട്ര ശില്പിയും ആയിരുന്നു ജവഹർലാൽ നെഹ്റു. രണ്ടു ദശാബ്ദത്തോളം ഇന്ത്യയെ നയിച്ച ജവഹർലാൽ സ്വതന്ത്ര സമര സേനാനിയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അനിഷേധ്യ നേതാവും സ്വതന്ത്ര ചിന്തകനും സോഷ്യലിസ്റ്റ് ആശയങ്ങളെ പുൽകിയ രാജ്യ തന്ത്രജ്ഞനും ഗ്രന്ഥകാരനും മാനവിക വാദിയും ചരിത്രകാരനും സർവോപരി ശാസ്ത്ര പ്രചാരകനും യുക്തിവാദിയുമായിരുന്നു.

മോത്തിലാലിന്റെ സാമൂഹ്യ ബോധവും ദീർഘവീക്ഷണവും നിമിത്തം നെഹ്റുവിന് നന്നേ ചെറുപ്പത്തിൽ തന്നെ ശാസ്ത്രീയ വിദ്യാഭ്യാസം ലഭിച്ചു. എന്ന ഫെർഡിനന്റ് ബ്രൂക്സെന്ന എന്ന ഐറിസ് ഫ്രഞ്ച് അധ്യാപകൻ നെഹ്റുവിന്റെ റെസിഡന്റ് ട്യൂട്ടറായി വന്നതുകൊണ്ട് നല്ല പുസ്തകങ്ങൾ വായിക്കാനും ശാസ്ത്രത്തിന്റെ വസ്തു നിഷ്ഠ ലോകത്തിലേക്ക് മുഴുകുവാനുള്ള അവസരം നെഹ്റുവിന് കൈവന്നു. ബാല്യത്തിനുശേഷം ഇംഗ്ലണ്ടിലെ ഹാരോവിൻ പബ്ലിക് സ്കൂളിൽ ചേർന്നു ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കി തുടർന്ന് കേംബ്രിഡ്ജിലെ ട്രിനിറ്റി കോളേജിൽ ചേർന്ന് രസതന്ത്രം, ജിയോളജി, സസ്യശാസ്ത്രം എന്നീ ശാസ്ത്ര വിഷയങ്ങളിൽ പഠനം പൂർത്തീകരിച്ചു. അവിടെവെച്ച് സാഹിത്യ രാഷ്ട്രീയ ഗ്രന്ഥങ്ങൾ വായിച്ച് തന്റെ അറിവിന്റെ മണ്ഡലം വികസിപ്പിച്ചു. ഇക്കാലത്ത് ഫാബിയന്മാരോടും സോഷ്യലിസ്റ്റ് കാരോടും നെഹ്റുവിന് അടുപ്പം ഉണ്ടായി. അതിനുശേഷം ഇംഗ്ലണ്ടിലെ ഇന്നർടെമ്പിളിൽ നിയമ പഠനത്തിന് ചേർന്നു ബാരിസ്റ്ററായി.

1912 ഇന്ത്യയിൽ തിരിച്ചെത്തുകയും അലഹബാദ് ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിക്കുകയും ചെയ്തു. അക്കാലത്ത് ഗോപാലകൃഷ്ണ ഗോഖലയുടെ സർവെൻറസ് ഓഫ് ഇന്ത്യ സൊസൈറ്റിയിലും ആനിബസന്റിന്റെ ഹോംറൂൾ പ്രസ്ഥാനത്തിലും ചേർന്നു. താമസിക്കാതെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനങ്ങളിലും അദ്ദേഹം മുഴുകി. 1916 ലക്നൗ സമ്മേളനത്തിൽ വച്ച് ആദ്യമായി ഗാന്ധിജിയെ കാണുകയും അദ്ദേഹവുമായുള്ള അടുപ്പം തന്റെ കർമ്മ മണ്ഡലത്തെ കുറിച്ച് ആഴത്തിലുള്ള അവബോധം സൃഷ്ടിക്കുവാനും ഇടയാക്കി.

അലഹബാദിലെ ആനന്ദഭാവ





നിൽ മോത്തിലാലിന്റെയും സ്വരൂപ റാണിയുടെയും മകനായി 1889 നവംബർ 14ന് 'വെള്ളി കരണ്ടി'യുമായാണ് നെഹ്റു ജനിച്ചതെങ്കിലും പിൽക്കാലത്ത് ഇന്ത്യൻ ജനതയുടെ കണ്ണീരും വേദനയും സ്വന്തം നെഞ്ചിടിപ്പുകൾ കൊണ്ട് ഒപ്പിയെടുത്തു. സാധാരണ പൗരനായി സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമര തീഷ്ണതകളിലേക്ക് സ്വയം നടന്നു കയറുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഗാന്ധിജി കാട്ടിക്കൊടുത്ത നാനാ സമരമുഖങ്ങളിലും നിയമ ലംഘനങ്ങളിലും നിസ്സഹകരണ പ്രസ്ഥാനങ്ങളിലും വിദേശ വസ്ത്ര ബഹിഷ്കരണങ്ങളിലും അദ്ദേഹം അചഞ്ചലനായി നിലകൊണ്ടു. പല കുറി ജയിൽവാസം അനുഭവിച്ചു. ജയിൽ ജീവിതകാലങ്ങളിൽ ആണ് വിശ്വചരിത്ര അവലോകനം (1934) ഇന്ത്യയെ കണ്ടെത്തൽ (1942) അച്ഛൻ മകൾക്കയച്ച കത്തുകൾ (ഒരു കൂട്ടം പഴയ കത്തുകൾ 1946) എന്നിവ രചിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഉത്തരവാദിത്വങ്ങൾ ഒന്നൊന്നായി പ്രസ്ഥാനം നെഹ്റുവിൽ ഏൽപ്പിച്ചു കൊണ്ടിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ജനറൽ സെക്രട്ടറി (1924) അലഹബാദ് മുൻസിപ്പാലിറ്റി ചെയർമാൻ (1925) എഐടിയുസി പ്രസിഡന്റ് (1927) സേവാദൾ എന്ന സ്വയം സേവക് സംഘടനയുടെ നേതൃത്വം ഇവയെല്ലാം ഏറ്റെടുത്തു നടത്തി സൈമൺ കമ്മീഷൻ ബഹിഷ്കരണം ഉപ്പുസത്യാഗ്രഹത്തെ തുടർന്നുള്ള നിയമലംഘനം ക്വിറ്റ് ഇന്ത്യാ സമരം എന്നിവയിലെല്ലാം നെഹ്റു എന്ന സ്വാതന്ത്ര്യ സമര സേനാനിക്ക് അനല്പമായ പങ്കാളിത്തം ഉണ്ടായിരുന്നു. അന്ന് ദേശീയ പ്രസ്ഥാനത്തിൽ ഉണ്ടായിരുന്ന നേതാക്കളെല്ലാം നെഹ്റുവിന്റെ കർമ്മോത്സുകതയെ വാഴ്ത്തി.

ചുരുക്കത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണി പോരാളിയായ ഈ മനുഷ്യൻ ഗാന്ധിജിക്കൊപ്പം നേതൃത്വപരമായ പങ്കുവഹിച്ച് തന്റെ ഉന്നതമായ സാംസ്കാരിക മൂല്യങ്ങൾ കൊണ്ട് ഇന്ത്യൻ ജനതയുടെ പ്രതീക്ഷയായി. 1947 ഓഗസ്റ്റ് പതിനാലാം തീയതി അർദ്ധരാത്രി ഇന്ത്യ സ്വാതന്ത്ര്യം പ്രഖ്യാപിച്ചപ്പോൾ ആദ്യത്തെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു.

സ്വാതന്ത്ര്യത്തിനുശേഷം 1951 ഒക്ടോബർ 25 മുതൽ 1952 ഫെബ്രുവരി വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യയിൽ ആദ്യത്തെ ലോകസഭ തെരഞ്ഞെടുപ്പ് നടന്നു. അന്ന് നെഹ്റു 7 ആഴ്ച 68 ഘട്ടങ്ങളിലായി പര്യടനം നടത്തി. ആകെ 489 സീറ്റുകളിൽ 45.7 ശതമാനം വോട്ടുകൾ നേടി ഇന്ത്യൻ നാഷണൽ കോൺഗ്രസിന് 364 സീറ്റ് ലഭിക്കുകയുണ്ടായി. നെഹ്റു ആദ്യത്തെ പ്രധാനമന്ത്രിയുമായി. അതിനു തൊട്ടുമുമ്പ് നടന്ന ഇടക്കാല തിരഞ്ഞെടുപ്പിലും നെഹ്റു എതിരാളിയെ വിമർശിച്ചിരുന്നില്ല. പക്ഷേ വർഗീയതയ്ക്കെതിരെ നിരന്തരം സംസാരിച്ചു. അന്നത്തെ മാധ്യമപ്രവർത്തകർ മതത്തിന്റെ പേരിൽ വോട്ട് ചോദിക്കുമോ എന്ന് ചോദിച്ചപ്പോൾ അതിനെ സർവ്വശക്തിയുമെടുത്ത് ചെറുക്കുമെന്നാണ് ഉത്തരം നൽകിയത്. എതിരാളികളുടെ എതിർപ്പുകളെയും അഭിപ്രായങ്ങളെയും മാനിച്ചുകൊണ്ട് മാത്രമേ തീരുമാനങ്ങൾ എടുക്കുകയുള്ളൂ എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

അർദ്ധരാത്രിയിൽ സ്വാതന്ത്ര്യ കൈമാറ്റത്തിന്റെ അധികാരം ലഭിച്ചപ്പോൾ അദ്ദേഹം കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ പറഞ്ഞു.

"അർദ്ധരാത്രിയിൽ ലോകം മുഴുവൻ ഉറങ്ങുന്ന സമയത്ത് ഇന്ത്യ പുതുജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരുകയാണ്" ചരിത്രത്തിൽ അപൂർവ്വമായി മാത്രം വന്നു ചേരുന്ന നിമിഷമാണിത് അടിച്ചമർത്തപ്പെട്ട രാഷ്ട്രത്തിന്റെ മൂകമായ ആത്മാവിന് ഭാഷണശക്തി ലഭിക്കുന്ന നിമിഷം.

**സ്വാതന്ത്ര്യാനന്തര ഇന്ത്യയെന്ന തരിശ്**

ദാരിദ്ര്യവും പട്ടിണിയും നിരക്ഷരതയും തൊഴിലില്ലായ്മയും സാമൂഹ്യമായ നൂറ് നൂറ് അസമത്വങ്ങളും അനാരോഗ്യവും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിഭജനം ഉണ്ടാക്കിയ ശൂന്യതയും ഈർഷയും കുടിയേറ്റങ്ങളുടെ നിസ്സഹായതയും ഭക്ഷ്യവിഭവങ്ങളുടെ ദൗർഭല്യങ്ങളും എന്ന് വേണ്ട നാനാ ഭൗതിക സാഹചര്യങ്ങളുടെ സമസ്യങ്ങൾ ഭീതി വിതച്ച പുതുസ്വാതന്ത്ര്യ ദിനങ്ങൾ എങ്ങനെ ഈ സങ്കീർണതകൾ മറികടക്കണമെന്ന് നിശ്ചയം ഇല്ലാത്ത വിധം നെഹ്റുവും സഹപ്രവർത്തകരും അസ്ത പ്രജ്ഞരാ കേണ്ടതായിരുന്നു. പക്ഷേ അവരുടെയെല്ലാം അനുഭവങ്ങളും ദീർഘവീക്ഷണങ്ങളും രാജ്യത്തെ ഉദ്ഗ്രഥനം ചെയ്യുക എന്ന ഏകലക്ഷ്യ പ്രവർത്തനങ്ങളും എപ്രകാരമായിരിക്കണമെന്ന് ആസൂത്രണം ചെയ്തിരുന്നു. അവർ ധാർമികമായി ഉത്തരവാദിത്വമുള്ളവരായിരുന്നു. രാഷ്ട്ര പുനർനിർമാണം എന്ന ഒരേയൊരു സ്വപ്നം കണ്ടവ

രായിരുന്നു. എല്ലാത്തിനും മുന്നിൽ രാജശില്പിയായ നെഹ്റു ഉണ്ടായിരുന്നു അതുകൊണ്ടുതന്നെ ത്യാഗപൂർണ്ണമായി സ്വന്തം ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ എല്ലാവരും ജാഗരൂകരായി ഉണ്ടായിരുന്നു. ദാരിദ്ര നിർമ്മാർജ്ജനത്തിനും സാമൂഹ്യജീവിതം കെട്ടിപ്പടുക്കുന്നതിനും ആവശ്യമായ നൂതന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാനും നെഹ്റുവിന്റെ സോഷ്യലിസ്റ്റ് ചിന്തകൾക്കും പഞ്ചവത്സര പദ്ധതികൾക്കും ആസൂത്രണങ്ങൾക്കും സാധിച്ചിരുന്നു. പ്രകൃതിക്കും പരിസ്ഥിതിക്കും കോട്ടം തട്ടാതെ പ്രകൃതി വിഭവങ്ങൾ സംഭരിക്കുകയും ഒരു സ്റ്റേറ്റിനോടും വിവേചനം ഇല്ലാതെ വിതരണം നിർവഹിക്കുകയും ചെയ്തു. പരമ്പരാഗതമായ കൃഷി സമ്പ്രദായങ്ങളെ പരിഷ്കരിച്ചു ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി ശാസ്ത്ര സാങ്കേതികവിദ്യകളെ കുറിച്ച് നല്ല അവബോധം ഉള്ളതുകൊണ്ട് രാജ്യത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ അവ നടപ്പിലാക്കി. കര ജല വ്യോമ സഞ്ചാര പഥങ്ങൾ സമൂർത്തമാക്കി. ഓരോ ജനതയുടെയും സാംസ്കാരിക തനിമ മനസ്സിലാക്കി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. ഇന്ത്യ എന്ന വികാരം എല്ലാ ഇന്ത്യക്കാരന്റെയും മനസ്സിൽ ഊട്ടിയുറപ്പിച്ചു. അംബേദ്കർ വിഭാവനം ചെയ്ത ഭരണഘടനാ തത്വങ്ങൾക്ക് അണുവിട പോറലേൽക്കാതെ പ്രവർത്തിച്ച നെഹ്റു നാനാത്വത്തിൽ ഏകത്വം എന്ന സന്ദേശം എന്നുമുരുവിട്ടു. അപ്പപ്പോൾ ഉണ്ടായ ചൈതില്യങ്ങൾക്ക് നേതൃത്വപരമായ പരിഹാരം കണ്ടെത്തി. അന്ന് നാട്ടിൽ ഒരു ചൊല്ലുണ്ടായിരുന്നു. ബ്രിട്ടീഷുകാരെ കെട്ടുകെട്ടിച്ചപ്പോൾ ഇന്ത്യ തരിശ് ആയിരുന്നു. മൊട്ടുസൂചി മുതൽ വിമാനം വരെ പുതുതായി വാങ്ങേണ്ടിവന്നു. കാരണം എന്താണെന്നോ എല്ലാം പെറുക്കി കൊണ്ടുപോയിരുന്നു ഒരു അർത്ഥത്തിൽ അത് ശരിയും ആയിരുന്നു.

### നെഹ്റുവിന്റെ ഇന്ത്യ

നെഹ്റുവിന്റെ വീക്ഷണവും ശാസ്ത്രീയമായ മനോഭാവവും രാജ്യാന്തരങ്ങളിൽ സഞ്ചരിച്ച് ആർജിച്ച അനുഭവപാടവവും സെക്കുലർ ചിന്താഗതികളും ചേരിചേരാനായവും ആ മനസ്സിന് ഉള്ളിലെ സമാധാന കാഹളവും എല്ലാം അദ്ദേഹത്തെ യഥാർത്ഥ രാജ്യ ശില്പിയാക്കി. ഇന്ത്യ ലോകത്തിന്റെ മുമ്പിൽ ഒരു ഫീനിക്സ് പക്ഷിയായി ഉയർത്തെഴുന്നേറ്റു എന്ന് മാത്രമല്ല വെറുമൊരു വികസ്വര രാജ്യമായ ഇന്ത്യ, വികസര രാജ്യങ്ങൾക്കൊപ്പം സാംസ്കാരിക ഔന്നത്യം കൈവരിക്കുകയും ചെയ്തു.



നെഹ്റുവിന്റെ മനസ്സിൽ ഒരു കവിയുടെ ആർദ്ര വികാരങ്ങൾ ഉണ്ടായിരുന്നു ഒരു മനീഷിയുടെ നിസ്സീമമായ നിരീക്ഷണപാടവും ഉണ്ടായിരുന്നു. ഒരു ശാസ്ത്രജ്ഞന്റെ അന്വേഷണത്വര ഉണ്ടായിരുന്നു. സമഭാവനയുടെ വൈഭവം ഉണ്ടായിരുന്നു. ഒരു തത്വചിന്തകന്റെ അഗാധമായ വീക്ഷണം ഉണ്ടായിരുന്നു. സർവോപരി ഒരു ശിശുവിന്റെ ഹൃദയം ഉണ്ടായിരുന്നു. അതുകൊണ്ട് കൂടിയാണല്ലോ ആ ജന്മദിനം ശിശുദിനമായി കൊണ്ടാടുന്നത്. രാജ്യകാര്യങ്ങളിൽ മുഴുകുമ്പോളെല്ലാം കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി എന്തൊക്കെ ചെയ്യണം എന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത.

ഇന്ത്യയുടെ ഭൂപ്രകൃതിയും മല നിരകളും നദികളും കുളങ്ങളും സമുദ്രങ്ങളും എല്ലാം എന്തിന് ഇന്ത്യയുടെ ഓരോ മൺതരിയെയും ഓർത്തിരുന്നു. ഒരു രാജ്യസ്നേഹിയായിരുന്നു നെഹ്റു അതുകൊണ്ടായിരുന്നല്ലോ നെഹ്റു തന്നെ കുറിച്ച് ഇങ്ങനെ എഴുതി വെച്ചത്.

If anybody choose to think of me I would like them to say this was the person who loved india and indian people.

എന്ന് കലർപ്പില്ലാത്ത രാജ്യസ്നേഹത്തിന്റെ വാക്കുകൾ. അതുമാത്രമല്ല അശോകസ്തംഭം രാജ്യത്തിന്റെ മുഖമുദ്രയായി തിരഞ്ഞെടുക്കുകയും 4 ദിക്കിലേക്കും നോക്കിയിരിക്കുന്ന സിംഹംമുഖങ്ങൾക്കും ദിശകൾക്കും ഭാഷ്യം ചമക്കുകയും ചെയ്ത പണ്ഡിത്ജവഹർലാൽ ഏകകാലത്ത് സർഗ്ഗധനനും യുക്തിചിന്തകനും ആയിരുന്നു. റോസാപൂവിന്റെ നിത്യ ബന്ധുവായ സൗന്ദര്യ ആരാധകനും അങ്ങനെയുള്ള സാർവലൗകിക സ്നേഹത്തിന് ഉടമയായ പൂർവ്വ സൂരിയെയാണ് ഇന്ന് തമസ്കരിക്കാൻ വ്യഗ്രത കാട്ടുന്നത്. പോസ്റ്ററുകളിൽ നെഹ്റുവിന്റെ തല മാറ്റി ഗോൾവാക്കറുടെ തല എഴുന്നള്ളിക്കുന്നത് സാംസ്കാരിക പാപ്പരത്വത്തിന് അപ്പുറം അസൂയ കലുഷിതം എന്നാണ് പറയേണ്ടത്.

### നെഹ്റുവിന്റെ ശാസ്ത്രീയ സമീപനം

1947 ജനുവരി 3 ന് ഡൽഹിയിൽ ഇന്ത്യൻ സയൻസ് കോൺഗ്രസ്സിന്റെ 34-ാം സമ്മേളനത്തിൽ ഇപ്രകാരം പറഞ്ഞു.

"നമ്മുടെ മുന്നിൽ ഉയർത്തെഴുന്നേറ്റു കൊണ്ടിരിക്കുന്ന ആധുനിക ഭാരതത്തിന്റെ ചെറിയൊരു പ്രതിനിധിയായിട്ടാണ് ഞാനിവിടെ നിൽക്കുന്നത്. ശാസ്ത്രത്തിന്റെ ലോകം നവീന ഇന്ത്യയോട് അടുത്ത ബന്ധം പുലർത്തേണ്ടത് ഉചിതവും അവിശ്വവുമാണെന്ന് ഞാൻ

കരുതുന്നു. പുതിയ ഇന്ത്യ ശാസ്ത്ര മേഖലയോട് ഗാഢമായി ബന്ധപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്.

നാം സാർവ്വലൈകിക പ്രശ്നങ്ങൾ ദേശീയ പ്രശ്നങ്ങൾ ഒക്കെയും കൈകാര്യം ചെയ്യേണ്ടത് ശാസ്ത്രീയമായ സമീപനത്തിലൂടെയായാൽ മാത്രമേ ശരിയാകൂ എന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്നു വച്ചാൽ ശാസ്ത്രത്തിന്റെ സിദ്ധാന്തവും പ്രയോഗവുമാണ് ഇവിടെ ആവശ്യമെന്നർത്ഥം. ചില ശാസ്ത്രജ്ഞന്മാർ സ്വന്തം വിദ്യാലയമോ പരീക്ഷണശാലയോ വിട്ട് പുറത്തു വരുമ്പോൾ ജീവിതത്തിന്റെ മറ്റു മണ്ഡലങ്ങളിൽ ശാസ്ത്രീയമായ സമീപന രീതി സ്വീകരിക്കുവാൻ മറന്നു പോകുന്നു. സാമൂഹികവും സാമ്പത്തികവുമായ മേഖലകളിലേക്കു വരുമ്പോഴാകട്ടെ നാം ശാസ്ത്രീയ സമീപനം മറന്നു പോകുന്നു. നമ്മുടെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് സയൻസിന്റെ സത്തയും പ്രയോഗരീതികളും ഉതകുമെന്നാണ് എന്റെ ദൃഢവിശ്വാസം. ലോകത്തെമ്പാടും പ്രശ്നങ്ങളും പ്രയാസങ്ങളും അനുഭവപ്പെടുന്നത് ശാസ്ത്രീയസമീപനത്തിന്റെ അഭാവം മൂലമാണ്. (സംഘർഷത്തിന്റെ ദിനങ്ങൾ ജവഹർലാൽ നെഹ്റു പേജ് 231)

ഭരണഘടനയുടെ ആർട്ടിക്കിൾ 51Ah ൽ പറയുന്നതുപോലെ സയന്റിഫിക് ടെമ്പർ വളർത്തുവാൻ നെഹ്റു ഇന്ത്യൻ ജനതയോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. സ്വാതന്ത്ര്യകൈമാറ്റം നിർവ്വഹിച്ച സമയത്ത് ബിർലാമന്ദിരത്തിലെ പൂജാരിയുടെ നിർദ്ദേശപ്രകാരമാണ്. അർദ്ധരാത്രി തെരഞ്ഞെടുത്തത്. അതിനു നെഹ്റുവൊഴികെ മറ്റെല്ലാവരും പച്ചക്കൊടി കാട്ടിയപ്പോൾ തന്റെ ശാസ്ത്രീയ ബോധ്യത്തെ അദ്ദേഹം മുറുകെപ്പിടിക്കുകയാണ് ചെയ്തത്. പിന്നീട് ഭൂരിപക്ഷാഭിപ്രായത്തിന് വഴങ്ങേണ്ടി വന്നുവെങ്കിലും.

പതിനേഴ് വർഷത്തെ ഭരണപാടവം നെഹ്റുവിനെ ലോക നേതാക്കളുടെ നിരയിലെത്തിച്ചു. നെഹ്റു -ക്രൂഷ്ച്ചേവ്- കെന്നഡി അച്ചുതണ്ട് ലോകത്തിന്റെ യശസ്സുയർത്തിയപ്പോൾ ചേരിചേരാ നയത്തിന്റെ തേരാളിയായി നെഹ്റു തന്റെ രാജ്യതന്ത്രത്തിന്റെ പരിപ്രേക്ഷ്യം ലോക നേതാക്കളെ ബോധ്യപ്പെടുത്തി.

ഒരു പക്ഷേ ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിനു ലഭിച്ച പാഠങ്ങളായിരിക്കണം 'ലോക ചരിത്രാവലോകനവും', 'ഇന്ത്യയെ കണ്ടെത്തലും' അദ്ദേഹത്തിനെഴുതുവാൻ പ്രേരണയായത്.

നെഹ്റുവിനെക്കുറിച്ച് രവീന്ദ്രനാഥ ടാഗോർ പറഞ്ഞ വാക്കുകൾ ഇവിടെ സ്മരിക്കട്ടെ. അത്യുൽകൃഷ്ടമാണ് അദ്ദേഹത്തിന്റെ സ്വഭാവം. അടിയുറച്ചതാണ് അദ്ദേഹത്തിന്റെ ഇച്ഛാശക്തി. ഒരിക്കലും തകർക്കാൻ കഴിയാത്തതാണ് അദ്ദേഹത്തിന്റെ മനോവീര്യം. ഭയത്തിന്റെയും വെറുപ്പിന്റെയും മേൽ വിജയം നേടിയ മനുഷ്യൻ എന്നാണ് വിസ്റ്റൺ ചർച്ചിൽ പറഞ്ഞത്.



നെഹ്റുവിനു ശേഷം 1966ൽ അദ്ദേഹത്തിന്റെ മകൾ ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രിയായി സെക്യുലറിസ്റ്റും സോഷ്യലിസ്റ്റ് ചിന്തകളുടെ ഉപാസകനുമായിരുന്ന നെഹ്റു പോലും ഓർക്കാതിരുന്ന കാര്യമായിരുന്നു ഭരണഘടനയിൽ 'സെക്കുലർ' എന്ന പദം ചേർക്കുന്ന വസ്തുത എന്നാൽ ശ്രീമതി ഇന്ദിരാഗാന്ധി ആ ദൗത്യം തന്റെ കാലത്ത് നിർവഹിച്ചു. ഭരണഘടനയുടെ 42ആം ഭേദഗതി പ്രകാരം 'സെക്കുലർ' എന്ന പദം ഭരണഘടനയുടെ ആമുഖത്തിൽ ചേർക്കുകയുണ്ടായി അതോടെയാണ് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം ഇന്ത്യ മതേതരമായത്. അടിയന്തരാവസ്ഥ പ്രഖ്യാപനവും തുടർന്നുള്ള ഭരണവും ഇന്ദിരയ്ക്ക് അയോഗ്യത കൽപ്പിച്ചു. അവയെല്ലാം ഇന്ദിര അതിജീവിച്ചു എങ്കിലും കാലം അവരെ അംഗരക്ഷകരാൽ വെടിയുണ്ടയ്ക്ക് ഇരയാക്കി. മരിക്കുന്നതിന്റെ തലേന്ന് ഒറീസയിൽ (ഇന്നത്തെ ഒഡീഷ) മഹാ സമ്മേളനത്തിൽ വച്ച് അവർ പറയുകയുണ്ടായി "Every drop of my blood will contribute for the growth of this nation" (എന്റെ ഓരോ തുള്ളി ചോരയും ഈ രാജ്യത്തിന്റെ വളർച്ചയ്ക്ക് സംഭാവന ചെയ്യുന്നതാണ് എന്ന്).

തുടർന്നുവന്ന മകൻ രാജീവ് ഗാന്ധിയും ഈ രാജ്യത്തിനുവേണ്ടി രക്തസാക്ഷിയായി. ഇപ്പോഴിതാ അദ്ദേഹത്തിന്റെ മകൻ രാഹുൽ ഗാന്ധി ദേശീയ പ്രതിപക്ഷ നേതാവാണ്. അദ്ദേഹത്തിന്റെ വസ്തു നിഷ്ഠ വിമർശനങ്ങൾ ഭരണപക്ഷത്തെ കുറച്ചൊന്നുമല്ല ചൊടിപ്പിക്കുന്നത്.

അവർ ആക്രോശിക്കുന്നത് രാഹുൽ ഗാന്ധിയുടെ നെഞ്ചിൽ വെടിയുണ്ട തുളച്ചുകേറുന്ന ദിനം വിദൂരമല്ലെന്നതാണ്. ഓർക്കുക സുഹൃത്തേ പിതാമഹനായ നെഹ്റു ഇന്ത്യയെ കണ്ടെത്തിയത് ജയിലിൽ വെച്ചാണ് എന്നാൽ രാഹുൽ ആകട്ടെ ഇന്ത്യയെ കണ്ടെത്തിയത് അച്ചാലും മുച്ചാലും യാത്ര ചെയ്താണ് തീയിൽ കുരുത്തതാണവൻ ഒരു ജല്പനങ്ങൾക്കും അയാളെ തടയാനാവില്ല നാളത്തെ നെഹ്റുവാണയാൾ.

# വൈദ്യശാസ്ത്രത്തിനുള്ള

ഡോ. എൻ. രാമാനുജൻ



**2025** ലെ വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ പുരസ്കാരം അമേരിക്കകാരായ മേരി എലിസബത്ത് ബ്രങ്കോ (Mary Elizabeth Brounkow) ഫ്രെഡ് റാംസ്ഡെൽ (Fred Ramsdell) എന്നിവരും ജപ്പാൻകാരനായഷിമോൺ സ്കാഗുച്ചി (Shimon Sakaguchi) എന്ന ശാസ്ത്രജ്ഞനും പങ്കിട്ടു.

മനുഷ്യശരീരത്തിലെ രോഗപ്രതിരോധ വ്യവസ്ഥ, ശരീരത്തെ ആക്രമിക്കാൻ എത്തുന്ന രോഗാണുക്കളെ ആക്രമിച്ച് നശിപ്പിക്കുന്നത് പോലെ, ശരീരകോശങ്ങളെ ആക്രമിച്ച് നശിപ്പിക്കുന്നതിനെ ആട്ടോ ഇമ്യൂണിറ്റി (Auto immunity) എന്ന് വിളിക്കുന്നു. ഇതിനെ തടയാൻ കഴിയുന്ന ഉപരിതല രോഗ പ്രതിരോധ സഹിഷ്ണുതയെ (Peripheral immune tolerance) കുറിച്ചുള്ള പഠനത്തിനാണ് ഇവർക്ക് നൊമേൽ പുരസ്കാരം നൽകിയത്.

മനുഷ്യരിലെ രോഗപ്രതിരോധ സംവിധാനം (immune systen) പ്രത്യേക ഇനം കോശങ്ങളും കലകളും (tissues) ഒക്കെ ചേർന്ന് ശരീരത്തിൽ കടക്കുന്ന രോഗാണുക്കളെയും (ബാക്ടീരിയകളും വൈറസുകളും മറ്റും) ക്യാൻസറിനേയും തടയുന്ന സംവിധാനമാണ്.

രോഗപ്രതിരോധ സംവിധാനത്തിന് രണ്ട് ഘടകങ്ങൾ ഉണ്ട്, ത്വക്കും (skin) ശ്ലേഷ്മപാളികളും (mueous memberance) അടങ്ങിയതാണ് ഒന്നാമത്തേത്. ഇവ ശരീരത്തിലേക്ക് രോഗാണുക്കളും മറ്റും കടക്കാതിരിക്കാൻ ഒരു തടസ്സമായി പ്രവർത്തിക്കുന്നു. രണ്ടാമത്തേത് രക്തത്തിലെ വെളുത്ത രക്താണുക്കൾ (white corpuscles) ആണ്. ഇവയിൽപ്പെട്ട ബി കോശങ്ങൾ (B.edles) രക്തത്തിൽ പ്രവേശിക്കുന്ന രോഗാണുക്കളെ നശിപ്പിക്കാനുള്ള ആന്റിബോഡികൾ (antibodies) നിർമ്മിച്ച് രക്തത്തിലേക്ക് വിടുന്നു. ഈ ആന്റിബോഡികൾ ഒരിനം മാംസ്യങ്ങൾ (protiens) ആണ്. ആന്റിബോഡികൾ രോഗാണുക്കളെ നശിപ്പിക്കുന്നു. ഈ രീതിയെ സജീവമായ രോഗപ്രതിരോധം (active immunity) എന്ന് വിളിക്കുന്നു. വെളുത്ത രക്താണുക്കളിൽപ്പെട്ടവയാണ് മാക്രോഫേജുകളും (macrophages) ന്യൂട്രോഫില്ലുകളും (neutrophils) മാക്രോഫേജുകൾ രക്തത്തിൽ എത്തുന്ന രോഗാണുക്കളെ വിഴുങ്ങുന്നു. ഈ രീതിയിൽ അവയെ നശിപ്പിക്കുന്നു. ന്യൂട്രോഫില്ലുകൾ ആണ് ആദ്യമായി രോഗാണുക്കൾ പ്രവേശിച്ച സ്ഥലത്ത് എത്തുന്നത്. ഇവയും രോഗാണുക്കളെ വിഴുങ്ങുകയും നശിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ആ ഭാഗത്തെ നശിപ്പിക്കപ്പെട്ട കലകളെ ഇവ പുനഃസ്ഥാപിക്കുന്നു.

മേൽ വിവരിച്ചതാണ് ശരീരത്തിന്റെ ആദ്യ പ്രതിരോധ സംവിധാനം ഇത് ജന്മനാ ഉള്ളതാണ്. ത്വക് ശ്ലേഷ്മസ്തരങ്ങളും രക്തത്തിലെ വെളുത്ത രക്താണുക്കളിൽപ്പെട്ട മാക്രോഫോജുകളും ന്യൂട്രോഫില്ലുകളും ഈ സംവിധാനത്തിന്റെ ഭാഗങ്ങളാണ്.

അടുത്ത സംവിധാനം

# 2025ലെ നൊബേൽ സമ്മാനം



'ഇണങ്ങിച്ചേരൽ രോഗപ്രതിരോധ സംവിധാനം' (adaptive immunity) ആണ്. രോഗം ഉണ്ടാക്കുന്ന രോഗാണുക്കളുമായുള്ള നിരന്തരം സമ്പർക്കത്തിലൂടെ കാലക്രമേണ നേടിയെടുക്കുന്ന രോഗ പ്രതിരോധശക്തിയാണ് ഇത്. ഇതിന്റെ ഫലമായി വെളുത്ത രക്താണുക്കളായ ടി കോശങ്ങളും ബി കോശങ്ങളും ഊർജ്ജസ്വലത കൈവരിക്കുന്നു. ടി കോശങ്ങൾ ശരീരത്തിൽ കടന്നു കൂടിയ രോഗാണുക്കളെ നശിപ്പിക്കുന്നു. ബി കോശങ്ങൾ രോഗാണുക്കളെ നശിപ്പിക്കാൻ കഴിവുള്ള ആന്റിബോഡികളെ നിർമ്മിക്കുന്നു. ക്രമേണ ടി കോശങ്ങളും ബി കോശങ്ങളും രോഗാണുക്കളെക്കുറിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കുന്ന ഓർമ്മകോശങ്ങൾ (memory cells) ആയി മാറുന്നു. ഈ രോഗാണുക്കൾ വീണ്ടും രക്തത്തിൽ എത്തുകയാണെങ്കിൽ അവയെ തിരിച്ചറിയാനും നശിപ്പിക്കാനും ഈ കോശങ്ങൾക്ക് കഴിയുന്നു. കൂടുതൽ ശക്തമായരീതിയിൽ അവയെ നേരിടാനും ഈ കോശങ്ങൾക്ക് കഴിയുന്നു. ഇതാണ് വാക്സിനേഷൻ നൽകുന്നതിന്റെ പിന്നിലുള്ള തത്വം, വാക്സിനിൽ കൂടി നിർവ്വീര്യമാക്കപ്പെട്ട രോഗാണുക്കളെയാണ് രക്തത്തിലേക്ക് കടത്തിവിടുന്നത്. ഇതുമായി പ്രതിപ്രവർത്തിച്ച് ടി കോശങ്ങളും ബി കോശങ്ങളും അവയെ തിരിച്ചറിയാനും ശക്തമായി പ്രതിരോധിക്കാനും കഴിവ് നേടുന്നു. അതിനാൽ ഈ രോഗാണുക്കൾ വാക്സിൻ കുത്തി വച്ച വ്യക്തിയുടെ രക്തത്തിൽ പ്രവേശിച്ചാൽ ബി കോശങ്ങൾക്കും ടി കോശങ്ങൾക്കും അവയെ വേഗത്തിൽ തിരിച്ചറിയാനും ശക്തമായി പ്രതിരോധിക്കാനും കഴിയുന്നു.

ഷിമോൺ സ്കാഗുച്ചി എന്ന ജപ്പാൻ ശാസ്ത്രജ്ഞൻ 1995 ൽ ടി കോശങ്ങൾ (T Cells) ഒരു വ്യക്തിയുടെ ശരീരത്തിലെ കോശങ്ങളെ തന്നെ ആ വ്യക്തിയുടെ പ്രതിരോധ സംവിധാനം തന്നെ നശിപ്പിക്കുന്നതിനെ (auto immunity) തടയുന്നതായി കണ്ടെത്തി. ഈ കണ്ടെത്തലിനാണ് അദ്ദേഹത്തിന് നോബേൽ പുരസ്കാരം ലഭിക്കുന്നത്.

അമേരിക്കയിലെ മേരി എലിസബത്ത് ബ്രാങ്കോയും ഫ്രെസ്റാംസ് ഡെല്ലും 2001 ൽ FOX P3 എന്ന ജീൻ, രോഗ പ്രതിരോധ സംവിധാനം മനുഷ്യശരീരത്തിലെ കോശങ്ങളെ ആക്രമിച്ച് നശിപ്പിക്കുന്ന രോഗം (autoimmunity disease) ഉണ്ടാകുന്നതിനുള്ള കാരണം എന്ന് കണ്ടെത്തി. അതിനാണ് ഇവർക്ക് രണ്ടു പേർക്കും മൊബേൽ സമ്മാനം നൽകുന്നത്.

മേരി എലിസബത്ത് ബ്രാങ്കോ (64) അമേരിക്കയിലെ "സിയാറ്റിൽ സിസ്റ്റംസ് ബയോളജി റിസർച്ച് ഇൻസ്റ്റിട്യൂട്ടി"ലെ (Seattle Systems Biology Research Institute) സീനിയർ മാനേജരാണ്, ഫ്രെഡ് റാംസ് ഡെൽ (65) "ഡൊണോമാ ബയോ തെറാപ്യൂട്ടിക്സ്" (Sonoma Bio Therapeuties) എന്ന സ്ഥാപനത്തിലെ ഉപദേശകനാണ്.

ജപ്പാൻ കാരനായ ഷിമോൺ സ്കാഗുച്ചി (74) "ഒകാസാ യൂണിവേഴ്സിറ്റി" (Okasa University) യിലെ പ്രൊഫസറാണ്.

ആട്ടോ ഇമ്യൂണിറ്റി രോഗത്തിന്റെ ചികിത്സയും കാൻസർ ചികിത്സയും മറ്റ് രോഗങ്ങളുടെ ചികിത്സയും ഒക്കെ ഈ കണ്ടുപിടുത്തങ്ങൾ പ്രയോജനപ്പെടും.






വി വി ബാലൻ

# വിശ്വാസി / അവിശ്വാസി

**വി**ശ്വാസി:
ചോദ്യം ഒന്ന്
സുഹൃത്തേ താങ്കൾ വിശ്വാസി അല്ലാതായതെങ്ങനെയാണെന്ന് ഒന്നു പറയാമോ?
അവിശ്വാസി:
വിശ്വാസിയാവുക എന്നു പറഞ്ഞാൽ എന്താണെന്ന് വ്യക്തമായി പറഞ്ഞാലേ ഈ ചോദ്യത്തിന് വ്യക്തമായ ഒരു ഉത്തരം എനിക്ക് താങ്കളോട് പറയാൻ പറ്റൂ.
വിശ്വാസി: ചോദ്യം രണ്ട്
വിശ്വാസം എന്നത് കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് താങ്കൾ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടോ എന്നാണ്?
അവിശ്വാസി: ദൈവം എന്നു പറഞ്ഞാൽ എന്താണെന്ന് അറിയാതെ ഞാനെന്തു ഉത്തരം പറയാനാണ് സുഹൃത്തേ
വിശ്വാസി: ചോദ്യം മൂന്ന്
അപ്പോൾ, ദൈവം എന്താണെന്ന് താങ്കൾക്കറിയില്ല എന്നാണോ? കോടിക്കണക്കിന് ആളുകൾ വിശ്വസിക്കുകയും പൂജിക്കുകയും ആരാധിക്കുകയും ചെയ്യുന്ന സർവ്വചരാചരങ്ങളെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സർവ്വശക്തനായ ദൈവത്തെ അറിയില്ലെന്നാണ് നിങ്ങൾ പറയുന്നത്
അവിശ്വാസി:
താങ്കൾക്ക് അറിയാമോ? നേരിട്ടു കണ്ടിട്ടുണ്ടോ? ഏതെങ്കിലും തരത്തിൽ നിങ്ങൾക്ക് അനുഭവം ഉണ്ടോ? ദൃശ്യ ഗോചരമല്ലാത്ത അനുഭവവേദ്യമല്ലാത്ത പഞ്ചേന്ദ്രിയങ്ങൾക്ക് വിഷയ ഭവിക്കാത്ത ഒന്നിനെ കുറിച്ച് പറയുമ്പോൾ എന്താണ് അതിന്റെ രൂപം ഭാവം ചലനം ഉണ്ടോ എവിടെ വസിക്കുന്നു എന്തു ചെയ്യുന്നു എന്നൊക്കെ ചോദ്യം വരും അവയ്ക്കൊക്കെ യുക്തിയുക്തമായി മറുപടി പറയാൻ പറ്റിയില്ലെങ്കിൽ അത് കഷ്ടമല്ലേ?
വിശ്വാസി ചോദ്യം: നാല്
താങ്കളുടെ ഉത്തരങ്ങൾ കുഴക്കുന്നതാണല്ലോ. ആട്ടേ ഹിന്ദുക്കളുടെ പ്രധാന ദൈവങ്ങളായ ബ്രഹ്മാവ് വിഷ്ണു ശിവൻ എണ്ണിയാൽ ഉടങ്ങാത്ത മറ്റ് അനേകം ദൈവങ്ങൾ ഒന്നുമില്ലെന്നാണ് താങ്കൾ വിവക്ഷിക്കുന്നത്
അവിശ്വാസി:
സുഹൃത്തേ നിങ്ങൾ മതങ്ങൾ പറയുന്ന നരകം കണ്ടിട്ടുണ്ടോ? സ്വർഗ്ഗം! ആന! മുട്ട! ആകാശ കുസുമം! വൈകുണ്ഡം! ഹൂറികൾ! ആന മറുത! വന ദേവത! മത്സ്യകന്യകയെ കണ്ടിട്ടുണ്ടോ? കൈലാസം! ചെകുത്താനെ കണ്ടിട്ടുണ്ടോ? പ്രേതം! പിശാച്! ഈ ബ്രഹ്മ എന്താണ് അറിയാമോ?
വിശ്വാസി: ചോദ്യം അഞ്ച്
ഇല്ല കണ്ടിട്ടില്ല എന്ന് കോടിക്കണക്കായ ആളുകൾ ഇതൊക്കെ ഉള്ളതാണെന്ന് വിശ്വസിക്കുന്നുണ്ടല്ലോ അതൊരു വലിയ തെളിവല്ലേ?
അവിശ്വാസി:
ഫെർഡിനാന്റ് മകലൻ ഭൂമി ഉരുണ്ടതാണെന്ന് പരീക്ഷണം നടത്തി കണ്ടുപിടിക്കുന്നതിനു മുമ്പ് ഈ ആളുകൾ ഒക്കെയും വിശ്വസിച്ചിരുന്നത് ഭൂമി പരന്നതാണെന്നല്ലേ? ബൈബി

ളും ഖുർആനും ഹിന്ദുമത ഗ്രന്ഥങ്ങളും ഇപ്പോഴും വിശ്വസിച്ചു വരുന്നത് അടിസ്ഥാനരഹിതവും അശാസ്ത്രീയമായ ഈ വാതഗതികളല്ലേ. എന്നാൽ ആധുനിക വിദ്യാഭ്യാസവും യുക്തി ബോധവും ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും ഒക്കെയായപ്പോൾ വളരെയധികം ആളുകളും ഇന്ന് ഇത്തരം കെട്ടവിശ്വാസങ്ങളിലൊന്നും ഞങ്ങളുടെ യക്തി ചന്തയെ തളച്ചിരുന്നില്ല. കാരണം അവർക്ക് അവരുടെ ജീവിതമാണ് വലുത് എന്നതു തന്നെ സുഖകരവും സ്വതന്ത്രവും നീതിയുക്തവുമായ ഒരു ജീവിതസാഹചര്യം സൃഷ്ടിച്ചെടുക്കുകയാണ് ആധുനിക മനുഷ്യർ ലക്ഷ്യമിടുന്നത്. കാലുകളും കൈകളും കണ്ണുകളും ചെവികളും ഒക്കെ ശബരിമല അയ്യപ്പൻ തരുന്നതാണെന്ന് യേശുദാസ് പാടിയ ഒരു പാട്ടില്ലേ പാട്ടിലെ യേശുദാസും അത് എഴുതിയ രചയിതാവും ഒക്കെ കാഴ്ചയ്ക്ക് കണ്ണട ഉപയോഗിക്കുന്നത് എന്തിനാണെന്ന് ചിന്തിച്ചിട്ടുണ്ടോ?

കാലുകൾക്കും കൈകൾക്കും എല്ലാം പൊട്ടലുകളും മുറിവുകളും വന്നാൽ ഒരു വിശ്വാസിയും ലഭിക്കാൻ ദൈവങ്ങളുടെ അടുത്തേക്ക് പോകുന്നത് താങ്കൾ കണ്ടിട്ടുണ്ടോ? മനസ്സിലും ഹൃദയത്തിലും കരളിലും ദൈവം ഇരിക്കുന്നു എന്ന് പാടി കേൾക്കുന്നു ഒരു ഭക്തനായ വിശ്വാസിയും അവയ്ക്ക് അസുഖം വന്നാൽ ആശുപത്രിയിലേക്ക് അല്ലാതെ അമ്പലങ്ങളിൽ പോകുന്നത് ആരും ഇതേവരെ കണ്ടിരുന്നു എന്ന് പറയാൻ പറ്റുമോ? അപ്പോൾ പറഞ്ഞു വരുന്നത് ഇതാണ് അശാസ്ത്രീയവും അയുക്തിപരവുമായ ഒരു വിധ വിശ്വാസം കൊണ്ടും നമ്മുടെ ജീവിതം സുഖകരമാക്കാനോ സുസ്ഥിരമാക്കാനോ സാധിക്കില്ല. മത, ജാതി, വർണ്ണ, വർഗ്ഗ പുരോഹിത പരിഷ്കൾ മേൽ അനങ്ങാതെ പാവങ്ങളെ പറ്റിച്ച് സുഖലോലുപ ജീവിതം നയിക്കാൻ പടച്ചുണ്ടാക്കിയ കള്ളക്കഥകൾ അല്ലാതെ ഇവയൊന്നും സത്യമല്ല. അതുകൊണ്ട് താങ്കളെപ്പോലുള്ള ആളുകൾ ക്ഷേത്രങ്ങളിലും മറ്റും പോയി കഠിനാധ്വാനം ചെയ്തിട്ടുണ്ടാക്കുന്ന ധനം ദുർവ്യയം ചെയ്യാതെ നല്ല കാര്യങ്ങൾക്ക് വേണ്ടി മാത്രം ഉപയോഗിക്കുക നമുക്ക് സ്വർഗം ഇവിടെ പണിയാം.

വിശ്വാസി: ചോദ്യം ആറ്

പ്രിയ സുഹൃത്തേ ഇക്കാല മാത്രയും എന്റെ മനസ്സിലും ഹൃദയത്തിലും മൂടത്ത വിശ്വാസത്തെ താങ്കളുടെ യുക്താധിഷ്ഠത വിശദീകരണത്തിലൂടെ എനിക്ക് വ്യക്തമായിരിക്കുന്നു താങ്കളുടെ ധീരവും ശക്തവും ശാസ്ത്രീയവുമായ മറുപടികൾ എന്നെ പുളകം കൊള്ളിക്കുന്നു ഈ നിമിഷം മുതൽ ഞാനും താങ്കളെപ്പോലെ യുക്തിചിന്തയിൽ ഊന്നി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു. വിശ്വാസങ്ങളുടെയും അന്ധവിശ്വാസ അനാചാരങ്ങളുടെയും പൊള്ളത്തരം യുക്തിയുക്തമായി എനിക്ക് വ്യക്തമാക്കി തന്ന അങ്ങേയ്ക്ക് ഒരായിരം നന്ദി.

അവിശ്വാസി:

ശരി സഹോദരാ താങ്കളുടെ ഈ നിലപാടിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. രണ്ടുപേരും പരസ്പരം ആലിംഗനബന്ധരായി നിന്ന് ശേഷം ഇരുവഴികളിലൂടെ നടന്നു പോയി.

ശുഭം



എം ജി എസ്

# ശുദ്ധമായ മാലിന്യങ്ങളും അയിത്ത കൽപ്പനകളും



ഞങ്ങളുടെ നാട്ടിലെ പ്രശസ്തവും ഏറെ പഴക്കമുള്ളതുമായ ഒന്നാണ് വാനല്ലൂർ ശിവക്ഷേത്രം. അതിനെ ശ്രീകോവിൽ മാത്രമാണ് ഞങ്ങൾ കാണുന്ന കാലത്ത് ഉണ്ടായിരുന്നത്. മതിൽക്കെട്ടോ ചുറ്റമ്പലമോ ഒന്നും ഉണ്ടായിരുന്നില്ല. എന്തേ ഇങ്ങനെ ആയിപ്പോയി എന്ന ചോദ്യത്തിന് അവിടെ അന്നുണ്ടായിരുന്ന പ്രായമുള്ളവർ കുട്ടികളായ ഞങ്ങളെ പറഞ്ഞു മനസ്സിലാക്കിയിരിക്കുന്നത് ഈ ക്ഷേത്രം പുരാതനവും പ്രശസ്തവുമായതും ഇതിനു മുൻപ് മതിൽക്കെട്ടും ചുറ്റും അമ്പലവും തിടപ്പള്ളിയും എല്ലാം ഉണ്ടായിരുന്നതാണെന്നും വലിയ രീതിയിലുള്ള ഉത്സവങ്ങളും മേളവും മറ്റും കെട്ടുകാഴ്ചകളും വെടിക്കെട്ടും എല്ലാം ഉള്ളതായ ഒരു ഭൂതകാലം ഈ ക്ഷേത്രത്തിനു ഉണ്ടായിരുന്നു എന്നുമാണ്. ആ ഇടക്കാണ് ടിപ്പുവിന്റെ പടയോട്ടം ഉണ്ടായത്. വഴിയിൽ കണ്ട സകലമാന പള്ളികളും ക്ഷേത്രങ്ങളും തകർത്ത് മുന്നേറിക്കൊണ്ടിരുന്ന ടിപ്പു അക്കാലത്ത് ഈ ക്ഷേത്രത്തിലും എത്തി. ഒട്ടും ആലോചിച്ചില്ല ക്ഷേത്രം ഭണ്ഡാരങ്ങളെല്ലാം കൊള്ളയടിച്ച് പഞ്ചലോഹ വിഗ്രഹങ്ങളെല്ലാം കൈക്കലാക്കി മുലവിഗ്രഹം എടുത്ത് ക്ഷേത്ര കിണറ്റിൽ ഇട്ട് കടന്നുകളഞ്ഞു എന്നൊരു പഴഞ്ചൻ പുരാണം ഞങ്ങളുടെ ശിരസ്സിൽ അടിച്ചു കയറ്റി. എന്നാൽ വളർന്നു വലുതായ ശേഷം ഇതേക്കുറിച്ച് കൂടുതൽ അന്വേഷിച്ചതിൽ നിന്നും ഞങ്ങൾക്ക് മനസ്സിലാക്കാൻ ആയത് ടിപ്പുസുൽത്താൻ ഞങ്ങളുടെ പഞ്ചായത്തിൽ കാൽ കുത്തിയിട്ടില്ല എന്നാണ്. ഇങ്ങിനെയാണ് പഴം പുരാണങ്ങളും ഐതിഹ്യങ്ങളും എല്ലാം പരക്കുന്നത്.

ഈ ക്ഷേത്രത്തിലൊരിക്കൽ താഴികക്കുടം സമർപ്പണം എന്ന ഒരു ചടങ്ങ് നടക്കുകയുണ്ടായി. അതായത് ശ്രീകോവിലിനു മുകളിൽ വിശുദ്ധ വസ്തുക്കൾ എല്ലാം നിറച്ച് പൂജിച്ച ഒരു പിച്ചളയുടെ ഏറെ ആലംകൃതമായ ഒരു കുടം ഉറപ്പിക്കുന്ന ചടങ്ങ് ആണത്. ഇതിനായി ഭക്തർ കമ്മിറ്റി രൂപീകരിച്ച് വേണ്ടതായ ദ്രവ്യം സ്വരൂപിച്ച് ചടങ്ങുകൾ ചിട്ടപ്പെടുത്തി. ഏതാണ്ട് മൂന്ന് ദിവസത്തെ വിവിധ പൂജകൾക്ക് ശേഷമാണ് കുടം സമർപ്പണം. രണ്ടുദിവസത്തെ പൂജകൾ കഴിഞ്ഞു. അവസാന ദിവസ പൂജയ്ക്കായി കർമ്മി കുളിച്ചു ശുദ്ധി വരുത്തി ഈറനോട് ശ്രീ ഗോവിലിന് മുന്നിലെത്തി. ശ്രീകോവിൽ സ്ഥിതി ചെയ്യുന്ന തറയുടെ മുകളിലേക്ക് കയറാൻ ഒരു കാൽ എടുത്തു വെച്ചതേയുള്ളൂ, അതാ കിടക്കുന്നു അവിടെ ഒരു എല്ലിൻ കഷ്ണം' ശിവ ശിവ' തിരുമേനി വലിയ വായിൽ രുദ്രനെ വിളിച്ചു നിലവിളിച്ചു. 'കളഞ്ഞു എല്ലാം അശുദ്ധമായി ഭഗവാനേ' ശബ്ദം കേട്ട കമ്മിറ്റി അംഗങ്ങൾ പാഞ്ഞെത്തി. ഇനിയെന്തു ചെയ്യും? ഭക്തരിൽ കാരണവർ മൊഴിഞ്ഞു.' അതങ്ങ് എടുത്തു കളഞ്ഞശേഷം ഉള്ള പൂജ തുടങ്ങുവാ.... ' കൂട്ട

ത്തിൽ നിന്നിരുന്ന ഒരു ഇളമുറക്കാരന്റെ ജൽപനം. 'തല്ലുകൊള്ളിത്തരം പറയരുത്' കാരണവർ ന്യൂജനെ ശകാരിച്ചു. ഒടുവിൽ തീരുമാനമായി. രണ്ടുദിവസമായി ചെയ്തുകൊണ്ടിരുന്ന ചടങ്ങുകൾ എല്ലാം വീണ്ടും ആവർത്തിക്കുക തന്നെ അങ്ങനെ ക്ഷേത്രത്തിൽ മാംസാവശിഷ്ടം വീണതിനാൽ ചടങ്ങുകൾ വീണ്ടും മൂന്ന് ദിവസം കൂടി നീണ്ടു പോയി താഴികക്കുട സമർപ്പണത്തിന് ജനം സന്തുഷ്ടരായി. ഇവിടെ ക്ഷേത്ര പരിസരത്ത് അശുദ്ധ വസ്തുക്കൾ കണ്ടു എന്നത് മുഖവിലക്കെടുത്താൽ നമുക്ക് ഇനിയും മറ്റു പല അശുദ്ധ വസ്തുക്കളും ക്ഷേത്രത്തിനകത്ത് കാണാനാകും. ഇടയ്ക്കിടക്ക് ഗുരുവായൂർ ക്ഷേത്രത്തിനകത്തെ തീർത്ഥ കിണർ വറ്റിച്ച് വൃത്തിയാക്കാറുണ്ട് ഇതിലെ ജലം ഭഗവാന്റെ അഭിഷേകത്തിന് തീർത്ഥത്തിനുമാണ് ഉപയോഗിക്കുന്നത്. വൃത്തിയാക്കുന്ന സമയത്ത് കിണറ്റിൽ നിക്ഷേപിച്ചിരിക്കുന്ന വിശുദ്ധ വസ്തുവായ സാള ഗ്രാമങ്ങൾ എടുത്തുമാറ്റിയ ശേഷം മറ്റ് അഴുക്കുകളും ചെളിയും എടുത്തു മാറ്റുകയാണ് പതിവ്. ക്ഷേത്ര പ്രതിഷ്ഠ നടത്തുമ്പോഴും മൂല വിഗ്രഹത്തിന് അടിയിൽ സാള ഗ്രാമങ്ങൾ നിക്ഷേപിക്കുക പതിവാണ്. ഇത് എത്ര എണ്ണം നിക്ഷേപിക്കുന്നു എന്നതിന് അടിസ്ഥാനത്തിലാണ് ആ ക്ഷേത്രത്തിന്റെ പ്രശസ്തിയും ഭക്തർക്കിടയിലെ വിശ്വാസവും അംഗീകാരവും.



വിശ്വാസികൾ ചിന്തിച്ചിട്ടുണ്ടോ എന്താണ് സാളഗ്രാമങ്ങൾ? അത് ഒരു ജലജീവിയുടെ എല്ലാണ് (ഷെല്ല്). ഇത് മിക്കവാറും ലഭിക്കുന്നത് ഹിമാലയത്തിൽ നിന്നും ഉദ്ഭവിക്കുന്ന നദികളിൽ നിന്നും നേപ്പാളി നദികളിൽ നിന്നുമാണ്. എങ്ങിനെ എന്നല്ലേ? ഇത് പറഞ്ഞ് മനസ്സിലാക്കാൻ അല്പം ജിയോഗ്രാഫി പറയേണ്ടതുണ്ട്. വിശ്വാസികൾ വളരെ പവിത്രമായി കരുതുന്ന ഈ വസ്തുക്കറുപ്പ്, വെള്ള, നീല എന്നിങ്ങനെ പല വർണ്ണങ്ങളിൽ കാണപ്പെടാറുണ്ട്. ഇതിനകത്ത് ചക്രരൂപത്തിലുള്ള ശങ്കരൂപത്തിലും ചില മുദ്രകൾ കാണാറുണ്ട് എന്നതിനാൽ ഭക്തർ ഇതിനെ വളരെ പവിത്ര വസ്തുവായി കരുതിപോരുന്നു. ഏഴ് കോടി വർഷങ്ങൾക്കു മുൻപ് കടലിൽ ഉണ്ടായിരുന്ന അമ്മനോയിഡുകൾ (ammonoids) എന്ന ഷെല്ലുള്ള ജന്തുക്കളുടെ ഫോസിലുകൾ ആണ് ഈ വസ്തു എന്ന് ഫോസിൽ വിദഗ്ധർ കണ്ടെത്തിയിട്ടുണ്ട്. ഇന്നിപ്പോൾ ഈ വർഗ്ഗത്തിൽ പെട്ട നോട്ടിലെസ് എന്ന ജന്തു മാത്രമേ അവശേഷിക്കുന്നുള്ളൂ. പൂരൽ പാറകളിലെ ഖനിജങ്ങളുടെ നിറമാണ് സാളഗ്രാമങ്ങൾക്ക്

കടൽ ജീവികളുടെ ഫോസിൽ ഹിമാലയത്തിന് മുകളിൽ എങ്ങിനെയെത്തി എന്നത് ന്യായമായ ചോദ്യമാണ്. ഇതിനു മറുപടിയായി ഭൂഗർഭശാസ്ത്രം പറയുന്ന മറുപടി ഇങ്ങനെ- ഇന്ത്യ എന്ന ഭൂഖണ്ഡം കാലങ്ങൾക്ക് മുൻപ് ഗോണ്ടുവാന എന്ന തെക്കൻ ഭൂഖണ്ഡത്തിന്റെ ഭാഗമായിരുന്നു. അതുപോലെ തന്നെ ഓസ്ട്രേലിയ, ആഫ്രിക്ക, അൻറാർട്ടിക്ക എന്നിവയും. പിന്നീട് അവയിൽ പലതും ഈ ഭൂഖണ്ഡത്തിൽ നിന്നും അടർന്നു വേർപെട്ടു പോവുകയായിരുന്നു. അങ്ങിനെ ഇന്ത്യ ഉൾപ്പെടുന്ന പ്ലേറ്റോനിക് പ്ലേറ്റ് ഏതാണ്ട് 7 കോടി വർഷങ്ങൾക്ക് മുൻപ് വേർപെട്ട് വടക്കോട്ട് നീങ്ങിയും ഏഷ്യാവൻകരയുമായി കൂട്ടിയിടിച്ച് ഹിമാലയം ഉയർന്നു വരികയാണ് ഉണ്ടായത്. ഈ സ്ഥാനത്തെ ഇതിനുമുൻപ് ഉണ്ടായിരുന്നത് ടൈതീസ് കടലായിരുന്നു. ഈ കൂട്ടിയിടിയുടെ ആഘാതത്തിൽ ടൈറ്റീസ് കടലിലെ ജലജീവികൾ ആ ഭൂമി ഭാഗത്തോടൊപ്പം ഉയർന്നു പൊങ്ങി ഉയരങ്ങളിൽ വിതരണം ചെയ്യപ്പെട്ടു. തുടർന്നുണ്ടായ മഞ്ഞ വീഴ്ചയിൽ അവ മഞ്ഞിനടിയിൽ ലോക്ക് ആയിപ്പോയി. കാലാവസ്ഥ ഭേദങ്ങളുടെ ഭാഗമായി ഹിമാലയത്തിൽ വേനൽക്കാലത്ത് മഞ്ഞുരുകുമ്പോൾ അവജലത്തോടൊപ്പം ഒഴുകി നദികളിൽ എത്തുന്നു. ഇതുപോലെ മറ്റ് ജീവികളുടെ ഫോസിലുകളും ഹിമാലയൻ നദികളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതാണ് ഇതിൻറെ യാഥാർത്ഥ്യം എന്നിരിക്കെ വിശ്വാസികൾ ഇതൊരു ജലജീവിയുടെ എല്ലാണെന്നറിയാതെ അതിൽ വിശുദ്ധി കണ്ട് പൂജിച്ച് തൃപ്തിയടയുന്നു.

മനുഷ്യ പരിണാമത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ അവൻ ജലജീവികളായ ഞണ്ട് ഞവണി കല്ലുമ്മക്കായ കക്ക ശംഖ് എന്നിവയുടെ മാംസഭാഗം വേർപെടുത്തിയെടുത്ത് ഉപ്പും മുളകും മറ്റു ചേരുവകളും ചേർത്ത് തീയിൽ ചുട്ടെടുത്ത് നാടൻ റാക്കും എരിവും തൊട്ടുനക്കി ചെല്ലും തോതിൽ ചെലുത്തി ഏമ്പക്കവും വിട്ട് അതിന് തക്ക കീഴ്ശ്വാസവും വിട്ടിരിക്കുമ്പോൾ തോന്നിയ ഒരു കാഞ്ഞ ബുദ്ധിയാണ് തിന്ന് ജലജീവികളുടെ കട്ടിയുള്ള പുറന്തോടുകൾ (കക്ക, ശംഖ്) വൃത്തിയാക്കിയെടുത്ത് ശുദ്ധി വരുത്തി അവയെ എന്തുകൊണ്ട് നമ്മുടെ തന്നെ ഭാവി വയറ്റിൽ പിഴപ്പിനായി പ്രയോജനപ്പെടുത്തിക്കൂട എന്ന് തോന്നൽ. ഇതേ തുടർന്നാണ് ഭൂമിയിലെ ഏറ്റവും സൂത്രശാലിയായ ആദ്യത്തെ ജോത്സ്യൻ ജനിച്ചത്. വൃത്തിയാക്കിയെടുത്ത പുറംതോടുകൾ (ഷെല്ല്) പലക പുറത്തിട്ടു ഉരുട്ടി തലേന്ന് കഴിച്ച് പല്ലിനിടയിലും കവിളുകൾക്കിടയിലും കയറിയ മാംസാഹാര ശകലങ്ങൾ നാവു കൊണ്ട് തുഴഞ്ഞെടുക്കുമ്പോൾ പ്രകടിതമാകുന്ന ഭാവചലനങ്ങളും കേൾക്കുന്ന ശിൽക്കാല ശബ്ദങ്ങളും മന്ത്രധ്വനിയായി കേൾപ്പിച്ച് ചുറ്റും നിൽക്കുന്ന ഭക്തരെ തെറ്റിദ്ധരിപ്പിച്ച് അതേ പലകപ്പുറത്ത് തന്നെ ഇതേ ജലജീവികളുടെ ഷെല്ല് പുഴുങ്ങിയെടുത്ത് ജലവും ആയി ചേർത്ത് നിർമ്മിച്ച ചോക്ക് (കാൽസ്യം കാർബണേറ്റ്) കൊണ്ട് കല്ലുമാസകലം വരച്ച്, അതിനടുത്തിട്ട് ചെറി



> ക്ഷേത്ര വാദ്യോപകരണങ്ങളിൽ മദ്ദളം പശുവിനെ തോൽ ഉരിച്ചെടുത്ത വൃത്തിയാക്കി പൊതിഞ്ഞാണ് നിർമ്മിക്കുന്നത്. ഇതിന് അശുദ്ധിഇല്ല. പഞ്ചവാദ്യത്തിലെ മുഖ്യ വാദ്യോപകരണമായ തിമിലയ്ക്ക് ഇതുപോലെ പശുവിന്റെ തുകലാണ് വേണ്ടത്. ഇതിനും അശുദ്ധി ഇല്ല.

യ കവടിയെ (ഷെല്ല്) കൈകൾ ഉപയോഗിച്ച് ഉരുട്ടിപ്പിടിച്ച് എടുത്ത് അവയെ വിവിധ കളങ്ങളിൽ തോന്നിയപോലെ മൂന്നും നാലുമായി നിരത്തി ചന്തി പൊന്തിച്ച് അല്പം കൂടി ഒന്ന് ചടഞ്ഞിരുന്ന് പത്തോ പതിനഞ്ചോ സെക്കൻഡ് വസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന ചലച്ചിത്രത്തിലെ മണി കളിച്ചാൽ മുന്നിലിരിക്കുന്ന വിഡ്ഢ്യാസുരന്റെ ഭാവി പച്ചവെള്ളം പോൽ മനസ്സിൽ ഒഴുകിയെത്തും എന്ന് പറയുന്നത് കേൾക്കാൻ മാത്രം പടുവിഡ്ഢികൾ ആണോ നമ്മൾ മലയാളികൾ. ഇതിന് ഉപയോഗിച്ചതായി ജലജീവികളുടെ എല്ലുകൾക്കും സെല്ലുകൾക്കും ഒന്നും തന്നെ ഈ വിശ്വാസികൾ യാതൊരു അശുദ്ധിയും കാണുന്നില്ല എന്നത് ശ്രദ്ധിക്കണം.

ജലജീവികളിൽ ഒന്നിലെ എല്ലാണ് ശംഖ് ഈ ശംഖിലൂടെ കൊച്ചു വെളുപ്പാൻ കാലത്ത് ക്ഷേത്രങ്ങളിൽ ക്ലിയോ തകസ് കുരങ്ങ് വർഗ്ഗത്തിൽ നിന്നും എട്ടാം തലമുറയിലെത്തിയ ഹോമോ ഇറക്സ് എന്ന കുരങ്ങ് മനുഷ്യനെയും പിന്തള്ളി മുന്നോട്ടുപോയ ഹോമോസാപിയൻസ് തുടക്കത്തിൽ മിതമായും പിന്നീട് ആക്രമത്തിൽ ശക്തിയായും കാർബൺ ഡയോക്സൈഡ് കടത്തി വിടുമ്പോൾ ഉണ്ടാകുന്ന ഹുങ്കാരശബ്ദം ശ്രവിച്ചാലേ തലേന്ന് പൊതുഭരണവും കഴിഞ്ഞ് ക്ഷീണിതനായ വീട്ടിലെത്തി കുളിച്ചെന്ന് വരുത്തി അന്തി കൽപം കഞ്ഞിയും മോന്തി കിടക്കയിലേക്ക് ചായുമ്പോൾ പഞ്ചാര വാക്കുമായി ചാരത്ത് അണിയുന്ന പ്രാണപ്രേയസിയുമായി അല്പം നേരം പോക്ക് നടത്തി ഏതായു ഒലിപ്പിച്ചു കിടന്നുറങ്ങുന്ന ഭഗവാൻ ഉണരൂ എന്ന് വരുന്നത് എന്ത് കഷ്ടമാണെന്ന് ചിന്തിച്ചിട്ടുണ്ടോ? ശ്രീകോവിലിനു മുന്നിൽ നിന്നും ഊതി ശബ്ദമുണ്ടാക്കുന്ന ശംഖിനും വിശ്വാസികൾ അശുദ്ധി കാണുന്നില്ല.

ഭഗവാൻ ഉണർന്നാലത്തെ പൊടിപൂരം പിന്നീട് പറയുവാനുമില്ല അതാ വരുന്നു വാദ്യമേളങ്ങളുടെ ഒരു നിര, സോപാന സംഗീതം. അകമ്പടിയായി ഇടയ്ക്ക മേളം. അധ്യാപകരണങ്ങളിൽ ഏറ്റവും ആഢ്യത്വം ഇടയ്ക്കക്കാണ്. വാദ്യോപകരണങ്ങളിലുമുണ്ട് വർണ്ണ ശ്രേണി. ഇടയ്ക്ക് പൊതിയുന്നത് ആടിന്റെ ഉള്ളുവരി( ആമാശയത്തിന്റെ ഉൾഭാഗത്തെ തൊലി) എടുത്ത് വൃത്തിയാക്കി ഉണക്കി ഉറക്കിട്ട് മൂർച്ചയുള്ള ഉപകരണം കൊണ്ട് തോലുമുറിയാതെ വടിച്ച് കനം കുറച്ചെടുത്തതാണ് ഇതിനെ 'ഓദളി' എന്നു പറയും. ശ്രീ കോവിലിനു മുന്നിൽ ഏതെങ്കിലും ഒരു ഭാഗത്ത് ഒതുങ്ങി നിന്നാണ് സോപാനം കൊട്ടി പാടുന്നത്. ഇടയ്ക്കയിൽ കനം കുറഞ്ഞ വൃക്ഷക്കൊമ്പ് കൊണ്ട് പ്രത്യേക ഈണത്തിൽ കൊട്ടി ശബ്ദം പുറപ്പെടുവിച്ച സംഗീതം ആലപിച്ച് ഭഗവാനെ അല്ലെങ്കിൽ ഭഗവതിയെ സന്തോഷിപ്പിച്ച് കാര്യം കാണുന്നു. ഇതിനെയാണ് കൊട്ടിപ്പാടി സേവാ എന്ന് പറയുന്നത്. എന്തിനധികം പൂജകൾക്ക് പ്രത്യേകിച്ച് യാഗങ്ങൾക്ക് മൃഗങ്ങളുടെ 'വപ' എടുക്കാറുണ്ട്. മൃഗങ്ങളെ കൊല്ലുമ്പോൾ ഊരിവരുന്ന മൃഗക്കൊഴുപ്പാണ് വപ ഇതിന് വിശ്വാസികളെ സംബന്ധിച്ച് അശുദ്ധിയില്ല അടുത്തത് 'പഞ്ചഗവ്യം' പശുവിന്റെ പാല് നെയ്യ് തൈര് മലം മൂത്രം എന്നിവ ഒരു പ്രത്യേക അനുവാദത്തിൽ കൂട്ടിക്കുഴച്ചെടുക്കുന്ന മിശ്രിതം. ഇവ മൃഷ്ടാനം സേവിച്ചാൽ സർവ്വ ഐശ്വര്യവും സിദ്ധിക്കും സകല രോഗനിവാരണത്തിനും അത്യുത്തമമായ ഒരു പുണ്യ ലേഹ്യം ഇതുപോലെ മറ്റൊന്നു വേറെയില്ല എന്നാണ് വിശ്വാസി മതം. ഇതിലും വിശ്വാസികളെ സംബന്ധിച്ചിടത്തോളം അശുദ്ധി ഇല്ല.

ക്ഷേത്ര വാദ്യോപകരണങ്ങളിൽ മദ്ദളം പശുവിനെ തോൽ ഉരിച്ചെടുത്ത വൃത്തിയാക്കി പൊതിഞ്ഞാണ് നിർമ്മിക്കുന്നത്. ഇതിന് അശുദ്ധിഇല്ല. പഞ്ചവാദ്യത്തിലെ മുഖ്യ വാദ്യോപകരണമായ തിമിലയ്ക്ക് ഇതുപോലെ പശുവിന്റെ തുകലാണ് വേണ്ടത്. ഇതിനും അശുദ്ധി ഇല്ല. ഉടുക്കിനെ ഇടക്കയ്ക്ക് എന്നപോലെ ആടിന്റെ ഉള്ളുവരിയാണ് ഉപയോഗിക്കുന്നത്. ഇവിടെയും അശുദ്ധിയില്ല നാദസ്വരത്തിന്റെ തകിലിന് കാളയുടെ തുകൽ തന്നെ വേണം. ഇവിടെയും ഇപ്പറഞ്ഞ പോലെ അശുദ്ധി നാസ്തി. തായമ്പകയിലെ ചെണ്ടയ്ക്ക് പശുവിന്റെ തുകലാണ് പൊതിയുന്നത്. ഇങ്ങിനെ തുകൽ പുറത്തിട്ട് അടിക്കുമ്പോൾ ഉണ്ടാകുന്ന പടഹധ്വനിയുടെയും താളത്തിന്റെയും മാസ്മരികതയിൽ ഒരാളും ആ തുകൽ ഉപയോഗപ്പെടുത്തി ജീവിച്ചിരുന്ന ഒരൊറ്റ മിണ്ടാപ്രാണിയെയും ഒരിക്കൽപോലും ഓർമിക്കുന്നില്ല എന്നത് ഏറെ പരിതാപകരം തന്നെ. വിവിധ മൃഗങ്ങളുടെ തുകൽ ഉരിച്ചെ

ടുത്ത് അതിലിട്ട് അടിക്കുമ്പോൾ ഉണ്ടാകുന്ന പടകധ്വനി കേൾക്കുമ്പോഴത്തെ വന്യമായ സന്തോഷം അത് ദൈവത്തിൻറെ പേരിൽ ആയാൽ പോലും തനി ഭീകരതയാണ് അതിൽ നിഴലിക്കുന്നതെന്ന് എന്നത് പറയാതിരിക്കാനാവില്ല. ക്ഷേത്രത്തുകൾ വാദ്യോപകരണങ്ങൾ സത്യത്തിൽ ആത്മീയരെ സംബന്ധിച്ചിടത്തോളം അശുദ്ധിയുടെയും ഭീകരതയുടെയും തിരുശേഷിപ്പുകൾ ആണെന്നത് സംശയത്തിന് അവകാശമേതുമില്ല.

ഇതോടൊപ്പം കൂടി വായിക്കേണ്ട ഒന്നാണ് കഴിഞ്ഞ ഓഗസ്റ്റ് 23ന് ജാസ്മിൻ ജാഫർ എന്ന ബ്ലോഗർ ഗുരുവായൂർ ക്ഷേത്രക്കുളത്തിൽ കാൽ കഴുകി കയറുന്നത് ചിത്രീകരിച്ചത് വിവാദമായ സംഭവം. ഇതേതുടർന്ന് ക്ഷേത്രം അശുദ്ധമായി എന്നും ശുദ്ധികലശം നടത്തണമെന്നും തന്ത്രിയും ക്ഷേത്ര ഭാരവാഹികളും. ആയതിനാൽ ശുദ്ധീകലശ ദിവസം ഉച്ചവരെ ഭക്തരെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കേണ്ടതില്ലെന്നും ഉച്ചയ്ക്ക് ശേഷം മാത്രമേ പ്രവേശനം അനുവദിക്കൂ എന്നുമായിരുന്നു ദേവസ്വം നിലപാട്.

ഗുരുവായൂരിലെ ഈ ഐത്താചരണം വിലക്കും ഭരണഘടനാ വിരുദ്ധമാണെന്ന് കേരള യുക്തിവാദി സംഘം അഭിപ്രായപ്പെട്ടു. ഇസ്ലാം നാമധാരിയായ ഒരു സ്ത്രീ കുളത്തിൽ കാൽ കഴുകി കയറിയതിന് 18 പൂജകളും 18 ശീവേലികളും ആറു ദിവസം നടത്തി ശുദ്ധീകരണം നടത്തണമെന്നാണ് ക്ഷേത്ര കമ്മിറ്റിയായ തന്ത്രി അറിയിച്ചത്. ക്ഷേത്ര പരിസരത്ത് ഇത്തരത്തിലുള്ള ചിത്രീകരണങ്ങൾക്ക് വിലക്കുണ്ടെങ്കിൽ കമ്മിറ്റിക്ക് അതിനു ശ്രമിച്ചവർക്കെതിരെ കോടതിയെ സമീപിച്ച് പരാതിപ്പെടാം. അല്ലാതെ മനുഷ്യൻ മനുഷ്യർക്കെതിരെ ആരോപിക്കപ്പെടുന്നതും ആചരിക്കുന്നതുമായ ഇത്തരം അയിത്താചാരണങ്ങളെ ഒരിക്കലും അംഗീകരിക്കാൻ ആവില്ല, നീതികരിക്കാനും ആവില്ല. മത പുനരുജീവനവാദം ആധുനിക കാലത്തും അടിച്ചേൽപ്പിക്കുവാനുള്ള ശ്രമമാണ് അതിന് പിന്നിൽ എന്നതിന് സംശയമില്ല വർഷങ്ങൾക്കു മുൻപ് വയലാർ രവിയുടെ പേരക്കുട്ടിയുടെ ചോറൂണ് ഗുരുവായൂർ ക്ഷേത്രത്തിൽ വച്ച് നടത്തിയപ്പോൾ കുഞ്ഞ് ക്ഷേത്ര നടയിൽ മൂത്രമൊഴിച്ചതിനെ പുണ്യാഹം നടത്തി 1500 രൂപ അവരിൽ നിന്നും ഈടാക്കി ആറുമാസം പ്രായമുള്ള പിഞ്ചു കുഞ്ഞിനെ ശിക്ഷിച്ച ക്രെഡിറ്റ് കൂടി ക്ഷേത്ര കമ്മിറ്റിക്കുണ്ട്.

അശുദ്ധിക്ക് ആസ്പദമാക്കുന്ന സംഭവങ്ങൾ നോക്കി പോകുകയാണെങ്കിൽ ഒന്ന് ചോദിക്കട്ടെ ക്ഷേത്രക്കുളത്തിൽ ഭക്തർ കുളിക്കുന്നതിനിടയിൽ മൂത്രമൊഴിച്ചിട്ടുണ്ടാകാം. ആർത്തവമുള്ള സ്ത്രീകൾ കുളിച്ചിട്ടുണ്ടാകും. ശ്രീകോവിനകത്തും പരിസരത്തും ജോലി ചെയ്യുന്ന ക്ഷേത്രം തന്ത്രിയും ജീവനക്കാരും കമ്മിറ്റി ഭാരവാഹികളും ഭക്തരും ഒരു ദിവസം എത്ര തവണ കീഴ്ശ്വാസം വിടുന്നുണ്ടാകും? അതെല്ലാം ഗ്യാസ് ഡിക്ടറ്റർ ഉപയോഗിച്ച് കണ്ടെത്തി അവരെയെല്ലാം പിഴയടച്ച് ക്ഷേത്രം ശുദ്ധി വരുത്തേണ്ടതല്ലേ. എത്ര അന്യമതസ്ഥർ കുളത്തിൽ കുളിച്ച് ക്ഷേത്രദർശനം നടത്തിയിട്ടുണ്ടാകും? അവരെയെല്ലാം ജാതിമത ഡിറ്റക്ടർ വെച്ച് പരിശോധിച്ചു കണ്ടെത്തി പിഴയിടാക്കേണ്ടതല്ലേ? മത്സ്യമാംസാദികൾ തിന്നശേഷം അതിന്റെ എല്ലും മുള്ളും എത്ര പക്ഷികൾ ക്ഷേത്രങ്ങൾ കുളത്തിലും മതിൽ കെട്ടിന് പരിസരത്തും കൊണ്ടുവന്നിട്ട് അശുദ്ധമാക്കിയിരിക്കണം? മൃഗങ്ങളായ ആനക്കും പട്ടിക്കും പൂച്ചയ്ക്കും ക്ഷേത്രപരിസരത്ത് യഥേഷ്ടം കാഷ്ഠിക്കാം മൂത്രമൊഴിക്കാം. ആറുമാസം പ്രായമായ ഒരു മനുഷ്യക്കുന്ന് മൂത്രമൊഴിച്ചാൽ അയിത്തം. നിങ്ങൾ തന്നെയല്ലേ പറഞ്ഞുണ്ടാക്കിയിരിക്കുന്നത് ഉണ്ണി മൂത്രം പുണ്യാഹം എന്ന്, എന്നിട്ട് എന്തേ അത് പ്രാവർത്തികമാക്കുമ്പോൾ ഇത്ര അസഹിഷ്ണുത? അന്യമതസ്ഥരുടെ മീൻകട, ഇറച്ചികട, പൊതു കക്കൂസ്, ചൂതാട്ട കേന്ദ്രം, ആശുപത്രികൾ എന്നിവയുടെ കൈമറിഞ്ഞ് വരുന്ന പണത്തിന് യാതൊരു അയിത്തവും ഇല്ല. അന്യമതസ്ഥർ ശ്വസിച്ച് വിടുന്ന വായുവിനെ അയിത്തം ഇല്ല. വാഹനത്തിൽ അന്യമതസ്ഥരോട് ഒന്നിച്ച് ഇരുന്ന് യാത്ര ചെയ്യാൻ അശുദ്ധി ഇല്ല. ഹോട്ടലിൽ അന്യമതസ്ഥർ ഭക്ഷിച്ച പാത്രങ്ങളിൽ ആഹാരം കഴിക്കാനും വിരോധമില്ല. മത്സ്യമാംസാദികൾ ബാഗിലും വയറ്റിലും ആക്കിയ ശേഷം ക്ഷേത്രദർശനം നടത്താം അയിത്തം ഇല്ല. ചെരിപ്പ് കയ്യിൽ ഊരിപ്പിടിച്ച് ക്ഷേത്രദർശനം നടത്താം അത് കാലിൽ ധരിച്ചാൽ അശുദ്ധി യായി സുനാമി വന്നപ്പോഴും കോവിഡ് വന്നപ്പോഴും പ്രളയം വന്നപ്പോഴും ഈ അശുദ്ധി പ്രഖ്യാപിക്കുന്ന കോമരങ്ങളെല്ലാം കാശിക്ക് പോയോ?



സാളഗ്രാമം



'ലോകാ സമസ്താ സുഖിനോ ഭവന്തു' ഇന്ന് നിരന്തരം ആക്രോഷിച്ച് പ്രഭാഷണം നടത്തുന്നവരുടെ ഗണത്തിൽ പെട്ടവരാണ് അന്യമതസ്ഥരോട് ഇത്ര അസ്പ്രശ്യത കാണിക്കുന്നതെന്ന് വിശ്വാസികളിൽ എത്രപേർക്ക് അറിയാം? ഇത്തരക്കാരുടെ മനസ്സിലാണ് 18 പൂജകളും 18 ശീവേലികളും നടത്തേണ്ടത്. ശേഷം സർക്കാരിന്റെയും ദേവസ്വത്തിന്റെയും മസ്തിഷ്കത്തിൽ അള്ളി പിടിച്ചിരിക്കുന്ന ബ്രാഹ്മണ്യത്തെ പുണ്യാഹം നടത്തി ശുദ്ധി വരുത്തണം. മറ്റുള്ളവരെ മനുഷ്യരായി കാണാൻ കഴിയാത്ത ദേവസ്വം ബോർഡും യുക്തി ബോധവും ശാസ്ത്രീയ ചിന്തയും വളർത്തണമെന്ന് പറയുന്ന സർക്കാരുമാണ് അഖില ലോക അയ്യപ്പ സംഗമം നടത്താൻ പോകുന്നത് കഷ്ടമേ...കഷ്ടം കഷ്ടാൽ...കഷ്ടതരം അല്ലാതെന്തു പറയാൻ

രാജു വാടാനപ്പള്ളി

# ആരാണ് എന്താണ് ഞാൻ ?

## മനുഷ്യ പരിണാമത്തിലൂടെ ഒരു അന്വേഷണം

ആരാണ് ഞാൻ, എന്താണ് ഞാൻ, എന്ന് എപ്പോഴെങ്കിലും സ്വയം ചോദിക്കാത്ത ആരുമില്ല നമ്മുടെ ഇടയിൽ, നാം സ്വബോധത്തിൽ ഇരിക്കുമ്പോൾ. പ്രശ്നം വരുന്നത് 'ഞാൻ' ഉണ്ട്, ഞാൻ ജീവിക്കുന്നു, അത് എന്റെ അനുഭവമാണ്. എന്നാൽ അതിലെ 'ഞാൻ' ആരാണ് എന്ന് പലർക്കും ഒരു ആന്തരിക അനുഭൂതിയോ ഉൾവിളിയോ പോലെ തോന്നിക്കുന്നിടത്താണ്. അപൂർവ്വം ചില സന്ദർഭങ്ങളിൽ, ഏതാനും നിമിഷങ്ങൾ 'ഞാൻ' വേറെ, ശരീരം വേറെ, എന്നോ 'ഞാൻ' ശരീരത്തിൽ നിന്നും വിട്ടു നിൽക്കുന്നതുപോലെ പോലെയോ വ്യക്തിക്ക് തോന്നിയേക്കാം. അവിടെ വരുന്നു ചോദ്യങ്ങൾ, ഞാൻ ആരാണ് എന്റെ 'ഞാൻ' എന്ന ആത്മബോധം, അസ്തിത്വബോധം, സ്വയം ബോധം, ഉണ്മ എന്നെല്ലാം ഉള്ള എന്റെ അനുഭവം എന്താണ് ? എന്നെ അസ്വസ്ഥനാക്കുന്ന 'ഞാൻ' ആരാണ്? എന്റെ ഉള്ളിൽ സൂക്ഷ്മതലത്തിൽ 'ഞാൻ' ആയി മറ്റൊരു അദൃശ്യ മനുഷ്യൻ ഉണ്ടോ? ചില സമയങ്ങളിൽ നാം ഒറ്റയ്ക്ക് ഇരിക്കുമ്പോഴോ അതും അല്ലെങ്കിൽ ഏതെങ്കിലും സവിശേഷമായ കാഴ്ചകളിലൂടെ കടന്നു പോകുമ്പോഴോ ഉണ്ടാകാവുന്ന വ്യക്തി അനുഭവത്തിൻറെ ഒരു അനർഘനിമിഷത്തിൽ ശൂന്യതയിൽ നിന്ന് എന്ന പോലെ നമ്മുടെ ബോധമണ്ഡലത്തിലേക്ക് എയ്തു വിട്ട അസ്ത്രം കണക്കെ ഏതാനും നിമിഷങ്ങൾ മാത്രം നിലനിൽക്കുന്ന തീവ്രമായ 'ഞാൻ' എന്ന അനുഭവതലം, അവിടെ വ്യക്തിയിലെ അസ്തിത്വബോധം ഉണരുമ്പോൾ ഉയരുന്ന ചോദ്യമാണ് 'ഞാൻ' ആരാണ്, എന്താണ്, എന്നുള്ളത് . പലർക്കും അവരുടെ നിത്യ വ്യവഹാര കലപിലകൾക്കിടയിൽ അവരിലെ ഈ 'ഞാൻ' എന്ന ആന്തരിക തീവ്രതലം വേണ്ടത്ര അനുഭവവേദ്യമാകുന്നില്ലാ യെങ്കിലും വളരെയധികം പേരിൽ അത് ഉണരുകയും അവരെ അത് അസ്വസ്ഥമാക്കുകയും ചെയ്യുന്നുണ്ട്. മസ്തിഷ്കത്തിൽ ചില രോഗങ്ങൾ ഉണ്ടായതിനെ തുടർന്ന് അതിലെ സുപ്രധാന ഭാഗങ്ങൾക്ക് തകരാറു സംഭവിച്ച് ഞാൻ എന്ന ബോധം നഷ്ടപ്പെട്ട ഏതാനും ഹതഭാഗ്യരെ മാറ്റിനിർത്തിയാൽ ഏതാണ്ട് എല്ലാവരിലും ഈ 'ഞാൻ' എന്ന അസ്തിത്വബോധം, ഞാൻ ഉണ്ട് എന്ന് അവസ്ഥയെ അനുഭവിക്കൽ സാധ്യമാണ്. ഓരോരുത്തരിലും ഞാൻ എന്ന ബോധം ഉണ്ട് എന്നതിനാൽ



അതിനുള്ളിലാണ് ഓരോ മാനവ ജീവിതവും. അപ്പോൾ ജീവ ശരീരത്തിനുള്ളിലെ ഈ 'ഞാൻ' ആരാണ്? ഇനി ഈ എന്നിലെ ഞാൻ മറ്റൊരു വിധത്തിൽ ദൈവാംശം പേറുന്ന ദൈവത്തിന്റെ പ്രതിനിധിയായ സവിശേഷ അസ്തിത്വമാണോ. അത് ദൈവത്തിന് മനുഷ്യനുമായി ബന്ധപ്പെടുന്നതിനായി ദൈവം തന്നെ രൂപപ്പെടുത്തിയ ഒരു മായാ മനുഷ്യൻ എന്ന നിലയിൽ വെറുതെ ഭൂമിയിലേക്ക് പടച്ചുവിട്ടാൽ പോരല്ലോ, മരിച്ച് മണ്ണടിഞ്ഞ് പോകേണ്ട ശരീരമെന്ന ഭൗതിക അസ്തിത്വവുമായി ബന്ധിപ്പിക്കുന്ന ഒരു മായാ ബന്ധനം വേണമല്ലോ കണക്കെടുക്കുവാനും റിപ്പോർട്ട് ചെയ്യുവാനുമായി. ആ നിലയിൽ ഈ 'ഞാൻ' തന്നെയാണോ മരിക്കുമ്പോൾ ശരീരത്തിൽ നിന്നും വേർപ്പെട്ടു പോകുന്നു എന്ന് വിശ്വാസികൾ വിശ്വസിക്കുന്ന ആത്മാവ്. വിശ്വാസപ്രകാരം മരണാനന്തരം ദൈവ സന്നിധിയിൽ എത്തുന്നത് ആത്മാവ് ആണല്ലോ. അവിടെയും ഞാൻ വേണമല്ലോ എന്റെ ചെയ്തികൾക്ക് ഉത്തരം പറയുവാൻ. എന്നിട്ട് വേണമല്ലോ എനിക്ക് സ്വർഗത്തിലേക്കോ നരകത്തിലേക്കോ പോകുവാൻ. മതങ്ങളെ മൊത്തത്തിൽ എടുത്താൽ അവ നിലവിൽ വരുവാൻ തുടങ്ങിയ (മനുഷ്യസൃഷ്ടിയായി) കഴിഞ്ഞ 5000 വർഷം മുതൽ ഇക്കാലം വരെയും ആ മതങ്ങൾ അവതരിപ്പിച്ച സൃഷ്ടാവായ ദൈവവുമായി ഭൗതിക ശരീരത്തെ ബന്ധിപ്പിച്ച ശക്തമായ സാന്നിധ്യമാണ് 'ഞാൻ'. 'ഞാൻ' എന്നത് അനുഭവമാണെങ്കിലും അത് എക്കാലത്തെയും മനുഷ്യന്റെ അന്വേഷണ വിഷയമായിരുന്നില്ല. 'ഞാൻ' ൻറെ അന്വേഷണം ബലപ്പെടുന്നത് മനുഷ്യൻ അവന്റെ സാംസ്കാരിക ചരിത്രത്തിൽ ഏറ്റവും സംസ്കരിക്കപ്പെട്ട മനുഷ്യരായി രംഗത്തുവരുന്ന കഴിഞ്ഞ 5000 വർഷം മുതലുള്ള നാഗരിക സമൂഹത്തിലാണ്. അക്കാലത്ത് രണ്ട് മേഖലകളിൽ നിന്ന് ഉത്തരം വന്നു, മതത്തിൽ നിന്നും തത്വചിന്തകരിൽ നിന്നും. അതിൽ ഭംഗിയുള്ള ഉത്തരം മതം തന്നു. മനുഷ്യനെ ദൈവം സൃഷ്ടിച്ചു, അങ്ങനെ ദൈവാംശമായി മനുഷ്യനിൽ 'ഞാൻ' രൂപപ്പെട്ടു. എന്നാൽ തത്വചിന്തകന്മാർ വിശദീകരിച്ച് വിശദീകരിച്ച് 'ഞാൻ' നെ കൂടുതൽ കൂടുതൽ ദുർഗ്രാഹ്യമാക്കി. എന്നാൽ അതത്

കാലത്ത് ഉൽപ്പാദിപ്പിക്കപ്പെട്ട അത്തരം ഉത്തരങ്ങൾ അതത് കാലത്തുള്ളവർക്ക് സ്വീകാര്യമായിരുന്നു. പതിനേഴാം നൂറ്റാണ്ടിലെ ഫ്രഞ്ച് തത്വചിന്തകനായിരുന്ന റെനെ ദെ കാർത്തെയുടെ വളരെ പ്രസിദ്ധമായ ഒരു നിരീക്ഷണം ഉണ്ട്. 'ഞാൻ' നെപ്പറ്റി. 'ഞാൻ ചിന്തിക്കുന്നു അതിനാൽ ഞാനുണ്ട്' എന്നതാണത്. അക്കാലങ്ങളിൽ സ്വീകരിക്കപ്പെട്ട വിശദീകരണം ആയിരുന്നു അത് . പക്ഷേ ഇന്ന് ഈ വിശദീകരണം സ്വീകാര്യമല്ല. കാരണം ഞാൻ ചിന്തിക്കുന്നത് കൊണ്ടല്ല



ഞാൻ ഉള്ളത് അത് രണ്ടാമത്തെ കാര്യമാണ്. മറിച്ച് 'ഞാൻ' ഉണ്ട് എനിക്ക് അസ്തിത്വം ഉണ്ട് അതിനാൽ ഞാൻ ചിന്തിക്കുന്നു. അതായത് ഈ പ്രക്രിയയിൽ ആദ്യം വരുന്നത് 'ഞാൻ' ആണ് 'ഞാൻ' ഉണ്ടെങ്കിലേ എനിക്ക് ചിന്ത ഉള്ളൂ. ഞാനാണ് ആദ്യം. നൂറ്റാണ്ടുകളോളം തത്വചിന്തകർ ഈ 'ഞാൻ' നെ വച്ച് ഞാണിന്മേൽ കളി നടത്തിപോന്നു. ശാസ്ത്രം വേണ്ടത്ര വികസിക്കാത്ത ആ കാലങ്ങളിൽ തത്വചിന്തകർ അടിച്ചുപൊളിച്ചു മേഞ്ഞു നടന്നിരുന്ന വൈജ്ഞാനിക മേഖലയായിരുന്നു 'ഞാൻ' എന്ന അനുഭവതലം. 'ഞാൻ' നെ മുൻനിർത്തി അവർ സത്ത, ഉണ്മ എന്നെല്ലാം പറഞ്ഞ് നമ്മുടെ ചിന്തകളെ ഭൗതികേതരമായ ലോകത്തേക്ക് കൊണ്ടുപോയി, നമ്മെ ആകെ വിഭ്രമത്തിലാക്കി. ഭാഷയെ കയ്യടക്കിയ അവരുടെ പ്രാമാണികത ഇന്ത്യൻ തത്വചിന്തയിലും വളരെ പ്രകടമാണ് . 'ഞാൻ' നെ കൂടുതൽ സങ്കീർണമാക്കുന്ന കാര്യത്തിൽ ഇന്ത്യൻ തത്വചിന്തയിലെ നാലു മഹാവാക്യങ്ങളിൽ ഒന്നായ 'അഹം ബ്രഹ്മാസ്മി' നോക്കുക. ഞാൻ ബ്രഹ്മമാണ് എന്നാണ് അതിന്റെ അർത്ഥം. ബ്രഹ്മം എന്ന് കേൾക്കുമ്പോൾ തന്നെ ഒരു വിഭ്രമം ഉണ്ടാകും ബ്രഹ്മം എന്ന ആശയവും അറിവും, അത് ഉത്പാദിപ്പിക്കപ്പെട്ട കാലത്തുനിന്നും ഇക്കാലത്തേക്ക് വലിച്ചു കൊണ്ടു വന്നപ്പോൾ ഇന്ന് അതിനെ വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് കീറാമുട്ടി ആക്കി മാറ്റിയതാണ്. വാസ്തവത്തിൽ ഹിന്ദുക്കളുടെ ത്രിമൂർത്തി സങ്കല്പം രൂപം കൊള്ളും മുമ്പുള്ള കാലത്തെ ഒരു ദൈവ വിശ്വാസ ഘടന അത്രയേ ഉള്ളൂ ഈ ബ്രഹ്മം. ആ ദൈവത്തിന്റെ നിർമ്മിതിയായ അതിന്റെ തന്നെ ഭാഗമായ മനുഷ്യാസ്തിത്വമാണ് 'ഞാൻ' . അതുകൊണ്ട് ഞാൻ ബ്രഹ്മമാണ് എന്നിലെ 'ഞാൻ' അവി



ടെ അഹം ബ്രഹ്മാസ്മിയാക്കി മാറ്റി. ഇവിടെ 'ഞാൻ' ദൈവപുത്രന്മാരോ ദൈവാംശമുള്ളവരോ ആയ മനുഷ്യർ എന്ന നിലയിലേക്ക് മാറ്റപ്പെട്ടു. മനുഷ്യൻ ദൈവ സമാനരായി തീരുന്ന അതിമനോഹര ഭാവന അല്ലേ. നോബൽ പ്രൈസ് പലതവണ കിട്ടേണ്ടതായ വിഭ്രാമകമായ ഭാവന. എന്നാൽ ഇതെല്ലാം പോയ കാല മനുഷ്യർ സ്വന്തം അസ്തിത്വത്തെ കുറിച്ചും ആ അസ്തിത്വത്തെ തന്നെ നയിക്കുന്ന 'ഞാൻ' നെ കുറിച്ചും ചിന്തിച്ചപ്പോൾ അവർ, അവരുടെ അന്നത്തെ ജീവിത പരിതസ്ഥിതികളിൽ വെച്ച് അവർ ഉത്പാദിപ്പിച്ച അറിവുകളാണ്. അത് അവരുടെ മാത്രം അറിവുകളാണ്. എന്നാൽ നമുക്ക് ആ ഭൂതകാല അറിവുകൾ ആവശ്യമില്ല. കാരണം, നമുക്ക് വേണ്ട അറിവുകൾ നാം തന്നെ ഉല്പാദിപ്പിക്കുന്നുണ്ട്,

വാസ്തവത്തിൽ നാം ഏവരെയും അസ്വസ്ഥമാക്കുന്ന, വിശദീകരിക്കുവാൻ പ്രയാസമാണെന്ന് നാം അധികം പേരും കരുതുന്ന എന്നാൽ സദാ നമ്മുടെ അനുഭവസാന്നിധ്യമായ ഈ 'ഞാൻ' എന്ന സംഗതി ആരാണ്, എന്താണ്, എന്നാണ്, എങ്ങനെയാണ്, ഉണ്ടായത്. ആ അന്വേഷണത്തിൽ മതത്തിനോ തത്വചിന്തയ്ക്കോ നമ്മെ സഹായിക്കുവാനാകില്ല. കാരണം അവയെല്ലാം അഭൗതിക ലോകത്തേക്ക് നമ്മെ കൊണ്ടുപോകും. എന്നാൽ 'ഞാൻ' ഭൗതികമാണ്. അത് ശരീരത്തിൽ നിന്നും വേറിട്ട ഒരു അസ്തിത്വവുമല്ല. ഈ ഭൗതികശരീര നിർമ്മിതിയുടെ ഭാഗം മാത്രമാണ് ഞാൻ. മരണത്തോടെ ശരീരം ഇല്ലാതാകുന്നതോടെ ഞാനും ഇല്ലാതാകുന്നു. നമ്മുടെ ശരീരത്തെയും അതിനുള്ളിലെ ഞാൻ എന്ന് അനുഭവത്തെയും കുറിച്ച് നമുക്ക് വ്യക്തമായി അറിയണമെങ്കിൽ നാം ജൈവ പരിണാമത്തെയും അതിനകത്ത് നടന്ന മനുഷ്യ പരിണാമ പ്രക്രിയകളെയും അറിഞ്ഞേ തീരൂ. അതായത് മനുഷ്യ പരിണാമ പ്രക്രിയകളുടെ വെളിച്ചത്തിൽ മാത്രമേ മനുഷ്യൻ എന്ന അസ്തിത്വം ചരിത്രത്തിൽ എങ്ങനെയാണ് രൂപപ്പെട്ടു വന്നത് എന്നും അതിൽ എന്ന്, എവിടെവച്ച്, എങ്ങനെ, 'ഞാൻ' വികസിച്ചുവന്നു എന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. വിശ്വാസികൾക്ക് അത് അസ്ഥി നുറുങ്ങുന്ന അറിവാണ്. എന്നാൽ ആ വിശ്വാസിയും പരിണാമത്തിലൂടെ ഉണ്ടായവൻ ആണ്. ഇന്ന് 'ഞാൻ' എന്ന ബോധമുള്ള (ബോധം ഇല്ലാത്തവരും) ഏതൊരു മനുഷ്യനും, അത് ദൈവത്തിന്റെ നിർമ്മിതിയല്ല മറിച്ച് പരിണാമത്തിലൂടെ ലക്ഷക്കണക്കിന് വർഷങ്ങളായി നടന്ന നിരവധി മാറ്റങ്ങൾ വഴിയാണ് നമ്മുടെ ഇന്നത്തെ ശരീരവും അതിനുള്ളിലെ ഞാനും വികസിച്ചു വന്നിട്ടുള്ളത്. പരിണാമം, അത് ഈ കാലത്തെ മനുഷ്യർ ഇക്കാലത്ത് ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി ഉത്പാദിപ്പിക്കുന്ന അറിവാണ് . അതിന് ഇന്നലത്തെ അറിവുകളെയോ വിശ്വാസങ്ങളെയോ ആവശ്യമില്ല. എല്ലാ അത് തെളിവുകളുടെ കൂമ്പാരമാണ്. ഫോസിലുകളും ജനറ്റിക്സും ആർക്കിയോളജിയും അവിടെ തെളിവുകളായി കുമിഞ്ഞു കൂടുന്നു. അത് മനസ്സിലാക്കണമെങ്കിൽ മതങ്ങൾ പറഞ്ഞ, ദൈവം മനുഷ്യനെ അവന്റെ രൂപത്തിൽ ഇന്ന് കാണുന്ന എല്ലാ സവിശേഷതകളോടെയും കൂടി സൃഷ്ടിച്ചു എന്ന പമ്പര വിഡ്ഢിത്തം ആദ്യം തന്നെ കയ്യൊഴിയണം. അപ്പോൾ അതാണ് വസ്തുത. എന്നിലെ 'ഞാൻ' എന്താണെന്നറിയുവാൻ നാം മനുഷ്യ പരിണാമത്തിലേക്ക്, അതിലെ ഭൂതകാല പ്രക്രിയകളിലേക്ക് തിരിഞ്ഞു നോക്കണം. ആ പരിണാമ പ്രക്രിയകളിൽ വെച്ച് നമുക്ക് കാണാം 'ഞാൻ' ആരാണ് എന്ന അന്വേഷണത്തിലെ പരമ ഘടകം നമ്മുടെ മസ്തിഷ്കമാണ് എന്ന്. മറ്റൊരു ശരീരഭാഗത്തുമല്ല മറിച്ച് മസ്തിഷ്കത്തിനുള്ളിലാണ് ഞാൻ ഉള്ളത്. എന്നാൽ നമ്മുടെ മസ്തിഷ്കമോ അത് ഇന്ന് കാണുന്ന അതേ വലിപ്പത്തിൽ ഒറ്റയടിക്ക് ഒന്നിച്ചുണ്ടായതല്ല എന്നുള്ളതാണ് ആദ്യത്തെ ബോംബ് . ദൈവം നിമിഷം കൊണ്ട് ഉണ്ടാക്കിയതിനെ പരിണാമം നിരാകരിക്കുന്നു. പരിണാമത്തിൽ അത് പല കാലങ്ങളിലായി നടന്ന വർദ്ധനവുകളിലൂടെ ഇന്നത്തെ വലിപ്പത്തിലേക്ക് ആയി തീർന്നതാണ്. അപ്രകാരം വർദ്ധിച്ചുകൊണ്ടിരുന്ന മസ്തിഷ്കത്തിൽ രൂപപ്പെട്ട ചില ഘടക ഭാഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന തികച്ചും സങ്കീർണവും സവിശേഷവുമായ അനുഭൂതിയാണ് ഞാൻ എന്ന അവസ്ഥ, ബോധം, ഞാൻ ഉണ്ട് എന്ന തിരിച്ചറിയൽ, മൊത്തത്തിൽ അസ്തിത്വബോധം. ഇന്ന് നമ്മുടെ തലയോട്ടിക്കുള്ളിൽ 1350 ഗ്രാം മസ്തിഷ്കം ഉണ്ട് എന്നാൽ അത് ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്നെ ഉണ്ടായിരുന്നു എന്നാണ് ഭൂരിപക്ഷം പേരുടെയും വിശ്വാസം. പക്ഷേ അതൊരു പരമാബദ്ധമാണ്. മനുഷ്യ മസ്തിഷ്കം ഇന്നത്തെ അളവായ 1350 ഗ്രാമിൽ എത്തിയതിന് പിന്നിൽ അല്ലെങ്കിൽ ഇന്ന് ഞാൻ തിളച്ചുമറിയുന്നതിന് പിന്നിൽ 24 ലക്ഷം വർഷത്തെ അഭംഗുരമായ പരിണാമ പ്രവർത്തനങ്ങൾ ഉണ്ട്. ആ വിസ്തൃതമായ കാലയളവിനുള്ളിലാണ് മസ്തിഷ്കം 24 ലക്ഷം വർഷം മുമ്പത്തെ പൂർവിക മനുഷ്യരുടെ മസ്തിഷ്ക അളവായ 360 ഗ്രാമിൽ നിന്നും ഇന്നത്തെ അളവായ 1350 ഗ്രാമിലേക്ക് വർദ്ധിക്കുന്നത് .അതും വ്യത്യസ്തങ്ങളായ നിരവധിയായ മനുഷ്യപൂർവ്വ വിഭാഗങ്ങളിലൂടെ കടന്നു പോ

ന്നുകൊണ്ട്. ആ പൂർവ്വിക മാനവ വിഭാഗങ്ങൾ ഒന്നും തന്നെ ഇന്ന് നിലവിലില്ല. വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത അളവുകളിലുള്ള മസ്തിഷ്കങ്ങളും വഹിച്ചു ജീവിച്ച അവർ മൺമറഞ്ഞു പോയി, നമുക്കായി അവരുടെ ഫോസിലുകൾ അവശേഷിപ്പിച്ചുകൊണ്ട്. എന്നാൽ ആ പൂർവിക മാനവ പരമ്പരകളെ പിന്തുടർന്നുകൊണ്ട് അവർ നൽകിയ മസ്തിഷ്കവുമായി നരവംശ ശാഖയിൽ ഇന്ന് നാം മാത്രം ജീവിക്കുന്നു. മസ്തിഷ്ക വർദ്ധന പൂർവിക മനുഷ്യരിൽ നിന്നും നമ്മിൽ എത്തിയപ്പോൾ നമ്മിൽ അതിന്റെ അളവ് കുതിച്ചുയർന്നപ്പോൾ അതിൽ കാലത്തിലൂടെ പരിപുഷ്ടമായ 'ഞാൻ' അതേ മസ്തിഷ്കം ഉപയോഗിച്ച് ദൈവത്തെ സൃഷ്ടിച്ചു. സൃഷ്ടിച്ച അതേ മസ്തിഷ്കത്തെ കൊണ്ട് തന്നെ മസ്തിഷ്കവും ദൈവസൃഷ്ടി ആണെന്ന് 'ഞാൻ' പറയിപ്പിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്തു. എന്നാൽ ആ വൈരുദ്ധ്യം മാറ്റിവെച്ചാൽ ഈ പ്രപഞ്ചത്തിലെ തന്നെ ഏറ്റവും സങ്കീർണ്ണമായ ഘടനയും അവയവുമായ മനുഷ്യമഹാ മസ്തിഷ്കം, അത് ഭൂതകാലത്തു നിന്നും കുറേശ്ശെയായി വർധിച്ചു വരുവാൻ ഉണ്ടായ കാരണങ്ങളെ കൂടി നാം അറിയേണ്ടതുണ്ട്. കാരണം, നമ്മിലെ ഞാൻ എന്നത് തീർത്തും പരിണാമത്തിന്റെ ലക്ഷക്കണക്കിന് വർഷങ്ങൾ എടുത്തുകൊണ്ടുള്ള നിർമ്മിതിയാണ്. മറക്കരുത് പരിണാമ പ്രക്രിയകളിൽ ഒന്നുംതന്നെ പൊടുന്നനവെ ഉണ്ടാകില്ല. അതുതന്നെയാണ് തലച്ചോറിന്റെ കാര്യത്തിലും 'ഞാൻ' ന്റെ കാര്യത്തിലും സംഭവിച്ചത്. അതായത് നമ്മിലെ ഞാൻ പരിപക്വമാകണമെങ്കിൽ അതിന് ദീർഘമായ കാലയളവ് വേണം. മനുഷ്യന്റെ മസ്തിഷ്ക വർദ്ധന, അത് പല കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. അതിൽ വളരെ നിർണ്ണായകമായ ഒന്ന് നമ്മുടെ തലച്ചോറിൽ പ്രവർത്തിക്കുന്ന ചില ജീനുകളുടെ ഡ്യൂപ്ലിക്കേഷൻ (ജീൻ ഇരട്ടിക്കൽ ഒരു ജീനിന്റെ കൂടുതൽ കോപ്പികൾ ഉണ്ടാകൽ, പരിണാമത്തിലെ ഒരു പ്രക്രിയയാണത്) ആണ്. ഈ ജീൻ ഡ്യൂപ്ലിക്കേഷൻ പിൽക്കാലത്ത് നമ്മെ നിർമ്മിച്ച നിസ്തുലമായ പരിണാമ പ്രവർത്തനമാണ്. നാം മസ്തിഷ്കത്തിന്റെ ചിത്രം കാണുമ്പോൾ അതിൽ കാണുന്ന നിറയെ മടക്കുകളും പൊഴികളും ചുളിവുകളും ഒക്കെയായ ആ ഭാഗം, അതാണ് മസ്തിഷ്കത്തിന്റെ ഉപരി ഭാഗമായ സെറിബ്രം (ഇലൃലയൃൗ) ആ ഭാഗത്ത് ആക്ടീവ് ആയ ഏതാനും ജീനുകൾ അവയാണ് വിവിധ കാലങ്ങളിലായി ഡ്യൂപ്ലിക്കേറ്റ് ചെയ്ത് കൂടുതൽ ജീൻ കോപ്പികൾ ഉണ്ടായത് . അപ്രകാരം ആ നീണ്ട കാലയളവിനുള്ളിൽ ഇരട്ടിച്ചുവന്ന ജീനുകളെല്ലാം കൂടി മസ്തിഷ്ക കോശങ്ങൾ ആയ ന്യൂറോണുകളെ നിർമ്മിക്കുവാൻ തുടങ്ങിയപ്പോൾ, മസ്തിഷ്കം ആദ്യമ അളവായ 360 ഗ്രാമിൽ നിന്നും പടിപടിയായി വർദ്ധിക്കുവാൻ തുടങ്ങുന്നു. ഈ ന്യൂറോൺ വർദ്ധന നടക്കുന്ന സെറിബറത്തിൽ ആണെന്നുള്ളത് നിർണായകമാണ്. അങ്ങനെ ആ ഭാഗം ക്രമേണ പെരുകി വന്നു. നീണ്ട കാലയളവിലൂടെ.അപ്രകാരം കാലങ്ങളിലൂടെ പെരുകിവന്ന ഭാഗത്തെയാണ് നാം ഇന്ന് മടക്കുകളും ചുളിവുകളും പൊഴികളും ഒക്കെയായി കാണുന്നത് . ആ കാണുന്ന പുതിയതായി ഉണ്ടായ മസ്തിഷ്ക ഉപരിഭാഗമാണ് സെറിബ്രൽ കോർടെക്സ് (രലൃലയൃമഹ രീൃലേഃ).സെറിബ്രത്തിൽ പുതിയതായി രൂപം കൊണ്ട് ഭാഗം എന്ന നിലയിൽ നിയോ കോർട്ടേക്സ് (ില‑ീ രീൃ ലേഃ) എന്നും അതിനെ വിളിക്കുന്നു . അപ്രകാരം മനുഷ്യന്റെ സെറിബ്രത്തിലെ 90% ഭാഗങ്ങളും പുതുതായി ഉണ്ടായ നിയോ കോർടെക്സ് ആണ്. ഈ നിയോ കോർടെക്സ് ആണ് നമ്മുടെ ചിന്തിക്കുന്ന മസ്തിഷ്ക ഭാഗം. (സെറിബ്രത്തിന്റെ താഴെ വൈകാരിക മസ്തിഷ്ക ഭാഗമായ മിഡ് ബ്രെയിനും ( meet brain) അതിനു താഴെ ജന്മവാസനാ ഭാഗമായ ഹിൻഡ് ബ്രെയിനും (ഒശിറ യൃമശി)ഉണ്ട് ). അങ്ങനെ പുതുതായി രൂപപ്പെട്ട നിയോ കോർടെക്സിനുള്ളിലെ ചില ഘടകങ്ങളാണ് നമ്മിൽ ഞാൻ എന്ന ബോധം സൃഷ്ടിക്കുന്നത്. ഇവിടെ നാം ശരിക്കും മനസ്സിലാക്കേണ്ടത് എന്താണെന്ന് വെച്ചാൽ നമ്മുടെ സെറിബ്രത്തിൽ മുകളിൽ പറഞ്ഞ വിധം ന്യൂ കോർടെക്സ് രൂപപ്പെട്ടു വന്നതുകൊണ്ട് മാത്രമാണ് ഇന്ന് നാം മനുഷ്യനായി ഇരിക്കുന്നത്. അതായത് ആദിമ അളവായ വെറും 360 ഗ്രാമിൽ നിന്നും ഒരു കിലോയോളം വർദ്ധിച്ച് വർദ്ധിച്ച് മസ്തിഷ്കം 1350 ഗ്രാമിൽ എത്തിച്ചേർന്ന പരിണാമ പ്രക്രിയ വഴിയാണ് മനുഷ്യൻ ചരിത്രത്തിൽ രൂപപ്പെട്ടതും ഇന്ന് ജീവിക്കുന്നതും. ന്യൂ കോർടെക്സിന്റെ ഈ വികാസ പ്രക്രിയക്കുള്ളിൽ ഒരു ഘട്ടത്തിൽ വച്ച് പൂർവിക മനുഷ്യരിൽ (നമ്മിൽ അല്ല) ആദ്യമായി 'ഞാൻ' എന്ന ബോധം ഉദിക്കുവാൻ തുടങ്ങുന്നു. ഞാൻ എന്നത് വികസിത മസ്തിഷ്കം നൽകുന്ന അനുഭവമാണ്, അനുഭൂതിയാണ്. അതിനുള്ളിൽ അഭൗതികമോ ഇന്ദ്രിയാതീതമോ അതായത് ആത്മാവോ മായാ മനുഷ്യനോ ദൈവാംശമോ ഒന്നുമില്ല അവിടെ പരിണാമം മാത്രമാണ് പ്രവർത്തിച്ചതും ഇന്നും പ്രവർത്തിക്കുന്നതും. അതിലൂടെ പരിണാമം നമുക്ക് നൽകിയത അനവദ്യ അസ്തിത്വാനുഭവമാണ് 'ഞാൻ' എന്ന ബോധം. അതെ, ജീവ ലോകത്ത് നിരവധി ജീവികൾ ഇപ്പോൾ ഉണ്ടെങ്കിലും അതിൽ മനുഷ്യന് മാത്രമേ ശരിയായ തലത്തിൽ ഈ 'ഞാൻ' എന്ന ബോധമുള്ളൂ എന്ന നിലയിലാണ് കാര്യങ്ങൾ. മറ്റുള്ള ജീവികൾ അവ ജീവിക്കുന്നുണ്ടെങ്കിലും അവയെല്ലാം 'ഞാൻ' എന്ന അസ്തിത്വബോധം ഇല്ലാതെയാണ് ജീവിക്കുന്നത് . അവയെ നയിക്കുന്നത് കോടിക്കണക്കിന് വർഷങ്ങൾക്കു മുമ്പ് രൂപപ്പെട്ടതും ഇപ്പോഴും തുടരുന്നതുമായ ജന്മവാസനകളാണ്. അറിയുക, അല്ലാതെ ഞാൻ മൂലം ഉല്പാദിപ്പിക്കപ്പെടുന്ന ആർജിത അറിവുകളുടെ പിൻബലത്താൽ അല്ല. ജീവികളെല്ലാം തന്നെ ദൈവസൃഷ്ടികൾ അല്ല മറിച്ച് പരിണാമത്തിലൂടെ രൂപപ്പെട്ടവരാണ് എന്നുള്ളതുകൊണ്ടാണ് ഇങ്ങനെ വരുന്നത്.



ഡോ. യു. നന്ദകുമാർ




# നിരീശ്വരവാദികളെ വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കാം

## പീറ്റർബഗോസിയൻരചിച്ചകൈപ്പുസ്തകം



അമേരിക്കൻ തത്വചിന്തകനും, എഴുത്തുകാരനും, മുൻ അക്കാദമിക് അധ്യാപകനുമാണ് പീറ്റർ ബഗോസിയൻ (ജനനം: 1966). അമേരിക്കയിലെ പോർട്ട്ലാൻഡ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ (PSU) തത്വശാസ്ത്ര വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി അദ്ദേഹം ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിരീശ്വരവാദം, വിമർശനാത്മക ചിന്ത (critical thinking), സംവാദരീതികൾ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തന മേഖലകൾ.

2013-ൽ പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ പുസ്തകമാണ്, A Manual for Creating Atheists (നിരീശ്വരവാദികളെ സൃഷ്ടിക്കാൻ ഒരു സഹായി) . ഈ പുസ്തകത്തിൽ, വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ള നിഗമനങ്ങളെ (faith-based claims) ഫലപ്രദമായി എങ്ങനെ നേരിടാമെന്നും, വിമർശനാത്മക ചിന്തയിലൂടെ ആളുകളെ അത്തരം വിശ്വാസങ്ങളിൽ നിന്ന് പിന്തിരിപ്പിക്കാമെന്നും അദ്ദേഹം വിശദീകരിക്കുന്നു.

നമ്മുടെലോകത്ത് ബഹുഭൂരിപക്ഷംപേരും ദൈവവിശ്വാസികളാണ്. ഏതെങ്കിലും ദൈവത്തിൽ അവർ വിശ്വാസം അർപ്പിച്ചിരിക്കുന്നു എന്നർത്ഥം. അവരുടെ ദൈവത്തെ വാർത്തെടുത്തിരിക്കുന്ന ഏതെങ്കിലും മതവും വിശ്വാസത്തിന് പിന്നിലുണ്ടാവും. ദൈവവിശ്വാസമാണോ മതവിശ്വാസമാണോ ശക്തമെന്ന് പറയാനാവില്ല. എല്ലാമതങ്ങളും ദൈവങ്ങളും ഒരേകാര്യങ്ങൾപറയുന്നു എന്നൊക്കെ കരുതപ്പെടുന്നു എങ്കിലുംശ്രദ്ധാപൂർവം വായിക്കുന്നവർക്ക് മതങ്ങൾ തമ്മിൽ സമാനതകൾ ഇല്ലെന്ന് വ്യക്തമാകും. ദൈവം രക്ഷിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു; ഇതൊന്നും നേരിൽ കണ്ടവരില്ല, മനുഷ്യർക്ക് മനസ്സിലാകും വിധം വാദങ്ങൾ നിരത്താനും ആരുംശ്രമിച്ചിട്ടില്ല. എങ്കിലും ദൈവഹിതങ്ങൾ നടക്കുന്നുവെന്നുംനടപ്പാക്കാനുള്ള ഉത്തരവാദിത്തം മനുഷ്യർക്കുണ്ടെന്നും ഉള്ള പൊതുബോധം ശക്തവുമാണ്. പ്രത്യേകിച്ച് തെളിവുകളില്ലാത്ത, ആരാലും ചോദ്യം ചെയ്യപ്പെടാത്ത ധാരണകളാണ് മതം, ദൈവം എന്നിവ പ്രചരിപ്പിക്കുന്നത്. ബഹുഭൂരിപക്ഷംപേരും വിശ്വാസത്തിനു പിന്നിൽഅണിനിരക്കുമ്പോൾ വളരെചെറിയ ന്യൂനപക്ഷം പേര് ചിന്തിക്കാനും വിശ്വാസങ്ങളെ ചോദ്യംചെയ്യാനും മുന്നോട്ടുവരുന്നു.

മതത്തിലും ദൈവത്തിലുംവിശ്വസിക്കുന്നവർക്ക് ചില പ്രിവിലേജുകളുണ്ട്. അവരുടെ വിശ്വാസം പ്രചരിപ്പിക്കാൻ അവർക്കാവും. ഇതരവിശ്വാസങ്ങളിൽജീവിക്കുന്നവരെ തങ്ങളുടെ വിശ്വാസത്തിലേയ്ക്ക്ആകർഷിക്കാനും അംഗീകരിക്കാനും നിയമം അനുവദിക്കുന്നു. വിശ്വാസത്തിന്റെ വേലിക്കെട്ടുകൾക്ക്പുറത്തുള്ളവരാവട്ടെ, മതവിശ്വാസികളുടെ ദൈവസങ്കല്പത്തോട് കലഹിക്കാനും എതിർക്കാനും ആരംഭിച്ചത് കൗതുകമുണർത്തിയ ആദ്യകാല മുന്നേറ്റമായിരുന്നു. ദൈവത്തെയും മതത്തെയുംതള്ളിപ്പറഞ്ഞതുകൊണ്ടുമാത്രം അവയൊന്നുംഇല്ലാതാകുന്നില്ലല്ലോ. തുടർച്ചയായ സംവാദങ്ങളിലൂടെ മാത്രമേ യുക്തിവാദത്തെ സാമൂഹിക ചിന്തയിലേയ്ക്ക് ആനയിക്കാൻകഴിയൂ.

ഇതിനെന്തുവഴി എന്ന് ചിന്തിക്കാൻ ഉപകരിക്കുന്ന പുസ്തകമാണ് നാം പരിഗണിക്കുന്നത്. പീറ്റർ ബഗോസ്സിയൻ രചിച്ച 'നാസ്തികരെ സൃഷ്ടിക്കുവാനൊരു കൈപ്പുസ്തകം' (A Manual for Creating Atheists - Peter Boghossian; Pitchstone Publishing, North Carolina; 2013) എന്ന ഗ്രന്ഥംഇതേക്കുറിച്ചു പറയുന്നു. ബഗോസ്സിയൻ അമേരിക്കയിൽ ഫിലോസഫി പ്രഫസ്സ

റായി പ്രവർത്തിച്ചിരുന്നു. വിശ്വാസവുമായി ബന്ധപ്പെട്ട എല്ലാ ധാരണകളും മനസ്സിന്റെ വിഭ്രാന്തി മാത്രമാണെന്ന് അദ്ദേഹം കരുതുന്നു. അതിനാൽ ആരോടും തങ്ങളുടെ വിശ്വാസപ്രമാണങ്ങളെ വിജ്ഞാനസിദ്ധാന്തപരമായി പരിശോധിക്കാനാവും. ഇതിന്റെ രീതിശാസ്ത്രം പറയുകയാണ് പുസ്തകത്തിൽ ചെയ്യുന്നത്.

ഏതുകാര്യത്തെയും അന്ധമായി വിശ്വസിക്കുന്നവർക്ക് ചില സമാനതകളുണ്ട്. അതിലൊന്ന് അവർ തെളിവുകളിൽ വിശ്വസിക്കുന്നില്ല എന്നതാണ്. തങ്ങൾ വിശ്വസിച്ചുപോന്ന അടിസ്ഥാന രഹിതമായ കാര്യങ്ങളെ വെല്ലുവിളിക്കുകയോ, അവയ്ക്കെതിരായ തെളിവുകൾ നിരത്തുകയോ ചെയ്തെന്നിരിക്കട്ടെ; അവർ തങ്ങളുടെ വിശ്വാസങ്ങളെ കൂടുതൽ ചേർത്തുപിടിക്കുന്നത് കാണാം. വിശ്വാസങ്ങളെ തെളിവുകൾ കൊണ്ട് നേരിടാനാവണമെന്നില്ല. കുടിയേറ്റംനാട് നശിപ്പിക്കുമെന്ന ചിന്ത ഇന്ന് വ്യാപകമാണ്; ലോകമെമ്പാടും അതിൻറെ സംഘർഷങ്ങൾ കാണാനുമാകും. അതുപോലെമുസ്ലിം മതസ്ഥർ അടുത്തുതന്നെ ഹിന്ദു ജനസംഖ്യ കടക്കും എന്നുംപ്രചരിപ്പിക്കപ്പെടുന്നു. തെളിവുകൾ തങ്ങൾ മുറുകെപ്പിടിച്ച ചിന്തകൾക്കെതിരാണ് എന്നത് അവരെ ലജ്ജിപ്പിക്കുന്നില്ല. തെളിവുകൾ, ഡാറ്റകൾ എന്നിവ വിശ്വാസത്തെ മാറ്റാനുതകുന്നില്ല എങ്കിൽ തെളിവുകൾ അന്വേഷിക്കുന്ന സമൂഹത്തെ വാർത്തെടുക്കാൻഎങ്ങനെ സാധിക്കും എന്ന ചോദ്യം അവശേഷിക്കുന്നു.

ഇത്തരം സംവാദങ്ങൾക്കൊരു മോഡലായി ബഗോസ്സിയൻ കാണുന്നത് നിരീശ്വരവാദികളെ സൃഷ്ടിക്കുന്ന പ്രൊജക്റ്റാണ്. ദൈവചിന്തകളുടെ സാമൂഹികാന്തരീക്ഷത്തിലാണ് ഏവരും ജനിക്കുന്നത്. അങ്ങനെയെങ്കിൽ ഒരാൾ നിരീശ്വവാദിയാകുന്നത് അയാൾക്കു ചുറ്റുമുള്ള തെളിവുകളെ വിശകലനംചെയ്യുന്നതു വഴിയാകണം. പെട്ടെന്ന് കാണാനാവാത്ത ഡാറ്റകൾ ഉൾക്കൊള്ളാനും അവ ആഴത്തിൽ പരിശോധിക്കാനും ഉള്ള കഴിവ് ആർജിച്ചതുമൂലമാണ് ഈശ്വരവിശ്വാസം നഷ്ടപ്പെടുന്നത് എന്നുകാണാം. നിരീശ്വരവാദത്തിൽ ഒരുതരം അന്വേഷണാത്മക പ്രവണതയുണ്ട്. നിരീശ്വരവാദികളെ വാർത്തെടുക്കാൻകഴിഞ്ഞാൽ ഡാറ്റ അടിസ്ഥാനപ്പെടുത്തിയ ചിന്താ



രീതികൾക്ക് സാധ്യതയേറും. മറ്റൊരുപ്രധാന നിരീക്ഷണം കൂടി ബഗോസ്സിയൻ പറയുന്നു: തൻറെ ദൈവത്തെയോ മതത്തെയോ എതിർക്കുന്ന വാദങ്ങൾക്ക് ഒരാളെ പരിവർത്തനപ്പെടുത്താനാവില്ല. ദൈവത്തിനെയോ മതത്തെയോ തള്ളിക്കളയുന്ന വാദങ്ങൾ, അവയെത്ര ആകർഷകമാണെങ്കിലും, വിശ്വാസങ്ങളെ തകർക്കാൻ കെല്പുണ്ടാവണമെന്നില്ല. തെളിവുകൾക്കപ്പുറമാണെന്ന ധാരണയാണ് ദൈവ, മതസങ്കല്പങ്ങളുടെ ശക്തി. അവയെനേരിട്ട് വെല്ലുവിളിക്കുകയല്ല, അവകളിലേയ്ക്ക് നയിക്കുന്ന ധാരണകളെ സ്വതന്ത്രമനസ്സോടെ നിരൂപണം ചെയ്യുന്നതിലൂടെയാണ് അത് സാധിക്കുക.

ഇതിനായി ബഗോസ്സിയൻ തിരഞ്ഞെടുത്തതോ സോക്രട്ടീസിൻറെ സംവാദമാർഗമാണ്. ഏതാശയത്തോടും ആരോടും സംവാദം സാധിക്കുമെന്ന് സോക്രടീസ് തെളിയിച്ചിട്ടുണ്ട്. വെറുതെ എതിർക്കുകയല്ല, വ്യക്തികൾ സ്വീകരിച്ചിരിക്കുന്ന നിലപാടുകളെ സൂക്ഷ്മതലത്തിൽ വിമർശനാത്മകമായി പരിശോധിക്കുകയാണ് സോക്രട്ടീസ് ചെയ്തത്. ചോദ്യങ്ങൾ ചോദിക്കുന്നത് കുറ്റപ്പെടുത്താനോ തെറ്റ് കണ്ടെത്താനോ അല്ല, ധാരണകളുടെ അടിസ്ഥാനം ഭദ്രമാണോ എന്ന ചിന്ത സ്വയം തോന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാവണം, എന്നുമാത്രം. അതിനാൽ ചോദ്യങ്ങൾ കഴിവതും ന്യൂട്രൽ ആയിരിക്കണം. ഉത്തരം നൽകേണ്ടയാൾക്ക് വിരോധമോ ദുഖമോ വരുത്തരുത്. ഉത്തരം കണ്ടെത്തൽ ആത്മാന്വേഷണത്തിന് വഴിതുറക്കുകയുംവേണം. നമ്മുടെ അറിവ്, ജ്ഞാനം എന്നിവ ചോദ്യങ്ങളിലൂടെ സ്ഫുടം ചെയ്തെടുക്കുക എന്ന പ്രക്രിയയാണ് നടക്കുന്നത്. നമ്മുടെയുള്ളിൽ ജ്ഞാനം ഉണ്ടാകുന്നതിൻറെ രീതിശാസ്ത്രം പഠിക്കുകയാണ്എപിസ്റ്റമോളജി(ലുശലെലോീഹീഴ്യ) ചെയ്യുന്നത്.

തെരുവ്എപിസ്റ്റമോളജി (Street Epistemology) എന്നൊരാശയം ബഗോസ്സിയൻ മുന്നോട്ടു വെയ്ക്കുന്നു. അനുതാപപരമായ സംഭാഷണവും സംവാദവുമാണ് പ്രധാനമായും നടക്കുന്നത്. ആരുമായിട്ടും സൗഹൃദം സ്ഥാപിക്കുക, വിഘ്നമില്ലാതെ സംഭാഷണം നടത്തുക എന്നിവ നല്ല പരിശീലനമില്ലെങ്കിൽ സാധിക്കുന്ന കാര്യമല്ല. ചർച്ചകളിലൂടെ നാം ഉള്ളിൽ വെച്ചിരിക്കുന്ന അബദ്ധ ധാരണകളെ പുറത്തുകൊണ്ടുവരാനും യുക്തിഭദ്രമായി അപഗ്രഥിച്ചുകൊണ്ട് ലോജിക്കലായ നിലപാടിലെത്താനും സംഭാഷണത്തിൽ ചാതുര്യവും നൈപുണ്യവും ഉള്ളവർ തെരുവിൽ എപിസ്റ്റമോളജിസ്റ്റുകളായി എത്തണം. അടുത്തതലമുറയിലെ നിരീശ്വരവാദികളെയും ഹ്യൂമനിസ്റ്റുകളേയും ശൂന്യതവാദികളേയും ഉത്പതിഷ്ണുക്കളേയും വളർത്തിക്കൊണ്ടുവരാനുള്ള മാർഗ്ഗമിതാണെന്ന് ബഗോസ്സിയൻ കരുതുന്നു.

എപിസ്റ്റമോളജിസ്റ്റായി തെരുവിൽ പ്രവർത്തിക്കണമെങ്കിൽ അതിനനുയോജ്യമായ ചില നൈപുണ്യങ്ങൾ അത്യാവശ്യമാണ്. ഒന്ന് - യാതൊരുയുക്തിയുമില്ലാത്ത വിശ്വാസങ്ങളോട് യുക്തിഭദ്രമായി പ്രതികരിക്കുക. രണ്ട് - തീർത്തുംഅടഞ്ഞ വിശ്വാസ സമ്പ്രദായങ്ങൾക്കുപിന്നിൽ പ്രവർത്തിക്കുന്ന ശക്തികളെ തിരിച്ചറിയുക. മൂന്ന്- തീർത്തും അബദ്ധജടിലമായവൈചിത്ര്യങ്ങളിലേയ്ക്ക് നയിക്കുന്ന കാരണങ്ങൾ തിരിച്ചറിയുക. നാല്- വിശ്വാസങ്ങൾ ചോദ്യം ചെയ്യപ്പെടുമ്പോൾ യുക്തിയും വിശ്വാസവും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടാകുമെല്ലോ. അവയോടെങ്ങനെ പ്രതികരിക്കും. ഇവയെല്ലാം ആശയപരമായും പ്രായോഗികമായുമുള്ള പരിശീലനം ലഭിച്ചവർക്ക് സാമൂഹിക ഇടപെടലുകൾ സാധ്യമാകും. തെരുവ്എപിസ്റ്റമോളജിസ്റ്റായി പ്രവർത്തനം തുടങ്ങും മുമ്പ്എപ്പസിറ്റാമോളോജി എന്നദാർശനിക വിഷയത്തിൽ പരിശീലനം തേടണം എന്നതും ആവശ്യമാണ്.

തെരുവ് എപിസ്റ്റമോളജി സാധാരണക്കാരിൽ പ്രവർത്തിക്കുമോ എന്ന സന്ദേഹം ഉണ്ടാവാം; അതിന് പ്രസക്തിയുമുണ്ട്. ഡൽഫിയിലെ ഒ

ശേഷം 51 ൽ

**ധനുവച്ചപുരം സുകുമാരൻ**




*ജസ്റ്റിസ് ബി.ആർ. ഗവായ്*

# സനാതനിയുടെ ചെരുപ്പേറും ജാതിയിൽ ജീവിതം ഹോമിച്ച പുരൺ കുമാർ ഐ.പി.എസ്സും

**ഈ** മാസം 23 ന് വിരമിക്കുന്ന സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ്ക്ക് നേരെ കോടതി നടപടികൾക്കിടെ കഴിഞ്ഞ ഒക്ടോബർ 6 ന് ഒരു സനാതന വിശ്വാസിയായ അഭിഭാഷകൻ ചെരുപ്പ് വലിച്ചെറിയാൻ ശ്രമം നടത്തി. ഖജുരാഹോ ക്ഷേത്രത്തിലെ കേടായ വിഷ്ണു വിഗ്രഹം പുന:സ്ഥാപിക്കണമെന്ന ഹർജി പരിഗണിക്കവെ' ഇതൊരു പബ്ലിസിറ്റി താല്പര്യ ഹർജിയാണ് നിങ്ങൾ വിഷ്ണുവിന്റെ ഉറച്ച ഭക്തനാണെങ്കിൽ പോയി ഭഗവാനോട് തന്നെ എന്തെങ്കിലും ചെയ്യാൻ പറയു പോയി പ്രാർത്ഥിക്കുകയും. ധ്യാനിക്കുകയും ചെയ്യു ' എന്ന ചീഫ് ജസ്റ്റിസിന്റെ പരാമർശമാണ് അക്രമിയായ അഭിഭാഷകനെ ചൊടിപ്പിച്ചത്. (ഈ ഹർജി കോടതി തള്ളുകയും ചെയ്തു.) ഞാൻ മാപ്പ് പറയാനോ ഖേദം പ്രകടിപ്പിക്കാനോ ഉദ്ദേശിക്കുന്നില്ല. തെറ്റൊന്നും ചെയ്തിട്ടില്ല എന്നാണ് രാകേഷ് കിഷോർ പ്രതികരിച്ചത്. മതവികാരത്തെ പ്രണപ്പെടുത്തിയെന്നും സനാതന ധർമ്മത്തെ അവഹേളിച്ചാൽ പൊറുക്കില്ലെന്നും കോടതിയിൽ മുദ്രാവാക്യം മുഴക്കിയിരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളും അഭിഭാഷക സംഘടനകളും ഈ സംഭവത്തിൽ പ്രതിഷേധിക്കുകയും രാകേഷ് കിഷോറിനെ ബാർ കൗൺസിൽ ഓഫ് ഇന്ത്യ സസ്പെൻഡ് ചെയ്യുകയും കോടതികളിൽ പ്രാക്ടീസ് ചെയ്യുന്നത് വിലക്കുകയും ചെയ്തു.

ഇതിനിടെ മത പ്രഭാഷകനായ അനിരുദ്ധാചാര്യ എന്ന അനിരുദ്ധ് റാം തിവാരി ചീഫ് ജസ്റ്റിസിന്റെ പേര് പറയാതെ വീഡിയോ സന്ദേശത്തിൽ വധ ഭീഷണി മുഴക്കാൻ തയ്യാറായി. നെഞ്ച് പിളർക്കുന്നെങ്കിൽ എന്നെ അറിയിച്ചാൽ മതി. അയാൾ സനാതന ധർമ്മത്തെ അപമാനിക്കുകയാണ്. ദൈവത്തിന് രാവണനെ കൊല്ലാനായി. നിങ്ങളുടെ മാറ് പിളർക്കണമെങ്കിൽ നരസിംഹ ഭാഗവാനോട് ചോദിക്കുക. നിങ്ങളെ പോലെയുള്ള നീതികെട്ടവരെ കൊല്ലാൻ ഭഗവാൻ വരും എന്നായിരുന്നു കൊലവിളി.
2007 ൽ രാജ്യത്തെ പരമോന്നത ജുഡീഷ്യൽ പദവിയിലേക്ക് ഉയർത്തപ്പെട്ട ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണന് ശേഷം ദളിത് വിഭാഗത്തിൽ നിന്ന് ചീഫ് ജസ്റ്റിസ് ആകുന്ന രണ്ടാമത്തെ വ്യക്തിയാണ് ജസ്റ്റിസ് ബി.ആർ. ഗവായ്. കുറ്റാരോപിതരായ വ്യക്തികളുടെ സ്വത്തുക്കൾ നടപടിക്രമങ്ങൾ കൂടാതെ പൊളിച്ചു മാറ്റുന്നത് ഭരണഘടനാ വിരുദ്ധമാണ്. എക്സിക്യൂട്ടീവ് അധികാരികൾക്ക് ജഡ്ജിമാരായി പ്രവർത്തിക്കാനും നിയമപരമായി നടപടി ക്രമങ്ങൾ ഇല്ലാതെ പൊളിച്ചു മാറ്റലുകൾ നടത്താൻ കഴിയില്ലെന്നുമുള്ള സുപ്രധാന വിധികളും ജസ്റ്റിസ് ഗവായിയുടേതാണ്. രാഷ്ട്രീയ ഫണ്ടിംഗിലെ സുതാര്യതയെ കുറിച്ചുള്ള ആശങ്കകൾ പരിഹരിച്ചുകൊണ്ട് ഇലക്ട്രൽ ബോണ്ട് പദ്ധതിയുടെ ഭരണഘടനാ സാധ്യത പരിശോധിച്ച ബഞ്ചിലും അദ്ദേഹം അംഗമായിരുന്നു.



ദളിതരുടെ പ്രതിഷേധം

## ജാതി പീഢനം ഐ.പി.എസ് ഉദ്യോഗസ്ഥന്റെ ആത്മഹത്യ

മുതിർന്ന ഹരിയാന 2001 കേഡർ ഐ.പി.എസ് ഉദ്യോഗസ്ഥനായ എ.ഡി.ജി.പി. വൈ. പുരൺ കുമാർ സ്വയം വെടിവച്ച് ജീവനൊടുക്കിയത് കഴിഞ്ഞ മാസമാണ്. ഉന്നത ഉദ്യാഗസ്ഥരിൽ നിന്നുള്ള മാനസിക പീഢനവും ഔദ്യോഗിക പരമായ ഉപദ്രവും കാരണമാണെന്നാണ് അദ്ദേഹത്തിന്റെ ആത്മഹത്യാ കുറിപ്പ്. അതിൽ ഡി.ജി.പി മുതൽ സംസ്ഥാന ചീഫ് സെക്രട്ടറി ഉൾപ്പെടെ 16 ഓളം ഐ.എ.എസ്. ഐ.പി. എസ് ഉദ്യോഗസ്ഥർക്കെതിരെ ഗുരുതര ആരോപണങ്ങൾ ഉണ്ടായിരുന്നു. മുതിർന്ന ഉദ്യാഗസ്ഥരിൽ നിന്ന് തുടർച്ചയായ മാനസിക പീഢനം ജാതിയ അധിഷേപം വിവേചനം എന്നിവയും നേരിടേണ്ടി വന്നതായും ഭാര്യ ഐ.എ.എസ് ഉദ്യോഗസ്ഥയായ അനീത് പി.കുമാർ നൽകിയ പരാതിയിൽ ആരോപണം ഉന്നയിച്ചിട്ടുണ്ട്. തുടർച്ചയായ സ്ഥലം മാറ്റങ്ങൾ ഔദ്യോഗിക പരമായ സൗകര്യങ്ങൾ നിഷേധിച്ച് ദുരിതത്തിലാക്കിയെന്നും, തന്റെ പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാർക്കെതിരെ എടുത്ത തെറ്റായ കേസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ മനോവിഷമത്തിന് ഇടയാക്കിയെന്നും ആത്മഹത്യാ കുറിപ്പിൽ പറയുന്നു.

ആത്മഹത്യാ പ്രേരണാ കുറ്റത്തിനും എസ്. സി/ എസ്. ടി അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം കേസെടുത്ത് പോലീസ് നടത്തുന്ന അന്വേഷണം പക്ഷപാതപരമാണെന്നും ഉന്നത ഉദ്യേഗസ്ഥർ ഉൾപ്പെട്ട കേസ് ആയതിനാൽ സി.ബി. ഐ. അന്വേഷണം ആവശ്യപ്പെട്ട് ഹോപ് വെൽഫെയർ സെസൈറ്റി എന്ന എൻ.ജി ഒ.യുടെ പ്രസിഡന്റായ നവനീത് കുമാർ പഞ്ചാബ് ആൻഡ് ഹരിയാന ഹൈക്കോടതിയിൽ പൊതു താല്പര്യ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. ഹരിയാന പൊലീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായിരിക്കെ 2020 ൽ അംബാലയിൽ ഒരു പ്രമുഖ ക്ഷേത്രത്തിൽ ഇദ്ദേഹം ദർശനം നടത്തിയതിനെ തുടർന്ന് ക്ഷേത്രത്തിൽ ശുദ്ധികലശം നടത്തിയിരുന്നു. ദളിതനായി ജനിച്ചതിന്റെ പേരിൽ ഇന്നും അനുഭവിക്കേണ്ടി വരുന്ന കൊടിയ ജാതി പീഢനത്തിന്റെ നേർചിത്രമാണീ സംഭവം.

ഈ പശ്ചാത്തലത്തിൽ വർദ്ധിച്ചു വരുന്ന ജാതി വിവേചനത്തിന്റെ ഞെട്ടിക്കുന്ന കണക്കുകളാണ് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിലെ കേന്ദ്ര മോദി ഭരണത്തിൽ രാജ്യത്തെ വിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടുള്ളത്. കേന്ദ്ര സർവ്വകലാശാലകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി



രാകേഷ് കിഷോർ

വൈ. പുരൺ കുമാർ





*ആർ.എസ്.എസ് ആസ്ഥാനത്തേക്ക് നടത്തിയ ദളിത് മാർച്ച്*

(ഐ.ഐ.ടി.) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഐ.ഐ.എം) എന്നിവിടങ്ങളിൽ പഠനം ഉപേക്ഷിച്ചവർ 14,634. ആത്മഹത്യ ചെയ്തവർ 155, കേന്ദ്ര സർവ്വകലാശാലയിൽ നിന്ന് പഠനം ഉപേക്ഷിച്ച പട്ടിക ജാതിക്കാർ 2424. പട്ടിക വർഗ്ഗക്കാർ 2622, മറ്റ് പിന്നോക്കക്കാർ 4596 (2023 ഡിസംബർ 4 ന് ലോക്സഭയിൽ ബി.എസ്.പി. അംഗം റിതേഷ് പാണ്ഡെയുടെ ചോദ്യത്തിന് കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി സുബാഷ് സർക്കാർ നൽകിയ മറുപടിയാണിത്.)

ഔറംഗബാദിലെ ആർ. എസ്സ്. എസ്സ് ആസ്ഥാനത്തേക്ക് കഴിഞ്ഞ ഒക്ടോബർ 24 ന് നടന്ന ശക്തി പ്രകടനം കേരളത്തിലേതടക്കം മുഖ്യധാരാ മാധ്യമങ്ങൾ തമസ്ക്കരിക്കുകയാണ് ചെയ്തത്. ഔറംഗബാദിൽ (ഛത്രപതി സംഭാജിനഗർ) നടന്ന വഞ്ചിത് ബഹുജൻ അഘാഡി (VBA)യുടെ ഈ മാർച്ചിൽ പതിനായിരങ്ങൾ പങ്കെടുത്തു എന്നാണ് മാധ്യമ റിപ്പോർട്ടുകൾ അതിശക്തമായ പ്രതിഷേധം സമാധാനപരമായിരുന്നെങ്കിലും, അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഏകദേശം 7,000 പോലീസ് സേനാംഗങ്ങളെയാണ് സുരക്ഷയ്ക്കായി വിന്യസിച്ചിരുന്നത്.

ഔറംഗബാദിലെ (ഛത്രപതി സംഭാജിനഗർ) ആർ.എസ്.എസ് (രാഷ്ട്രീയ സ്വയംസേവക സംഘം) ആസ്ഥാനത്തേക്ക് നടത്തിയ ദളിത് മാർച്ച്, വഞ്ചിത് ബഹുജൻ അഘാഡി (VBA) എന്ന പാർട്ടിയുടെ നേതൃത്വത്തിലായിരുന്നു.ഈ മാർച്ചിന് നേതൃത്വം നൽകിയത് ഡോ. ബി. ആർ. അംബേദ്കറുടെ പൗത്രനായ സുജാത് അംബേദ്കറാണ്. (സുജാത് അംബേദ്കർ പ്രകാശ് അംബേദ്കറുടെ മകനാണ്.)

**മാർച്ചിലെ പ്രധാന ആവശ്യങ്ങളും ലക്ഷ്യങ്ങളും**

ഭരണഘടന ഉയർത്തിപ്പിടിക്കുക ആർ.എസ്.എസ് ഭരണഘടനാ ചട്ടക്കൂടിനുള്ളിൽ പ്രവർത്തിക്കണമെന്നും ഭരണഘടനയെ ബഹുമാനിക്കണമെന്നും ഓർമ്മിപ്പിക്കുക എന്നതായിരുന്നു. പ്രതീകാത്മകമായി ഇന്ത്യൻ ഭരണഘടനയുടെ ഒരു പകർപ്പ് ആർ.എസ്.എസ്സിന് സമ്മാനിക്കാൻ അവർ ഉദ്ദേശിച്ചിരുന്നു.

എല്ലാ ഓഫീസുകളിലും ദേശീയ പതാക അഭിമാനത്തോടെ ഉയർത്താൻ ആർ.എസ്.എസ്സിനെ ഓർമ്മിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ പതാകയും സമ്മാനിക്കാൻ VBA പദ്ധതിയിട്ടിരുന്നു.

വഞ്ചിത് ബഹുജൻ അഘാഡി (VBA) ആർ.എസ്.എസ് ഒരു രജിസ്റ്റർ ചെയ്ത സ്ഥാപനമാണോ എന്ന് പരിശോധിക്കാൻ പോലീസ് അധികൃതരോട് ആവശ്യപ്പെടുകയും, നിയമപരവും ഭരണഘടനാപരവുമായ മാനദണ്ഡങ്ങൾ പാലിക്കാൻ ആർ.എസ്.എസ്സിനോട് ആവശ്യപ്പെടുകയും ചെയ്തു.

ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് സമീപം ആർ.എസ്.എസ് അംഗത്വ കാമ്പെയ്നിനെ എതിർത്തതിന് രാഹുൽ മകാസരെ, വിജയ് വാഹുൽ എന്നീ രണ്ട് യുവാക്കൾക്കെതിരെ പോലീസ് സ്വമേധയാ (suo motu) കേസെടുത്തതിലുള്ള പ്രതിഷേധവും മാർച്ചിന്റെ കാരണമായിരുന്നു.

ഈ പ്രതിഷേധത്തെ 'ജൻ ആക്രോശ് മോർച്ച' (Jan Aakrosh Morcha) എന്നാണ് വിശേഷിപ്പിച്ചത്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഒരു രാഷ്ട്രീയ ഗ്രൂപ്പ് ആർ.എസ്.എസ് ഓഫീസിന് പുറത്ത് നേരിട്ട് പ്രതിഷേധിക്കുന്നത് ഇത് ആദ്യമെന്നാണ് റിപ്പോർട്ടുകൾ. ജാതിയതയുടെ കരാള ഹസ്തത്തിൽ വിവേചനത്തിന്റെയും അപമാനത്തിന്റെയും അവഹേളനത്തിന്റെയും പാപഭാരം പേറി ജീവിക്കാൻ വിധിക്കപ്പെട്ടവരുടെ ഉയർത്തെഴുന്നേല്പ് ആയിരുന്നു ആർ.എസ് എസ് ആസ്ഥാനത്തേക്ക് വഞ്ചിത് ബഹുജർ അഘാടിയുടെ നേതൃത്വത്തിൽ നടന്ന വലിയ പ്രതിഷേധ മാർച്ച്. ജാതി സനാതനികളെ ഇത് അക്ഷരാർത്ഥത്തിൽ അമ്പരപ്പിച്ചു കളഞ്ഞു. ബി.ആർ അബേദ്കർ ദളിതുകളുടെ മോചനം ബുദ്ധമതത്തിലാണ് കണ്ടതെങ്കിലും ആർ.എസ് എസ് ആക്രമണങ്ങൾ ആ ശ്രമങ്ങളെയെല്ലാം പിൽക്കാലത്ത് പരാജയപ്പെടുത്തിക്കളഞ്ഞു. ഇപ്പോൾ ക്രൈസ്തവ മത പരിവർത്തനത്തിന്റെ രൂപത്തിൽ മോചന മാർഗ്ഗം തെളിയുമ്പോൾ വീണ്ടും സംഘപരിവാർ ആക്രോശങ്ങളുമായി ചാടി വീഴുന്നു. അടിമ ജനതയുടെ മോചനം സാധ്യമാക്കേണ്ടത് അന്തസ്സായി ജീവിക്കാനുള്ള ഭരണഘടനാപരമായ അവകാശം സ്ഥാപിക്കലാണ്. അതിലേക്കുള്ള ഏതൊരു മുന്നേറ്റവും പ്രതീക്ഷാനിർഭരമാണ്

**പി വി വിശ്വംഭരൻ മഹിമ**
9745634500

# ഡോഗ്സ് ഓൺ കൺട്രി



**ഞാൻ**
നിന്റെ കൈച്ചങ്ങലയിലെ
അനുസരണയുള്ള ചങ്ങാതിയാണ്...

പട്ടിയെന്ന് മലയാളത്തിൽ
വിളിക്കുന്ന ഡോഗിനെ
തിരിച്ചിട്ട് വായിച്ച്
ദൈവമാക്കി
തല കുമ്പിടുന്നവർ
'ഗോഡ്സ് ഓൺ കൺട്രി'
യെന്ന്
പറഞ്ഞ് പൊങ്ങച്ചം കാണിക്കുന്നവർ ....

ഡോഗിനേയും ഗോഡിനേയും വേർതിരിച്ചറിഞ്ഞ
ആംഗലേയക്കാരെ
നമിക്കുന്നവർ .

വകതിരിവുള്ള ഞാൻ
നിന്റെ കൈകളിൽ
അനുസരണയോടെ ചലിക്കുന്ന
ചങ്ങല ചങ്ങാതിയാണല്ലോ...

എന്നാലുമൊരു കാര്യം
ഉണർത്തുന്നു,
നൊമ്പരത്തോടെ -
എനിക്കെങ്ങാനും'പേ' പിടിച്ചാൽ
എന്നെ നേർവഴിക്കാക്കിയെന്ന്
കരുതിയിരിക്കുന്ന നീ
തുരുമ്പിച്ച ചതിയുടെ
ചങ്ങല -
നിന്റെ
കൈകാലുകളെ ബന്ധിച്ച്
കൂരിരുൾ കൂട്ടിലടച്ചിട്ട് ,
നുരയും പതയും ഒഴുക്കിയ -
നിന്റെ ഭീഭത്സ രൂപത്തിന് മുന്നിൽ
'സൂക്ഷിക്കുക: പേ'
യുണ്ടെന്നൊരു
ബോർഡും തൂക്കിയിടുമ്പോൾ

ഞാൻ കാത്തിരിക്കും;

നീ എരിയുന്ന ചിതയുടെ
ചൂടിനായി ....

ഡോ. റഷീദ് പാനൂർ

മിഡിലീസ്റ്റിൽ, അബുദാബിയിലും, ഖത്തറിലും, ജിദ്ദയിലും, ഇംഗ്ലീഷധ്യാപകനായി ജോലി ചെയ്ത എന്റെ അനുഭവം ഇവിടെ വായനക്കാരുമായി പങ്കുവയ്ക്കാം.

ഇസ്ലാമിന്റെ  തിയറി അനുസരിച്ച് തലമുടി മറയ്ക്കൽ നിർബന്ധമുള്ള കാര്യമല്ല. സുന്ന (നിർബന്ധമില്ലാത്തത്) തട്ടം ഉപയോഗിച്ച് തലമുടി മറക്കുന്ന രീതി കൂടുതലും ഏഷ്യൻ രാജ്യങ്ങളായ ഇന്ത്യയിലെ പാകിസ്ഥാനിലും ഇന്ത്യനേഷ്യയിലെ ബംഗ്ലാദേശിലും കാണപ്പെടുന്നു. മിഡിലീസ്റ്റിൽ പ്രത്യേകിച്ച് യുഎഇ ഖത്തർ ഒമാൻ കുവൈറ്റ് സൗദിയ തുടങ്ങിയ മുസ്ലിം രാജ്യങ്ങളിൽ മുസ്ലിം സ്ത്രീകളിൽ 50 ശതമാനം മാത്രമേ തല മറക്കാറുള്ളൂ. നോർത്ത് ഇന്ത്യയിലെ ഹിന്ദുക്കൾ സാരി തലപ്പുകൊണ്ട് തല മറയ്ക്കാറുണ്ട് കേരളത്തിൽ മുസ്ലിം സ്ത്രീകൾ 1960കൾക്ക് ശേഷമാണ് മുഴുവനായും തലയിൽ തട്ടമിടാൻ തുടങ്ങിയത്. 1970കളിലും 80 1980കളിലും 1990കളിലും മലബാറിലെ മുസ്ലിം സ്ത്രീകളിൽ 80% കൂലിപ്പണിക്ക് പോയാണ് ജീവിതം നയിച്ചത്.



# മുസ്ലീം തട്ടവും ഹിജാബും നിക്കാബും



എണ്ണപ്പാടം ഒരു സ്വർണ്ണഖനിയായി മാറിയപ്പോൾ കേരളത്തെ പ്രത്യേകിച്ച് മലബാറിൽ ഓലപ്പുരകൾ കോൺക്രീറ്റ് കെട്ടിടങ്ങൾ ആയി മാറി. കുട്ടികൾ പരക്കെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പറന്നിടുന്നു. ഡൈനിങ് ടേബിൾ ബർഗറും.... ധാരാളമായി മാറി. ഈ മാറ്റം വന്നപ്പോൾ മുസ്ലിം വർഗീയ സംഘടനകൾ നുഴഞ്ഞുകയറി ഇസ്ലാമിക ജീവിതത്തിന്റെ ആവശ്യകതയെ കുറിച്ച് പഠിപ്പിച്ചു ജമാഅത്തെ ഇസ്ലാമിയും മുജാദി ചിന്തകളും മദനി ചിന്തകളും എൻ സി എഫ് എം തീവ്ര മുജാഹി ഹിന്ദു മുജാ.....

70 കളിൽ എന്റെ ഉമ്മയും തൊട്ടടുത്തുള്ള മുസ്ലിം വീടുകളിലെ ഏതാണ്ട് എല്ലാ മുസ്ലീം സ്ത്രീകളും കൂട്ടത്തോടെ വയലുകളിൽ നെല്ല് അറുക്കാനും നെൽ ചെടി നടാനും വയലുകളിൽ പോകുമ്പോൾ തലയിൽ തട്ടമിടുന്ന വരും അല്ലാത്തവരും ഉണ്ട്. റാവിയെയും മാതുവും ആയിഷയും കല്യാണിയും ഒന്നിച്ച് വയലുകളിൽ ജോലി ചെയ്യുമ്പോൾ ഹിജാബിന്റെ വിഷയത്തെക്കുറിച്ച് ചിന്തിച്ചിരുന്നില്ല 70കളിൽ കൊല്ലം തിരുവനന്തപുരം ജില്ലകളിൽ മുസ്ലിം സമുദായം വിദ്യാഭ്യാസപരമായി മുൻപിലായിരുന്നു മലബാറിൽ 10 വയസ്സിലും 11 വയസ്സിലും

മുസ്ലിം പെൺകുട്ടികളുടെ കല്യാണം നടന്നപ്പോൾ എറണാകുളത്തും കോട്ടയത്ത് മുസ്ലിം കുടുംബങ്ങൾ മിനിമം 16 വയസ്സ് തികയാതെ പെൺകുട്ടികളെ കല്യാണം കഴിപ്പിക്കാറില്ല ഏറ്റവും കൂടുതൽ മുസ്ലിം തലാക്ക് എന്നത് മലബാറിലാണ് 30 വർഷം മുമ്പ് തലശ്ശേരി നഗരത്തിൽ മുസ്ലിം പെൺകുട്ടികളെ 15 വയസ്സിലും 14 വയസ്സിലും കല്യാണം കഴിപ്പിച്ചത് എനിക്ക് നേരിട്ട് അറിയാം ഇന്നും തലശ്ശേരി തൊട്ട് കോഴിക്കോട് വരെയും കോഴിക്കോട് തൊട്ട് കൊല്ലം വരെയും ഉള്ള ധീവര മുസ്ലിം വിഭാഗ ഹിജാബോ തട്ടമോ ധരിക്കാറില്ല.

40 വർഷം മുമ്പ് എന്റെ ഉപ്പ ഉപയോഗിച്ച് കലപ്പയെ നുകവും എന്റെ മക്കൾക്ക് ഞാൻ കാണിച്ചു കൊടുത്തു അധ്വാനിക്കുന്ന തൊഴിലാളികൾക്ക് കൃത്യസമയത്തുള്ള പ്രാർത്ഥനയും സ്ത്രീകളുടെ ഹിജാബും അല്ല പ്രശ്നം നാളത്തെ അരിയുടെ വക എങ്ങനെ ഉണ്ടാക്കും എന്നതാണ്.



### ഖർദാവിയും മൗദൂദിയും

എണ്ണപ്പാടം ഒരു സ്വർണ്ണഖനിയായി മാറിയപ്പോൾ കേരളത്തെ പ്രത്യേകിച്ച് മലബാറിൽ ഓലപ്പുരകൾ കോൺഗ്രീറ്റ് കെട്ടിടങ്ങൾ ആയി മാറി. കുട്ടികൾ പരക്കെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പറന്നു പോകുന്നു. ഡൈനിങ് ടേബിളിൽ ബർഗറും അൽബൈക്കും ധാരാളമായി മാറി. ഈ മാറ്റം വന്നപ്പോൾ മുസ്ലിം വർഗീയ സംഘടനകൾ നുഴഞ്ഞുകയറി ഇസ്ലാമിക ജീവിതത്തിന്റെ ആവശ്യകതയെ കുറിച്ച് പഠിപ്പിച്ചു. ജമാഅത്തെ ഇസ്ലാമിയും മൗദൂദി ചിന്തകളും, മദനി ചിന്തകളും, എൻ സി എഫ് ഉം തീവ്ര മുജാഹിദുകളും കേരളത്തിലെ മുഖ്യധാര മുസ്ലിം സമൂഹത്തിൽ 40% എങ്കിലും സ്വാധീനിച്ചു. കേരളത്തെ ട്രഡീഷണൽ സുന്നി വിഭാഗം ലോക്കലായ ഉത്സവങ്ങളിലും വ്യത്യസ്ത മതവിഭാഗ അനുഷ്ഠാനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നവരാണ്. മഖ്ബറകൾ (ദർഹകൾ) എല്ലാ മതവിഭാഗങ്ങൾക്കും പ്രാർത്ഥനയ്ക്ക് തുറന്നു കൊടുക്കണം എന്ന അഭിപ്രായം കാന്തപുരം ഉസ്താദിനെ പോലുള്ളവർക്കുണ്ട്. അജ്മീറിലും ബോംബെ ഹാജി ദർഗയിലും എല്ലാ മത വിഭാഗങ്ങൾക്കും പോയി കർമ്മങ്ങൾ ചെയ്യാം കാന്തപുരത്തിന്റെ നോളജ് സിറ്റിയിൽ ഞാൻ അവിടെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അധ്യാപകർക്ക് ഇംഗ്ലീഷ് ക്ലാസുകൾ കൈകാര്യം ചെയ്യാൻ പോയിരുന്നു അവിടെ എല്ലാ മതവിഭാഗത്തിലും പെട്ട കുട്ടികളും ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്നുണ്ട്. മൗദൂദിസ്റ്റുകളും മുജാഹിദ് വിഭാഗവും മുസ്ലിം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മറ്റ് മതവിഭാഗങ്ങളെയും അവരുടെ കുട്ടികളെയും പ്രവേശിപ്പിക്കുന്നതിന് എതിരാണ്. ഇന്ത്യൻ സാംസ്കാരികതയുടെ ബഹുസ്വരത അംഗീകരിക്കാതെ മുഹമ്മദൻ കാലഘട്ടത്തിലെ അറേബ്യൻ മരുഭൂമിയുടെ ചൂട് പകരുന്ന വർഗീയ കോമരങ്ങളായി മനുഷ്യനെ മാറ്റാനാണ് മൗദൂദിയും കൂട്ടരും ശ്രമിച്ചത്.

### എരുമേലി പേട്ടതുള്ളൽ

കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മയാണ് എരുമേലി പേട്ടതുള്ളൽ. വാവരുടെ മക്ബറയിലേക്ക് മുസ്ലിം വിഭാഗവും അയ്യപ്പന്റെ സന്നിധാനത്തിലേക്ക് ഹൈന്ദവ വിശ്വാസികളും ഒന്നിച്ച് നീങ്ങുന്നത് ഒരു മിത്തിന്റെ പിൻബലത്തിലാണ്. ഇവിടെ ഒരു കമ്മ്യൂണൽ ഹാർമണിയുടെ സന്ദേശമുണ്ട്. അത് കാണാതെ മുജാഹിദ് വിഭാഗങ്ങൾ ഇതിനെതിരെ പത്തനംതിട്ടയിലും മറ്റും മുസ്ലിം വീടുകളിൽ പോയി ലഘുലേഖ വിതരണം ചെയ്തു പ്രശ്നമായപ്പോൾ മുഖ്യമന്ത്രി പിണറായി അതിനെതിരെ മുന്നറിയിപ്പ് കൊടുത്തത് ഏഴു വർഷം മുൻപാണ്.

### മുഖംമൂടൽ

മുഖം മുഴുവനായി മറക്കുന്ന രീതി ഇസ്ലാമികമല്ല എന്ന് ലോക മുസ്ലിം പണ്ഡിത സഭയുടെ അധ്യക്ഷനായ ഖർദാവിയും കേരളത്തിലെ സുന്നി മുസ്ലിം പണ്ഡിതന്മാരും പറയുന്നു പക്ഷേ മുഖം മുഴുവനായി മറയ്ക്കണമെന്ന് മുജാഹിദ് ബാലുശ്ശേരിയെ പോലുള്ള മുജാഹിദ് പണ്ഡിതന്മാരും വാദിക്കുന്നു. ക്രിസ്ത്യൻ സ്കൂളുകളിൽ അഡ്മിഷൻ തേടി അവിടെ മുജാഹിദ് ആശയവും മുദവുദീ ആശയവും പഠിച്ച് ക്രിസ്ത്യൻ വി



ഭാഗങ്ങളെ മാറ്റിയെടുക്കാം എന്ന ഒരു ഹിഡൻ അജണ്ട തീവ്ര മുജാഹിദ് വിഭാഗത്തിൽ ഉണ്ട് പള്ളുരുത്തിയിലുള്ള വിവാദമായ സ്കൂളിൽ 80 ശതമാനം ക്രിസ്ത്യൻ ആർ സി വിഭാഗം കുട്ടികളാണ് പഠിക്കുന്നത്. ഈ പ്രദേശത്ത് സുന്നി വിഭാഗത്തിനും മുജാഹിദ് വിഭാഗത്തിനും സ്കൂളുകളുണ്ട്. ഫസൽ ഗഫൂർ എംഇഎസ് എന്ന വലിയ സംഘടനയുടെ ജീവാത്മാവാണ്.

അദ്ദേഹം സംശയത്തിന് ഒരു അംശം ഇടം കൊടുക്കാതെ പറഞ്ഞു മുഖംമൂടി എം ഇ എസ് കോളേജിലും സ്ത്രീകളിലും മുസ്ലിം കുട്ടികളെ അഡ്മിറ്റ് ചെയ്യില്ല ആദ്യം വിഷയം തലയിൽ തട്ടം എന്നു പറയും പിന്നെ കണ്ണുകൾ മാത്രം കാണിക്കുന്ന നിഖാബ് ആക്കി മാറ്റും. പിന്നെ മുഖം മുഴുവൻ ഇതാണ് തീവ്ര മുസ്ലിം വിഭാഗങ്ങളുടെ അജണ്ട. പള്ളുരുത്തിയിലുള്ള ക്രിസ്ത്യൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്ന മുസ്ലിം പെൺകുട്ടികളിൽ ഏറെയും ഹിജാബ് ധരിക്കുന്നതിന് പകരം നിക്കാബ് ധരിക്കുന്നവരാണ് .

**എം എം അക്ബർ**

കേരളത്തിൽ ഹിന്ദു മുസ്ലിം ക്രിസ്ത്യൻ ഐക്യം അടുത്തകാലത്ത് തകർക്കുന്നത് പ്രധാനം കോടാലി ആയത് 'നിച്ച് ഓഫ് ട്രൂത്ത്' എന്ന സംഘടനയുടെ തല തൊട്ടപ്പൻ എം എം അക്ബർ ആണ് അദ്ദേഹം ക്രിസ്ത്യൻ ഏരിയകളിൽ സ്നേഹ സംവാദം എന്ന പേരിൽ നടത്തിയ ചർച്ചകളെല്ലാം വർഗീയ വിഷം വമിക്കുന്നതായിരുന്നു. തിരൂരങ്ങാടി കോളേജിൽ വിരുദ്ധതലത്തിൽ കെമിസ്ട്രി പഠിച്ച എം എം അക്ബറിന്റെ പ്രഭാഷണങ്ങളിൽ ശാസ്ത്രത്തിന്റെ കണിക പോലും കാണാറില്ല. അരിക്ക് എത്രയാണ് മാപ്പിള ഒരു കിലോവിന് വില? എന്ന് ചോദിച്ചപ്പോൾ കടയുടെ ഉടമസ്ഥൻ പയർ 5 നാഴി എന്ന് മറുപടി പറഞ്ഞതുപോലെയാണ് അക്ബറിന്റെ മറുപടികൾ. മുജാഹിദിസവും സലഫി ആശയങ്ങളും കൂടിക്കലർന്ന ഒരു അവിയലാണ് അക്ബറിന്റെ ചിന്താധാരകൾ.



കേരളത്തിൽ 70 കളിൽ രൂപംകൊണ്ട മുജാഹിദ് പ്രസ്ഥാനം ശക്തി പ്രാപിച്ചത് 1980കളിലും 90കളിലും ആണ്. അവർ യുദ്ധ പ്രഖ്യാപനം തുടങ്ങിയത് മഹാഭൂരിപക്ഷം സുന്നികളുടെ മഖ്ബറ സമ്പ്രദായത്തെയും സുന്നി അനുഷ്ഠാനങ്ങളെയും ആണ്. ഇന്ത്യയിൽ ഒരു ലക്ഷത്തോളം മുസ്ലിം മഖ്ബറകൾ ഉണ്ട്. മുജാഹിദിന്റെ പ്രവർത്തനം ദുരിതഗതിയിൽ ആയിട്ടും കേരളത്തിൽ അടക്കം മഖ്ബറകൾ വർദ്ധിച്ചു വരികയാണ് കണ്ണൂർ ജില്ലയിൽ മാത്രം 1400 മഖ്ബറകൾ ഉണ്ട്. ദർഗ്ഗൂളിൽ പോയാൽ അവിടെ അന്ത്യവിശ്രമം കൊള്ളുന്ന മഹത് വ്യക്തിയെ വിളിച്ച് നമ്മുടെ സങ്കടങ്ങൾ പറഞ്ഞാൽ അവർ മുസ്ലിം അല്ല കാഫിർ എൻ ആണെന്ന് മുജാഹിദ് ജമാഅത്ത് പറയുന്നു.

അതിനു പകരം മൂന്ന് നേരം നമസ്കരിക്കുന്ന ശീലം മുസ്ലിം വിഭാഗത്തെ ലോകം മുഴുവൻ കാഫിർ എന്ന് മുജാഹിദ് ഫത്വ കൊടുക്കുന്നു. ഇപ്പോൾ ഇന്ത്യയിൽ നാല് വിഭാഗം മുജാഹിദുകൾ ഉണ്ട് ഇതിൽ തീവ്ര വിഭാഗം മുജാഹിദുകൾ സ്ത്രീകളുടെ ചേലാകർമ്മം അംഗീകരിക്കുന്നു.

ഏഴു വർഷം മുമ്പ് കോഴിക്കോട് ഒരു സ്വകാര്യ ആശുപത്രിയിൽ ചേലാകർമ്മത്തിന് കുട്ടികളെ കൊണ്ടുവരുന്നത് ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ രൂക്ഷാകുലരായ യൂത്ത് ലീഗ് പ്രവർത്തകർ ആശുപത്രി ഭാഗികമായി തല്ലിത്തകർത്തിരുന്നു. എംഎം അക്ബറുടെ ആദ്യ ഭാര്യ അറിയാതെ രണ്ടാമത് അദ്ദേഹം ഒരു സ്ത്രീയെ കല്യാണം കഴിച്ചു ഒരു വർഷം കഴിഞ്ഞാണ് ആദ്യ ഭാര്യ ഇത് അറിയുന്നത് അവർ കോപം കൊണ്ട് ജ്വലിച്ചപ്പോൾ അക്ബറുടെ മറുപടി അത് "ഇസ്ലാം അനുവദിച്ചതാണ്" എന്നതാണ് എന്നാണ്. ദേശീയ പതാകയെ ബഹുമാനിക്കുന്നതും സല്യൂട്ട് ചെയ്യുന്നതും തെറ്റാണെന്നും അക്ബർ വാദിക്കുന്നു. കമ്മ്യൂണിസ്റ്റുകൾ പറയുന്നതുപോലെ ഇസ്ലാമിൽ ദേശീയയില്ല അന്തർദേശീയതയാണ് ഉള്ളതെന്ന് അക്ബർ സഫലി ആയും സക്കീർ നായിക്കും വാദിക്കുന്നു

43 ൽ നിന്നും തുടർച്ച



റാക്കിൾ (Oracle at Delphi) ഒരിക്കൽ പറഞ്ഞുവത്രേ: ബുദ്ധിയിൽ സോക്രടീസിനും മുകളിൽ ആരുമില്ലെന്ന്. എന്നാൽ സോക്രടീസ് താനൊരു പണ്ഡിതനല്ലെന്ന് ആവർത്തിച്ചു പറഞ്ഞിരുന്നു. അറിയാനുള്ള ത്വരയുമായി ജീവിക്കുന്നവരാണ് മനുഷ്യർ എന്നാണ് ഇതേക്കുറിച്ചുഅരിസ്റ്റോട്ടിൽ പറഞ്ഞത്. അറിയാനുള്ള ത്വരയെ, കൗതുകത്തെ വിശ്വാസം എന്ന മാനസികാവസ്ഥ ഇല്ലാതാക്കുന്നു. ഒരു വിശ്വാസിക്ക് പുതുതായി എന്തെങ്കിലും അറിയണമെന്ന ത്വര പരിമിതമായിരിക്കും; പുതിയ അറിവുകൾ അവരെ സന്തോഷിപ്പിക്കുന്നുമില്ല. തന്റെ അജ്ഞതയെക്കുറിച്ച് ബോധ്യമുണ്ടാക്കുക, അബദ്ധധാരണകളോട് സംശയത്തോടെനോക്കാൻ സാധിക്കുക, സത്യംഎന്തെന്നന്വേഷിക്കുന്നത് ശ്രേഷ്ഠമെന്നറിയുക തുടങ്ങി പലതും തെരുവ് എപിസ്റ്റമോളജിസ്റ്റ് പ്രവർത്തനം കൊണ്ട് സാക്ഷാത്കരിക്കാം. ഈ അവസ്ഥയെ ഡോക്സ്സസ്റ്റിക്അടയ്ക്കൽ (Doxastic closure) എന്ന് പറയാം. പരിചയം കൊണ്ടോ അനുഭവം കൊണ്ടോ പൂർവശിക്ഷണം കൊണ്ടോ നാം ഉറച്ചു വിശ്വസിക്കുന്ന പല ധാരണകളും കൂടുതൽ തെളിവുകൾ ഉണ്ടാവുന്ന മുറയ്ക്ക് നാം പുനരവലോകനം ചെയ്യും. അവയിൽ ചിലതെല്ലാംനാംഉപേക്ഷിക്കുകയുംചെയ്യും. ഇപ്രകാരം മുൻ ധാരണകളെഅടച്ചുപൂട്ടുന്നതിനെയാണ് ഡോക്സ്സസ്റ്റിക് അടയ്ക്കൽ എന്ന് പറയുന്നത്. ഉദാഹരണത്തിന്, 'കമ്പോളങ്ങളെ നിയന്ത്രിക്കേണ്ടതില്ല,' 'ഭർത്താവില്ലാത്ത സ്ത്രീ ജീവിതം മരണ തുല്യമാണ്', തുടങ്ങിയ ചിന്തകൾ നാം അടച്ചുപൂട്ടുന്നത് തെളിവുകൾ നമുക്കു ചുറ്റും നിറയുമ്പോഴാണ്.

വെറും വിശ്വാസാധിഷ്ഠിത ജീവിതത്തിനെതിരെ നിലയൊരുക്കാൻ പൊതുസമൂഹത്തിൻറെ ഇടപെടൽ കൂടി വേണം. അക്കാദമിക് സ്ഥാപനങ്ങൾക്ക് ഇതിൽ പ്രധാനപ്പെട്ട പങ്കു വഹിക്കാനാവും. അന്ധവിശ്വാസങ്ങളെ പ്രതിരോധിക്കുക, ലോജിക്, യുക്തിസഹമായ ചിന്തകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുക ഒക്കെ അക്കാദമിക് സാഹചര്യങ്ങളിൽ നടക്കേണ്ടതാണ്. അതിനാൽ വിദ്യാഭ്യസവുമായി ബന്ധപ്പെട്ടവർ ഇതിലൊക്കെസജീവ ഇടപെടലുകൾ ഉറപ്പാക്കണം. എന്നാൽ പലകാരണങ്ങളാൽഅതൊന്നും സാധ്യമാകുന്നില്ല. ഒരു വലിയ സമൂഹത്തിൽ അനവധി ഉപസമൂഹങ്ങളും ചെറുഗ്രൂപ്പുകളും ഉള്ളതിനാൽ അവരുടെ ചിന്താപദ്ധതികളേയും വിശ്വാസ സംഹിതകളേയും അടച്ചാക്ഷേപിക്കുക അസാധ്യമത്രെ. ഇതൊരുരാഷ്ട്രീയ, സാമൂഹികനിലപാടാണ്. എന്നാൽ കപട വിജ്ഞാനങ്ങൾ ഇതിന്റെ പേരിൽ പഠിക്കാനോ പഠിപ്പിക്കാനോ ഇടയാവുന്നത് എത്രകണ്ട്അഭിമതമെന്ന് ഓരോ സമൂഹവും തീർച്ചപ്പെടുത്തണം. ഒരുദാഹരണ മെടുക്കാം. ഒരു ക്ളാസ്സിലെ വിദ്യാർഥികൾ സെമസ്റ്റർ പരീക്ഷ എഴുതുകയാണ്. ഉത്തരക്കടലാസുകൾ ഔജബോർഡ് ഉപയോഗിച്ച് മൂല്യനിർണയം ചെയ്യാമെന്ന് അധ്യാപകൻ പരീക്ഷ തീർന്നപ്പോൾ അറിയിക്കുന്നു. ഇതിനോട് വിദ്യാർഥികൾ എപ്രകാരംപ്രതികരിക്കും? മോശം പ്രകടനംചെയ്തവർ ഇതംഗീകരിക്കും. മെച്ചപ്പെട്ട പ്രകടനം ചെയ്തവർ ശരിയാം വിധം മൂല്യനിർണയം വേണമെന്ന് ശഠിക്കും. അന്ധവിശ്വാസികൾ എപ്രകാരമാവും നിലപാടെടുക്കുക? മെച്ചപ്പെട്ട ഉത്തരങ്ങളെഴുതി എന്നുറപ്പുള്ളവർ ഭാഗ്യത്തിനും അന്ധമായ വിശ്വാസത്തിനും പിന്നാലെ പോകില്ല. റിസ്ക്എടുക്കാൻ മടിക്കും. തങ്ങളെ നേരിട്ട് ബാധിക്കും എങ്കിൽ വിശ്വാസങ്ങൾ തെളിവുകൾക്ക് താഴേ മാത്രമാണെന്ന് സാരം. എപ്പിസ്റ്റമോളോജി ഇങ്ങനേയുംപ്രവർത്തിക്കും.

മത, ദൈവവിശ്വാസങ്ങൾ വൈറസ് പോലെയാണോ എന്ന ചോദ്യം പലവട്ടം ഉയർന്നിട്ടുണ്ട്. ഇതേക്കുറിച്ചു ഡാരൽ റേ എന്ന എഴുത്തുകാരൻ ദൈവവൈറസ് (Darrel Ray - The God Virus) എന്നൊരു പുസ്തകം പോലും രചിച്ചിട്ടുണ്ട്. വൈറസുകൾ നമ്മുടെ ശരീരത്തിൽ പ്രവേശിക്കുകയുംകോശങ്ങളുടെ പ്രവർത്തനങ്ങൾഏറ്റെടുക്കുകയും ചെയ്യുന്നു. അതുപോലെ മതങ്ങളും മനുഷ്യരുടെ ചിന്തയെയും ശരീരത്തെയുംബാധിക്കുന്നു. മറ്റുമത വൈറസുകൾ വന്നുകയറുന്നതിനെതിരെ പ്രതിരോധം സൃഷ്ടിക്കുന്നു. മതത്തെ സാമൂഹിക പ്രസക്തമാക്കാനും മറ്റുള്ളവരിലേയ്ക്ക് പ്രചരിപ്പിക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കും. ഓരോമതവും വ്യത്യസ്തമായതോതിൽ ഇതെല്ലാം നിർവഹിക്കുന്നു. വൈറസിൻ

റെ ടോക്സിൻ ശരീരത്തെ ബാധിക്കുന്നപോലെ മതം മനസ്സിനെ ബാധിക്കുന്നെന്ന് പറഞ്ഞാൽ അതിശയോക്തിയല്ല. മതവിശ്വാസം ഇല്ലാത്തവർ ന്യൂനപക്ഷമാണ്; അവർക്കാകട്ടെ, മതസ്ഥർ പിന്തുടരുന്ന ഇത്തരം വൈറസ് അനുകൂല സ്വഭാവരീതികളോട് എതിർപ്പില്ല. അതിനവർ കാണുന്ന കാരണം വിചിത്രമാണ്. വിശ്വാസവുംധാർമികതയുമായി അവർ ബന്ധപ്പെടുത്തി ക്കാണുന്നു. വിശ്വാസം എന്തുമായിക്കോട്ടെ, അവർ ധാർമികതയിൽ നിന്ന് വ്യതിചലിക്കുന്നില്ലല്ലോ എന്നാണവർ കരുതുക. ആധുനിക കാലത്തെ ഒരുമീം പോലെഈ ചിന്ത പ്രവർത്തിക്കുന്നു.

അമിതമായ വിശ്വാസം വൈറസ് പോലെയാണെന്ന് പറഞ്ഞു കഴിഞ്ഞു. അതിനാൽത്തന്നെ, മത,ദൈവവിശ്വാസങ്ങൾ പൊതുജനാരോഗ്യപ്രശ്നം എന്നപോലെകാണപ്പെടുന്നു. മതാനുകൂലസ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ, സംഘടനകൾ എല്ലാം വികലമായ വിജ്ഞാനങ്ങൾ പ്രചരിപ്പിക്കും. സത്യത്തിന്റെയും തെളിവുകളുടെയും പിൻബലമില്ലാതെപലവികലധാരണകളെയും സമൂഹത്തിൽ പ്രചരിപ്പിക്കാൻ അനുസ്യൂതം ശ്രമിച്ചുകൊണ്ടിരിക്കും.ഇതിന് തടയിടാൻ സമൂഹംഉണരുകയും രോഗപ്രതിരോധത്തിലെന്ന പോലെ ഉണർന്ന് പ്രവർത്തിക്കുകയും വേണം. വികലധാരണകൾ പ്രചരിപ്പിക്കുന്നവർക്കും പണം ആവശ്യമുണ്ടല്ലോ. അതിനവർ ചെയ്യുന്നത് സമൂഹത്തിൽ നിന്ന് സംഭാവനകൾസ്വീകരിക്കുക, അവരുമായുള്ള പങ്കാളിത്തത്തിന് ഫീസ് വാങ്ങുക, സർക്കാരിൽനിന്ന് നികുതിയിനത്തിൽ കിഴിവ് സംഘടിപ്പിക്കുകഎന്നിവയാണ്. ഇവയിലും ബഹുജനപിന്തുണയുള്ള മാർഗങ്ങൾ കൊണ്ട് പ്രതിരോധം സൃഷ്ടിക്കണം.

ഫിലോസഫിയുടെ പരീക്ഷണശാലയായി തെരുവിനെ മാറ്റാനാകും. സോക്രടീസ് പറഞ്ഞുതന്ന രീതിശാസ്ത്രം അപരിചിതരിൽ പോലും ചർച്ചയ്ക്കായിപ്രയോഗിക്കാവുന്നതാണ്. അഞ്ചുഘട്ടമായാണ് തെരുവിൽ എപിസ്റ്റമോളജി പ്രയോഗത്തിൽ വരുത്തുന്നത്. ആശ്ചര്യം (wonder), പരികല്പന (hypothesis), ചോദ്യോത്തരാഭ്യാസം (elenchus), പരികല്പനയുടെ തുടർ അവലോകനം (revising hypothesis), തുടർ പ്രവർത്തനം (act accordingly) എന്നിവയാണ്അവ.

ഇവ ഓരോന്നും എന്തൊക്കെയാണെന്നും, എപ്രകാരം മുന്നോട്ടു പോകണമെന്നും പുസ്തകം വിവരിക്കുന്നു. ഒരു ചർച്ചആരംഭിക്കേണ്ടതെങ്ങനെയെന്നും ആശങ്കയുളവാക്കാതെ അത് തുടർന്ന് കൊണ്ടുപോകുന്നതും വലിയ ഉത്തരവാദിത്തമാണ്. ചിലപ്പോൾ ചർച്ചപൊടുന്നനെ നിന്നുപോകാം. തന്നോട്പറഞ്ഞവാദഗതികൾയുക്തിഭദ്രമെന്നുതോന്നുമ്പോഴുംസ്വന്തം നിലപാടിൽത്തന്നെഉറച്ചുനിൽക്കുകയുംചെയ്യുന്നചിലരുണ്ട്. വിശ്വാസത്തിനുള്ളിൽജീവിക്കുന്നപലരുടെയുംപ്രശ്നമാണിത്. ശ്രമംപരാജയപ്പെട്ടുവെന്ന് കരുതാനാവില്ല; വർഷങ്ങളോളം അബദ്ധമെങ്കിലും സുഖകരമെന്ന തോന്നൽ തരുന്ന വിശ്വാസങ്ങളുമായി പൊരുത്തപ്പെട്ട ചിലർക്കെങ്കിലും വിശ്വാസങ്ങളിൽനിന്നും വ്യതിചലിക്കുന്നത് എളുപ്പമല്ല.

സോക്രടീസ് മാതൃകമത, ദൈവവിശ്വാസങ്ങളെഅവലോകനംചെയ്യാനുംതെളിവുകളുടെ അടിസ്ഥാനത്തിൽവിചിന്തനം ചെയ്യാനുംഉതകും. എപിസ്റ്റമോളജിപരിശീലനമുള്ളവർക്ക്പ്രത്യേകിച്ചും.

| യുക്തിരേഖ | |
|---|---|
| ഒറ്റക്കോപ്പി | – 25 രൂപ |
| ഒരു വർഷം | – 250 രൂപ |
| ആയുഷ്ക്കാലം (12 വർഷം) | – 2500 രൂപ |


181

KSWDC

സ്വാഭിമാനത്തിന്റെ വഴിയൊരുക്കാൻ
സ്വതന്ത്രമായി മുന്നേറാൻ
ഓരോ വനിതയ്ക്കുമൊപ്പം

**കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ**

സ്ത്രീകളുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ 1988ൽ ആരംഭിച്ച പൊതുമേഖലാ സ്ഥാപനമാണ് **വനിതാ വികസന കോർപറേഷൻ**. സമഗ്രപദ്ധതികളിലൂടെ സ്വാശ്രയത്വത്തിലേക്കും ജീവിതവിജയത്തിലേക്കും സ്ത്രീകളെ നയിക്കുക, ശാക്തീകരിക്കാനായി വിദ്യാഭ്യാസ സഹായങ്ങളും പരിശീലനങ്ങളും നൽകുക, സാമൂഹിക പ്രതിബന്ധങ്ങളെ മറികടക്കാൻ പ്രാപ്തരാക്കുക, നീതിക്കായുള്ള പോരാട്ടത്തിൽ ഒപ്പം നിൽക്കുക എന്നിവയാണ് **KSWDC**യുടെ മുഖ്യലക്ഷ്യങ്ങൾ

കരുത്തേകാൻ പഠനവും തൊഴിലും
- സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കുമായി സ്വയം തൊഴിൽ വായ്പാ പദ്ധതികൾ
- വിദ്യാഭ്യാസ വായ്പകൾ
- സംരംഭകത്വ വികസന പരിപാടികൾ (EDP)
- സ്ത്രീകൾക്കായി REACH ഫിനിഷിങ്ങ് സ്കൂൾ
- നഴ്സുമാർക്ക് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതി (ASEPN)
- ഗോത്രവിഭാഗത്തിലെ സ്ത്രീകൾക്ക് 'വനമിത്ര നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ'

ആരോഗ്യവും ശുചിത്വവും
- ആർത്തവ ശുചിത്വത്തിന് 'SHE PAD', 'M Cup' വിതരണ പദ്ധതികൾ
- സ്കൂൾ വിദ്യാർത്ഥികൾക്കായി നാപ്കിൻ, ഇൻസിനറേറ്റർ, അലമാരകൾ
- സ്കൂളുകളിൽ ആർത്തവ ശുചിത്വ ബോധവത്കരണം

സ്ത്രീ സുരക്ഷ
- 181 ഹെൽപ് ലൈൻ 24 X 7
- ബോധ്യം - പൊലീസ് സേനയിൽ ലിംഗാവബോധ പരിശീലനം

സ്ത്രീകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ
- വനിതാ മിത്ര കേന്ദ്രം-വർക്കിങ്ങ് വിമെൻസ് ഹോസ്റ്റലുകൾ
- സേഫ് സ്റ്റേ-യാത്രികർക്ക് താൽക്കാലിക താമസ സൗകര്യം



THE KERALA STATE WOMEN'S DEVELOPMENT CORPORATION LTD : 1st Floor, Transport Bhavan, KSRTC Building, Eastfort Attakulangara P. O, Trivandrum-695023 , Ph: 0471 2454585, 9496015015 Email: md@kswdc.org, head@kswdc.org



## മഹാത്മാ ജ്യോതിറാവു ഫൂലെ

ജനനം 1827 ഏപ്രിൽ 11 മരണം 1898 നവംബർ 28

മഹാരാഷ്ട്രയിലെ പ്രമുഖ ചിന്തകനും സാമൂഹ്യപരിഷ്കർത്താവും. ജാതിവിവേചനത്തിനും അസമത്വങ്ങൾക്കുമെതിരെ നിരന്തര പോരാട്ടം നടത്തി. ദരിദ്രരുടെയും സ്ത്രീകളുടെയും വിദ്യാഭ്യാസത്തിനു വേണ്ടി ശക്തമായ നിലപാട് സ്വീകരിച്ചു. പെൺകുട്ടികൾക്ക് മാത്രമായി ഇന്ത്യയിൽ ആദ്യത്തെ സ്കൂൾ 1848 ൽ പൂനെയിൽ സ്ഥാപിച്ചു. പിന്നാക്കവിഭാഗങ്ങളുടെ ഉന്നമനത്തിനായി 'സത്യശോധക് സമാജ്' എന്ന സംഘടനക്ക് രൂപം കൊടുത്തു. : സാമൂഹ്യ നീതിക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ പ്രവർത്തനങ്ങളെ മാനിച്ച് അനുയായികൾ അദ്ദേഹത്തെ 'മഹാത്മാ ' എന്ന് ബഹുമാനത്തോടെ വിളിച്ചു.



## മിതവാദി സി. കൃഷ്ണൻ

ജനനം 1867 ജൂൺ 11 മരണം 1938 നവംബർ 29

ജാതിക്കും അയിത്തത്തിനുമെതിരേ ശക്തമായി പോരാടി. 1913 ൽ മിതവാദി പത്രം വിലക്കുവാങ്ങി. സമരായുധമെന്ന നിലയിൽ പ്രസിദ്ധീകരിച്ചു. ശ്രീ നാരായണ ഗുരുവിന്റെ ഗൃഹസ്ഥശിഷ്യൻ. അധസ്ഥിതന്റെ ഉന്നമനത്തിനും സാമൂഹ്യനീതിക്കും ഗുരുദർശനത്തിനും വേണ്ടി നിലകൊണ്ടു' മനുഷ്യാവകാശങ്ങൾ, സ്ത്രീകളുടെ അവകാശങ്ങൾ, മലബാറിലെ കർഷ സമരം, യുക്തിവാദം തുടങ്ങിയ പുരോഗമനാശയങ്ങളെ പത്രത്തിലൂടെ പിന്തുണയ്ക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു.

കേരളീയ നവോത്ഥാനത്തിൽ അടിച്ചമർത്തപ്പെട്ടവൻെറ ബൈബിൾ എന്ന് മിതവാദി പത്രം അറിയപ്പെട്ടു.



## വി.പി.സിംഗ്

ജനനം 25-06-1931 മരണം 27-11-2008

മാണ്ഡയിലെ 41 മത്തെ രാജാബഹദൂർ ആയ വിശ്വനാഥ പ്രതാപ് സിംഗ്. യു.പി. മുഖ്യമന്ത്രി, യൂണിയൻ ധനമന്ത്രി, പ്രതിരോധ മന്ത്രി ആയിരുന്നു. ബോഫോഴ്സ് അഴിമതി കേസിൽ രാജീവ് ഗാന്ധിക്കെതിരേ നിലപാടെടുത്തു. 1989 ഡിസംബർ രണ്ടാം തീയതി ഇന്ത്യയുടെ പ്രധാനമന്ത്രിയായി. പിന്നാക്ക വിഭാഗങ്ങളുടെ മാഗ്നാകാർട്ടാ എന്നറിയപ്പെടുന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കി. 1989 ലെ പട്ടികജാതി/വർഗ്ഗ നിയമവും. ഭരണത്തിന്റെ ആയുസ്സ് 343 ദിവസം മാത്രമായി ചുരുങ്ങാൻ ഈ നടപടികൾ കാരണമായി. " നവംബർ 7 ന് പാർലമെന്റ് അവിശ്വാസത്തിലൂടെ വി.പി.സിംഗിനെ പുറത്താക്കി.



## ചാൾസ് റോബർട്ട് ഡാർവിൻ

ആധുനിക ജീവശാസ്ത്രത്തിന്റെ അടിസ്ഥാനമായി കണക്കാക്കപ്പെടുന്ന 'ഒറിജിൻ ഓഫ് സ്പീഷീസ് ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.

ജനനം 1809 ഫെബ്രുവരി 12 മരണം 1882 ഏപ്രിൽ 19

പ്രകൃതിനിരീക്ഷകനും ഭൂഗർഭശാസ്ത്രജ്ഞനും ജീവശാസ് ജ്ഞനുമായ ഡാർവിന്റെ പ്രകൃതിനിർദ്ധാരണം വഴിയുള്ള പരിണാമത്തെക്കുറിച്ചുള്ള സിദ്ധാന്തം ശാസ്ത്രലോകത്ത് വിപ്ലവം സൃഷ്ടിച്ചു.

എച്ച് എം എസ് ബീഗിൾ എന്ന കപ്പലിലെ യാത്രയ്ക്കിടയിൽ നടത്തിയ നിരീക്ഷണങ്ങളും ശേഖരിച്ച വിവരങ്ങളുമാണ് ഡാർവിൻ പഠനങ്ങൾക്ക് അടിസ്ഥാനമാക്കിയത്.

## ജില്ലാ സമ്മേളനങ്ങൾ

| ജില്ല | തീയതി | ചുമതല, റിപ്പോർട്ടിംഗ് | നിരീക്ഷകൻ |
|---|---|---|---|
| തിരുവനന്തപുരം | 16-11-2025 | എസ് അഭിലാഷ് | ശൂരനാട് ഗോപൻ |
| കൊല്ലം | 31-08-2025 | ശൂരനാട് ഗോപൻ | അഡ്വ.രാജഗോപാൽ വാകത്താനം |
| പത്തനംതിട്ട | 19-10-2025 | എസ് സുധി | എസ് അഭിലാഷ് |
| ഇടുക്കി | 09-11-2025 | അഡ്വ.രാജഗോപാൽ വാകത്താനം | ശൂരനാട് ഗോപൻ |
| കോട്ടയം | 16-11-2025 | എൻ കെ ദിനേശ് മാസ്റ്റർ | ഇരിങ്ങൽ കൃഷ്ണൻ |
| ആലപ്പുഴ | 23-11-2025 | സന്തോഷ് മാനവം | അഡ്വ.കെ എൻ അനിൽകുമാർ |
| എറണാകുളം | 02-11-2025 | ടി കെ ശക്തിധരൻ | എൻ കെ ദിനേഷ് മാസ്റ്റർ |
| തൃശൂർ | 16-11-2025 | കെ പി ശബരിഗിരീഷ് | അഡ്വ.രാജഗോപാൽ വാകത്താനം |
| പാലക്കാട് | 09-11-2025 | ടി പി മണി | ശൂരനാട് ഗോപൻ |
| മലപ്പുറം | 23-11-2025 | ഇരിങ്ങൽ കൃഷ്ണൻ | കെ പി ശബരിഗിരീഷ് |
| കോഴിക്കോട് | 30-11-2025 | എ കെ അശോക് കുമാർ | ടി കെ ശക്തിധരൻ |
| വയനാട് | 23-11-2025 | സി എസ് എലിസബേത്ത് | കെ ഉണ്ണികൃഷ്ണൻ |
| കണ്ണൂർ | 19-10-2025 | കെ ഉണ്ണികൃഷ്ണൻ | ഇരിങ്ങൽ കൃഷ്ണൻ |
| കാസറഗോഡ് | 09-11-2025 | ഗംഗൻ അഴീക്കോട് | എ കെ അശോക് കുമാർ |

### കേരള യുക്തിവാദി സംഘം തളിപ്പറമ്പ് യൂണിറ്റ് സമ്മേളനം

**കണ്ണൂർ:**

കേരളയുക്തിവാദി സംഘം തളിപ്പറമ്പ് യൂണിറ്റ് സമ്മേളനം തളിപ്പറമ്പ് പ്രൊവിഡൻസ് കോളേജിൽ വച്ച് നടന്നു. കെ.ടി രാമചന്ദ്രൻ സ്വാഗതം പറഞ്ഞു. എ. സി. മാത്യുവിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം സംസ്ഥാന കമ്മിറ്റി അംഗം പി.കെ പ്രസാദ് ഉദ്ഘാടനം ചെയ്തു.ജില്ലാ കമ്മിറ്റി അംഗങ്ങളായ കെ.വി.മേജർ, കെ.കെ.കൃഷ്ണൻ എന്നിവർ സംസാരിച്ചു.

എം.ലീലാവതി, കുരീപ്പുഴ ശ്രീകുമാർ എന്നിവർക്ക് നേരെയുള്ള വർഗ്ഗീയ വാദികളുടെ സൈബർ ആക്രമത്തിൽ സമ്മേളനം പ്രതിഷേധിച്ചു. അന്ധവിശ്വാസ നിർമ്മാർജന നിയമം നിർമ്മിച്ച് നടപ്പിലാക്കണമെന്ന് കേരള സർക്കാരിനോട് പ്രമേയത്തിലൂടെ ആവശ്യപ്പെട്ട സമ്മേളനത്തിന് പി.വി.രാമകൃഷ്ണൻ നന്ദി പറഞ്ഞു.

പുതിയ ഭാരവാഹികളായി പ്രസിഡന്റ്. പി.വി.രാമകൃഷ്ണൻ, വൈസ്.പ്രസിഡന്റ്. ദാസൻ പുളിയൂൽ, സെക്രട്ടറി. കെ.ടി.രാമചന്ദ്രൻ, ജോ. സെക്രട്ടറി. രമേശൻ കെ.വി എന്നിവരെ തെരഞ്ഞെടുത്തു

### പള്ളിപ്പുറം യുണിറ്റ് സമ്മേളനം

**ആലപ്പുഴ:**

കേരള യുക്തിവാദിസംഘം പള്ളിപ്പുറം യൂണിറ്റ് സമ്മേളനം 19/10/2025 ൽ തൈക്കാട്ടുശ്ശേരി മാക്കേക്കടവ് സുരേഷിന്റെ വസതിയിൽ നടന്നു. യൂണിറ്റ് പ്രസിഡന്റ് വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സുരേഷ് സ്വാഗതം പറഞ്ഞു. രാജശ്രീ യൂണിറ്റ് റിപ്പോർട്ടിംഗ് നടത്തി. സംസ്ഥാന സമതി അംഗങ്ങളായ അഡ്വ. പി.ജി ലെനിൻ, പി.പി. മധു എന്നിവർ സമ്മേളന റിപ്പോർട്ടിംഗും സംസ്ഥാന ജില്ലാ തീരുമാനങ്ങളും വിശദീകരിച്ചു. വിശ്വനാഥചെട്ടിയാർ സംഘം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ വച്ചു. റിപ്പോർട്ടിനെ അടിസ്ഥനമായ ചർച്ചയിൽ പ്രഹ്ളാദൻ, അജിമോൻ, തുടങ്ങിയവർ പങ്കെടുത്തു. ജില്ലാ സമ്മേളനത്തിനു മുമ്പ് പരമാവധി യുക്തിരേഖ വരിസംഖ്യ ചേർക്കുന്നതിനും സമ്മേളനങ്ങൾ വിജയിപ്പിക്കുന്നതിനും തീരുമാനങ്ങൾ ഉണ്ടായി. വേണുഗോപാലിനെ പുതിയ പ്രസിഡന്റായും രാജശ്രീയെ സെക്രട്ടറിയായും സമ്മേളനം തെരഞ്ഞെടുത്തു.

# കമ്യൂണിസ്റ്റുകാർ ആൾ ദൈവങ്ങളെ പുണരുന്നത് തെറ്റായ സന്ദേശം: അജിത് കൊളാടി

**കണ്ണൂർ:**
ഇരിട്ടി: ശ്രീനാരായണ ഗുരുവും, സഹോദരൻ അയ്യപ്പനും, പി.കൃഷ്ണപ്പിള്ളയും ജനിച്ച മണ്ണിൽ പുരോഗമനകാരികളെന്നവകാശപ്പെടുന്ന ഭരണാധികാരികൾ വാരിപ്പുണരുന്നത് ബ്രാഹ്മണ്യത്തിലേക്കുള്ള തിരിച്ച് പോക്കിനെയാണ് സൂചിപ്പിക്കുന്നതെന്ന് പ്രമുഖ യുക്തിചിന്തകൻ അജിത് കൊളാടി അഭിപ്രായപ്പെട്ടു.

അബദ്ധ ജഢിലമായ ചിന്തകൾക്കുടമകളാണിവർ. ചിന്താശേഷിയെ പ്രോജ്വലിപ്പിക്കുന്നതിന്, പ്രാകൃത ചിന്തകൾക്കെതിരെ ആശയദൃഢതയുണ്ടാവണം. മുഗളന്മാർ കടന്നുവന്ന അതേ വഴിയിലൂടെ തന്നെയാണ് മുമ്പ് ആര്യൻമാരും കടന്നുവന്നതെന്ന് മറക്കരുത്. എന്നാലിപ്പോൾ ചരിത്രത്തെ ദുർവ്യാഖ്യാനം ചെയ്യുകയാണ്. മഹാഭാരതത്തിലോ , രാമായണത്തിലോ, ഉപനിഷത്തുകളിലോ ,വേദങ്ങളിലോ ഹിന്ദുവെന്ന വാക്ക് കാണാനാവില്ല. അനാചാരങ്ങളുടേയും, അന്ധവിശ്വാസങ്ങളുടേയും സംഗമ ഭൂമികയായി ഇന്ത്യ മാറുകയാണ്. ഹിന്ദു മതമെന്നത് ഒരു പ്രത്യേക മതമല്ലെന്നും, കേവലം ജീവിത രീതി മാത്രമാണെന്നും പറഞ്ഞത് സ്വാമി വിവേകാനന്ദനാണ്. ഭാരതീയ തത്വചിന്തയാണ് ആന്തരികജ്ഞാനത്തെക്കുറിച്ച് ആദ്യമായി ലോകത്തോട് പറഞ്ഞതെന്ന് അജിത് കൊളാടി ചൂണ്ടിക്കാട്ടി.

ഇരിട്ടി പുന്നാട് സർവ്വീസ് സഹകരണ ബേങ്ക് ഓഡിറ്റോറിയത്തിൽ കേരള യുക്തിവാദി സംഘം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗംഗൻ അഴിക്കോട് അദ്ധ്യക്ഷതവഹിച്ചു. മനോഹരൻ കൈതപ്രം സ്വാഗതവും, ടി.എ. ജോസഫ് നന്ദിയും പറഞ്ഞു.

പ്രതിനിധി സമ്മേളനത്തിൽ എ.കെ. അശോക് കുമാർ അദ്ധ്യക്ഷത വഹിച്ചു. ഇരിങ്ങൽ കൃഷ്ണൻ സംഘടനാ റിപ്പോർട്ടും, കെ. ഉണ്ണികൃഷ്ണൻ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. എ.കെ. നരേന്ദ്രൻ സ്വാഗതവും, കെ.വി. മനോജ് കുമാർ നന്ദിയും പറഞ്ഞു. സാംസ്ക്കാരിക ജാഥയുമുണ്ടായി.

അന്ധവിശ്വാസ നിർമ്മാർജ്ജന നിയമം നടപ്പിലാക്കണമെന്നും, വിദ്യാർത്ഥികളുടെ പഠനത്തെയടക്കം പ്രതികൂലമായി ബാധിക്കുന്ന മതസ്ഥാപനങ്ങളിൽ നിന്നുള്ള ശബ്ദ മലിനീകരണം തടയണമെന്നും, സർക്കാർ ശമ്പളം നൽകുന്ന സ്വകാര്യ സ്കൂളുകളിലെ നിയമനങ്ങൾ സർക്കാർ തലത്തിൽ നടത്തണമെന്നും കേരള യുക്തിവാദിസംഘം ജില്ലാ സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.



## മതേതര വിവാഹവും സൗഹൃദ കൂട്ടായ്മയും

**ഇടുക്കി:**
2025 ഒക്ടോബർ 18: കേരള യുക്തിവാദി സംഘം കട്ടപ്പന മേഖല കമ്മിറ്റി അംഗം സജീവ് അഗസ്റ്റിൻ മൂന്നാർ സ്വദേശി ഡെയ്സി എന്നിവരുടെ ആചാര രഹിത ആദർശ വിവാഹം കട്ടപ്പന സബ് രജിസ്ട്രാർ ഓഫീസിൽ വച്ചു നടന്നു. തുടർന്ന് കട്ടപ്പന മഹാരാജ ഓഡിറ്റോറിയത്തിൽ വച്ചു സൗഹൃദ കൂട്ടായ്മയും സ്നേഹ വിരുന്നും നൽകി. കേരള യുക്തിവാദി സംഘം സംസ്ഥാന വൈസ് പ്രസിഡന്റ് രാജഗോപാൽ വകത്താനം ഉദ്ഘാടനം നടത്തി. എഴുത്തുകാരനും മാധ്യമ പ്രവർത്തകനുമായ കെ ടി രാജീവ് സന്ദേശം നൽകി. സംഘം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എൻ കെ ദിനേശ്, ജില്ലാ സെക്രട്ടറി സിജു ടി സി, സാംസ്കാരിക പ്രവർത്തകരായ കെ ആർ രാജേന്ദ്രൻ, ബാബു പൗലോസ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. മേഖല പ്രസിഡന്റ് സാജു വെളുക്കുന്നേൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജസ്റ്റിൻ എവോലുഷനിസ്റ്റ് സ്വാഗതവും അനീഷ് കൊച്ചറ കൃതജ്ഞതയും പറഞ്ഞു.

## ലോഗോ പ്രകാശനം നടന്നു

കേരള യുക്തിവാദി സംഘം 34-ാം സംസ്ഥാന സമ്മേളന ലോഗോ പ്രകാശനം കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ.പി.കെ.ഗോപൻ നിർവ്വഹിച്ചു. 2025 നവംബർ 2 ന് വൈകിട്ട് കൊല്ലം ഫൈൻ ആർട്ട്സ് ഹാളിൽ സംഘടിപ്പിച്ച പ്രകാശന പരിപാടിയിൽ സമ്മേളന സ്വാഗത സംഘം ചെയർമാൻ കുരീപ്പുഴ ശ്രീകുമാർ അദ്ധ്യക്ഷനായി.

സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. ശക്തിധരൻ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി സന്തോഷ് മാനവം, സെക്രട്ടറിയേറ്റ് മെമ്പർ എസ്. അഭിലാഷ്, ടെന്നിസൻ,സന്തോഷ് വാളിയോട്,ഡി. പ്രകാശ്, ത്രേസ്യാ എൻ. ജോൺ ,ജോയ് അശോക് എന്നിവർ പ്രകാശന പരിപാടിയിൽ പങ്കാളികളായി.

ജനറൽ കൺവീനർ സുധി ശങ്കരൻ സ്വാഗതവും, ജില്ലാ സെക്രട്ടറി ജി. സന്തോഷ് കുമാർ നന്ദിയും രേഖപ്പെടുത്തി.

## ചരമം



**അജിതാ രാജൻ**

തിരുവനന്തപുരം: പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരന്റെ മൂത്ത മകൾ അജിതാരാജൻ (69) ഒക്ടോബർ 18ന് തിരുവനന്തപുരം തമലത്ത് അന്തരിച്ചു. കൊച്ചിൻ ഷിപ്പ്യാടിൽ നിന്ന് റിട്ടയർ ചെയ്ത കെ ആർ രാജൻ ആണ് ഭർത്താവ്. മകൾ സന്ദീപ് (കൈരളി ടിവി) നിഖിൽ (ബിസിനസ്) സഹോദരങ്ങൾ അല്ലി, രശ്മി, ശ്രീകുമാർ (കൈരളി ടിവി) മൃതശരീരം ആചാരരഹിതമായി തിരുവനന്തപുരം ശാന്തി കവാടത്തിൽ സംസ്കരിച്ചു.



**എൻ.കെ റപ്പായി**

തൃശൂർ : താഴെക്കാട് എൻ.കെ റപ്പായി ഇന്നലെ വൈകീട്ട് 5.45 ന് (93) മരണപ്പെട്ടു. മൃതശരീരം മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനത്തിനായി ഇന്ന് വൈകീട്ട് തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിനു വിട്ടുനൽകി. സംഘത്തിന്റെ സഹയാത്രികനും യുക്തിരേഖയുടെ ആത്മമിത്രവുമായിരുന്നു.

പരേതന്റെ വേർപാടിൽ കേരള യുക്തിവാദിസംഘവും യുക്തിരേഖ മാനേജ്മെന്റും ആഗാധ ദു:ഖം രേഖപ്പെടുത്തുന്നു.

## ഡോ. ധർമ്മരാജ് അടാട്ടിന് ഭാരത് സേവക് സമാജ് ദേശീയ പുരസ്കാരം

ഒരു സാധാരണ കൂലിപ്പണിക്കാരന്റെ മകനായി പിറന്ന് പ്രതികൂല ജീവിത സാഹചര്യങ്ങളെ സ്ഥിരോത്സാഹം കൊണ്ട് തരണം ചെയ്ത് പഠന മികവു കൊണ്ട് ഡിഗ്രിക്കും പിജിക്കും റാങ്കു നേടി വിജയിച്ച് ഗവേഷണപഠനത്തിലൂടെ ഡോക്ടറേറ്റ് നേടി വിദ്യാർത്ഥി-യുവജന-അദ്ധ്യാപ സംഘടനകളിലും പുരോഗമന സാഹിത്യപ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ച് കോളജ് അദ്ധ്യാപകനായും സർവകലാശാലാ അദ്ധ്യാപകനായും അമ്പതിലധികം പഠന ഗ്രന്ഥങ്ങളുടെ കർത്താവായും കോഴിക്കോട് സർവകലാശാലാ സെനറ്റിൽ വിദ്യാർത്ഥി പ്രതിനിധിയായും അദ്ധ്യാപക പ്രതിനിധിയായും കേരള - കണ്ണൂർ - എം ജി സർവകലാശാലകളിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായും സംസ്കൃതസർവകലാശാല അക്കാഡമിക് കൗൺസിൽ സിന്റിക്കേറ്റ് സമിതികളിലും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ഗവേണിങ്ങ് കൗൺസിൽ അംഗമായും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ വകുപ്പദ്ധ്യക്ഷനായും പ്രോ വൈസ് ചാൻ സലറായും ഒടുവിൽ വൈസ് ചാൻസലർ എന്ന പദവിയിലും പ്രശോഭിച്ച;അബൂദാബി ശക്തി അവാർഡ്, കെ.ദാമോദരൻ പുരസ്കാരം, സഹോദരൻ അയ്യപ്പൻ പുരസ്കാരം, കേരള സാഹിത്യ അക്കാദമി എന്റോവ്മെന്റ് പുരസ്കാരം, പാറ്റ് പണ്ഡിതശ്രേഷ്ഠ പുരസ്കാരം, ഏടി കോവൂർ പുരസ്കാരം, പരീക്ഷിത് തമ്പുരാൻ പുരസ്കാരം, ഭൂമി ക്കാരൻ അക്ഷരബന്ധു പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾക്ക് അർഹനായി കേരള സ്റ്റേറ്റ്ലൈ ബ്രറി കൗൺസിൽ സംസ്ഥാന പ്രസിഡന്റായും ഏപി ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ പ്രഥമ ഓംബുഡ്മാനായും കേരള വിദ്യാഭ്യാസ സമിതിയുടെ ചെയർമാനായും പ്രവർത്തിക്കുന്ന ഡോ. ധർമ്മരാജ് അടാട്ടിനെ വിദ്യാഭ്യാസ രംഗത്തേയും സാഹിത്യരംഗത്തേയും സമഗ്ര സംഭാവനകളെ പുരസ്കരിച്ച് ഭാരത് സേവക് സമാജ് ദേശീയ പുരസ്കാരം നൽകി ആദരിച്ചു. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവും ഗുൽസാരി നന്ദയും അമരക്കാരായി ആരംഭിച്ച ഭാരത് സേവക് സമാജിന്റെ ദേശീയ അദ്ധ്യക്ഷൻ ഡോ.ബി.എസ്.ബാലചന്ദ്രൻ ആടട ന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസ് ആഡിറ്റോറിയത്തിൽ വെച്ചു നടന്ന പ്രൗഢ ഗംഭീരമായ സദസ്സിൽ വെച്ചാണ് ഡോ. ധർമ്മരാജ് അടാട്ടിന് പുരസ്കാരം നൽകിയത്.

# പി.എം ശ്രീ പദ്ധതി കേരളത്തിൽ നടപ്പാക്കരുത് കേരള യുക്തിവാദി സംഘം

അശാസ്ത്രീയതയും ചിരിത്ര നിഷേധവും പ്രചരിപ്പിക്കുന്ന 2020 ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ നടത്തിപ്പിനും പ്രചരണത്തിനുമാ യുള്ള പി.എം ശ്രീ പദ്ധതി കേരളത്തിൽ നടപ്പാക്കരുതെന്ന് കേരള യുക്തിവാദി സംഘം സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. പി.എം ശ്രീയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുമെന്ന് ആമുഖത്തിൽ തന്നെ പറയുന്നുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾക്ക് അഞ്ചു വർഷം കൊണ്ട് ഒരു കോടി പത്തുലക്ഷം രൂപ വരെ 5 വർഷം കൊണ്ട് ലഭിക്കുമെന്നു പറയുന്നുണ്ടെങ്കിലും പദ്ധതി തുകയുടെ 40% സംസ്ഥാനമാണ് വഹിക്കേണ്ടത്. കേരളം കോടിക്കണക്കിന് രൂപ ചെലവഴിച്ച് വിദ്യാഭ്യാസരംഗത്ത് സ്വന്തമായി ആർജ്ജിച്ചെടുത്ത അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെയുള്ള മികവുകൾ തുച്ഛമായ സംഖ്യ ക്കു വേണ്ടി അടിയറവക്കാൻ പാടില്ല

പി.എം. ശ്രീ അംഗീകരിച്ചാൽ ദേശീയ വിദ്യാഭ്യാസനയപ്രകാരമുള്ള പാഠ്യപദ്ധതിയും കേന്ദ്ര പുസ്തകങ്ങളും പഠിപ്പിക്കേണ്ടിവരും. പദ്ധതിയുടെ മേൽനോട്ടവും നിയന്ത്രണവും കേന്ദ്ര ഏജൻസിക്കാകും എന്ന് പദ്ധതി നടത്തിപ്പിന്റെ

SIX PILLARS എന്ന തലക്കെട്ടിൽ എണ്ണമിട്ട് പറയുന്നുണ്ട്. ദേശീയ വിദ്യാഭ്യാസ നയമനുസരിച്ച് പരിഷ്കരിച്ച NCERT പാഠപുസ്തകങ്ങളിലെ ചരിത്ര വിരുദ്ധവും അശാസ്ത്രീയവുമായ പരാമർശങ്ങൾ നാം സമീപകാലത്ത് കണ്ടതാണ്. RSS ന്റെ പ്രധാന അജണ്ടയാണ് വിദ്യാഭ്യാസത്തെ മതവൽക്കരിക്കുക എന്നുള്ളത്. ചരിത്രത്തെയും ശാസ്ത്രത്തെയും തങ്ങളുടെ ദർശനത്തിനനുസരിച്ച് മാറ്റി എഴുതുക എന്നുള്ളത് ഇവരുടെ പരിപാടിയാണ്. 1903 ൽ റൈറ്റ് സഹോദരൻമാരാണ് വിമാനം കണ്ടു പിടിച്ചതെന്നതിനു പരം രാമായണ കാലത്താണ് വിമാനം കണ്ടു പിടിച്ചതെന്നും ആദ്യത്തെ ബഹിരാകാശസഞ്ചാരി ഹനുമാനാണെന്നും കുട്ടികൾ പഠിക്കേണ്ടി വരും. ഗാന്ധിവധം, ഗുജറാത്ത് കലാപം,മുഗൾ ഭരണകാലം ഒന്നും പാഠ പുസ്തകത്തിലുണ്ടാകില്ല. സ്വാതന്ത്ര്യസമരചരിത്രം വികൃതമാകും. 1300 ഓളം കോടി രൂപക്കു വേണ്ടി ഇത്തരം അസംബന്ധങ്ങൾ കുട്ടികളെ പഠിപ്പിക്കുന്ന പദ്ധതി യിൽ നിന്നും ഗവൺമെന്റ് പിൻതിരിയണം.പി.എം. ശ്രീ സ്കൂളുകളുടെ നിയന്ത്രണം ഒരിക്കലും സംസ്ഥാനത്തിന് ആയിരിക്കുകയില്ല. പൊതുവിദ്യാഭ്യാസരംഗത്ത് രണ്ട് തരം വിദ്യാലയങ്ങൾ സൃഷ്ടിക്കപ്പെടുന്ന പി.എം. ശ്രീ പാഠ്യ പദ്ധതി കേരളം സ്വീകരിക്കരുതെന്ന് കേരള യുക്തിവാദി സംഘം സംസ്ഥാന കമ്മിറ്റി ആവശ്യപ്പെടുന്നു.

**ഗംഗൻ അഴീക്കോട്**
സംസ്ഥാന പ്രസിഡണ്ട്

**ടി.കെ. ശക്തീധരൻ**
ജനറൽ സെക്രട്ടറി

# ധനുവച്ചപുരം സുകുമാരന് ദേശീയ പുരസ്കാരം

തിരുവനന്തപുരം: കഴിഞ്ഞ 50 വർഷമായി ധനുവച്ചപുരം സുകുമാരൻ ചെയ്തുവന്ന ശാസ്ത്രാവബോധ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഭാരത് സേവക സമാജ് ദേശീയ പുരസ്കാരം നൽകി ആദരിച്ചു. ഒക്ടോബർ 13ന് തിരുവനന്തപുരത്തെ ബി എസ് എസ് റീജിയണൽ ആസ്ഥാനത്തുള്ള സംസ്കാര ഓഡിറ്റോറിയത്തിൽ വച്ച് നടന്ന അവാർഡ് വിതരണം ദേശീയ അധ്യക്ഷൻ ഡോ ബി എസ് ബാലചന്ദ്രൻ നിർവഹിച്ചു. ദേശീയ പുനരുജ്ജീവനത്തിനും സാമൂഹ്യവികസനത്തിനും വേണ്ടി പ്രവർത്തിക്കുന്നവർക്ക് 1952 മുതൽ ഇന്ത്യ ഗവൺമെന്റിന്റെ ആസൂത്രണ കമ്മീഷൻ നിർദ്ദേശം അനുസരിച്ച് ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പ്രസിഡണ്ടായി പ്രവർത്തനം ആരംഭിച്ച ദേശീയ ഏജൻസിയാണ് ഭാരത് സേവക് സമാജ്.

ധനുവച്ചപുരം സുകുമാരൻ നേതൃത്വം നൽകുന്ന എടി കോവൂർ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ വിദ്യാർഥികളുടെ പഠനത്തിനായി ഇതുവരെ 180 മൃതശരീരങ്ങളും, ചികിത്സ ആവശ്യത്തിനായി 350 ജോഡി കണ്ണുകളും കേരളത്തിലെ മെഡിക്കൽ കോളേജുകൾക്കും/ കണ്ണാശുപത്രികൾക്കും ദാനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് അതുപോലെ സമൂഹത്തിൽ ശാസ്ത്രാവബോധവും മാനവികതയും പ്രചരിപ്പിക്കുന്നവർക്ക് സുകുമാരൻ നേതൃത്വം നൽകുന്ന എ ടി കോവൂർ ട്രസ്റ്റ് പ്രതിവർഷം എടി കോവൂർ അവാർഡ്, സിജി ജയശങ്കർ അവാർഡ്, കല്ലമ്പലം വിശ്വംഭരൻ അവാർഡ് (10000 രൂപയും പ്രശസ്തി പത്രവും മെമന്റോയും അടങ്ങുന്നതാണ് അവാർഡ്) എന്നിവ നൽകി ആദരിക്കുന്നു. ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പ്രതിവർഷം 45 വിദ്യാർഥികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും പുസ്തക കിറ്റും നൽകിവരുന്നു.

ശരീരദാനം അവയവദാനം നേത്രദാനം ഇവ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ 11 വർഷമായി തൃശ്ശൂർ കേന്ദ്രീകരിച്ച് സംസ്ഥാനതല ക്യാമ്പയിൻ പ്രവർത്തനം നടത്തിവരുന്നു. തൃശ്ശൂർ നെല്ലായി യിലെ ടി യു പൗലോസ് ഏർപ്പെടുത്തിയ അവാർഡ് തുക കൊണ്ടും പൊതുജനങ്ങളുടെ സഹായം കൊണ്ടും ആണ് ഈ പരിപാടി നടപ്പിലാക്കുന്നത്.



# ശാസ്ത്ര ബോധം ഇല്ലാതാകുമ്പോൾ അന്ധവിശ്വാസം വർദ്ധിക്കുന്നു.

പ്രൊ. സി. രവീന്ദ്രനാഥ്

**കേരളത്തിൽ** നവ നവോത്ഥാനം ഉണ്ടാകേണ്ടതുണ്ടെന്ന് മുൻ വിദ്യാഭ്യാസ മന്ത്രി പ്രൊഫ .സി.രവീന്ദ്രനാഥ് പറഞ്ഞു. യുക്തിയും സമതുലനതയും ഒന്നാകുമ്പോഴാണ് മാനവികത ഉദയം ചെയ്യേണ്ടത്. ഇതുതന്നെയാണ് ശാസ്ത്രാവബോധം. ഇതു തിരിച്ചു പിടിക്കുന്ന നവ നവോത്ഥാനം സംഭവിച്ചേ മതിയാകൂ. രവീന്ദ്രൻ മാഷ് പറഞ്ഞു. സാഹിത്യകാരനും യുക്തിവാദിയുമായിരുന്ന പവനന്റെ ജന്മ ശതാബ്ദി.ആഘോഷങ്ങളുടെ സംസ്ഥാനതല ആഘോഷ സമാപന സമ്മേളനം കേരള യുക്തിവാദിസംഘത്തിന്റെ ആഭിമുഖ്യത്തിൽ തൃശൂർ കേരള സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളയുക്തിവാദിസംഘം സംസ്ഥാന പ്രസിഡണ്ട് ഗംഗൻ അഴീക്കോടു് ആദ്ധ്യക്ഷത വഹിച്ചു.

ജന്മശതാബ്ദിയോടനുബന്ധിച്ച് നടത്തിയ പ്രബന്ധമത്സരത്തിൽ സമ്മാനാർഹരായവർക്കുള്ള സമ്മാനങ്ങൾ കാലടി സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ.ധർമ്മരാജ് അടാട്ട് വിതരണം ചെയ്തു. പവനന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ എന്ന വിഷയത്തിൽ ഡോ.പി.വി. കൃഷ്ണൻ നായർ, പവനന്റെ സാഹിത്യ സംഭാവനകൾ എന്ന വിഷയത്തിൽ എം.പി. സുരേന്ദ്രൻ, ഹിന്ദുത്വരാഷ്ട്രീയം പവനനെ പുനർവായിക്കുമ്പോൾ എന്ന വിഷയത്തിൽ എം പി.സുരേന്ദ്രൻ, ഹിന്ദുത്വ രാഷ്ട്രീയം പവനനെ പുനർ വായിക്കുമ്പോൾ എന്ന വിഷയത്തിൽ ഡോ സി.പി. അബൂബക്കർ, ഓർമ്മകളിൽ പവനൻ എന്ന വിഷയത്തിൽ സി.പി ശ്രീരേഖ ,സംഘചരിത്രം പവനനിലൂടെ എന്ന വിഷയത്തിൽ അഡ്വ കെ .എൻ .അനിൽകുമാർ, സാംസ്കാരിക വിമർശനത്തിലെ മാതൃകാ വ്യക്തിത്വം എന്ന വിഷയത്തിൽ ഇ.ഡി ഡേവീസ് , നവമാധ്യമങ്ങളും സ്ത്രീകളും എന്ന വിഷയത്തിൽ ലിബിൻ സി. എസ്, കേരളീയ പൊതുമണ്ഡലവും പവനൻ എന്ന പ്രക്ഷോഭകാരിയും എന്ന വിഷയത്തിൽ പൂനം റഹിം, പവനനും യുക്തിരേഖയും എന്ന വിഷയത്തിൽ ധനവച്ചപുരം സുകുമാരൻ, പവനന്റെ നിലപാടുകൾ എന്ന വിഷയത്തിൽ അഡ്വ. രാജഗോപാൽ വാകത്താനം എന്നിവർ പ്രഭാഷണം നടത്തി. കേരളയുക്തിവാദിസംഘം സംസ്ഥാനജനറൽ സെക്രട്ടറി ടി.കെ ശക്തീധരൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി സന്തോഷ് മാനവം നന്ദിയും പറഞ്ഞു.

## നവംബറിന്റെ നഷ്ടം - 5

# എം.പി. സദാശിവൻ

### ഏഷ്യയിലെ ഏറ്റവും വലിയ വിവർത്തകൻ

16000 പേജുകളിലായി 60 പുസ്തകങ്ങൾ പൂർത്തിയായപ്പോൾത്തന്നെ ലിംകാ ബുക്ക് ഓഫ് റെക്കാർഡ്സിൽ ഇടം നേടി. റുഡ്യാർഡ് കിപ്ളിംഗിന്റെ ജംഗിൾ ബുക്കിന്റെ പരിഭാഷക്ക് സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡ് ലഭിച്ചു.

സെയിൽ സിംഗ്, കെ. ആർ. നാരായണൻ, ഏ.പി.ജെ. അബ്ദുൾ കലാം എന്നീ മൂന്ന് ഇൻഡ്യൻ പ്രസിഡന്റുമാരുടെ ആത്മകഥകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. (സ്വന്തം പുസ്തകങ്ങൾ 23, വിവർത്തന ഗ്രന്ഥങ്ങൾ 115)

ടി.എൻ.ശേഷന്റെ ദി ഡി ജനറേഷൻ ഓഫ് ഇന്ത്യയുടെ ഒറിജിനൽ ഇംഗ്ലീഷിൽ 3000 കോപ്പി വിറ്റപ്പോൾ അതിന് സദാശിവൻ ചെയ്ത മലയാളം പരിഭാഷ ചെലവായത് 30000 കോപ്പിയാണ്

ഇദ്ദേഹം ഏ.ജീസ് ഓഫീസിൽ നിന്നും റിട്ടയർ ചെയ്ത സീനിയർ ഓഡിറ്റ് ഓഫീസറാണ്. കേരള യുക്തിവാദി സംഘത്തിന്റെ ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, സംസ്ഥാന സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. യുക്തി രേഖ പത്രാധിപരായിരുന്നു. മാസികയിൽ അദ്ദേഹം പതിവായി എഴുതിയ പ്രതിമാസരേഖകൾ വിവാദങ്ങൾക്കതീതവും സംവാദാത്മകവുമായിരുന്നു. അവ ഓരോ ലക്കത്തിലും യുക്തിവാദികൾക്കിടയിലെ സൗഹൃദങ്ങൾക്ക് കോട്ടം തട്ടാത്ത വിധം സൂക്ഷ്മത പാലിച്ച് മാതൃകയായി.







34-ാം സംസ്ഥാന സമ്മേളന ലോഗോ ഡോ പി കെ ഗോപൻ പ്രകാശനം ചെയ്യുന്നു.




കേരള യുക്തിവാദി സംഘം കണ്ണൂർ ജില്ലാ സമ്മേളനം അജിത് കൊളാടി ഉദ്ഘാടനം ചെയ്യുന്നു.

## ഭാരത് സേവക് പുരസ്കാരം







ഭാരത് സേവക് സമാജ് ദേശീയ പ്രസിഡന്റ് **ഡോ.ബി.എസ്.ബാലചന്ദ്രനിൽ** നിന്നും
ഭാരത് സേവക് പുരസ്കാരം **ഡോ. ധർമ്മരാജ് അടാട്ട്, ധനുവച്ചപുരം സുകുമാരൻ** എന്നിവർ സ്വീകരിക്കുന്നു.

RN 44581/83
Published on 5th November 2025

YUKTHIREKHA MONTHLY

VOL. 40 ISSUE 3
2025 NOVEMBER RS. 25/-

# മതങ്ങൾ മണ്ണടിയട്ടെ...
# മനുഷ്യർ ഒന്നാകട്ടെ...



## കേരള യുക്തിവാദിസംഘം

# 34-ാം സംസ്ഥാന സമ്മേളനം



**കൊല്ലം 2026 ജനുവരി 9-11**

ഉദ്ഘാടനം :

**തസ്ലീമ നസ്റീം**

ബംഗാദേശ് എഴുത്തുകാരി

**പ്രതിനിധി സമ്മേളനം, ദേശീയ സെമിനാർ**
**സാംസ്കാരിക സമ്മേളനം, ഫോട്ടോ പ്രദർശനം, കലാപരിപാടികൾ**
**സംവാദം, സാംസ്കാരിക ജാഥ, പൊതുസമ്മേളനം**

ഫോൺ : 9074690516, 9446909743

Printed and Published by T.K. Saktheedharan for and on behalf of State Committee of Kerala Yukthivadi Sanghom &
Printed at Oruma Printers & Publishers Ltd, Chiyaram P.O, Thrissur - 680026 and
published at Kerala Yukthivadi Sanghom, Pavanan Centre, Elthuruthu P.O, Thrissur - 680 611, Kerala, Editor: Iringal Krishnan